# നേതാക്കന്മാരുടെ നേതാവ്

ഫാ. സർഗീസ്സ്. സി.എം.ഐ



/232
BAR

# നേതാക്കന്മാരുടെ നേതാവ്

DEEPIKA BOOK HOUSE
KOTTAYAM

# നേതാക്കന്മാരുടെ നേതാവ്

ഫാ. സർഗീസ് സി. എം. ഐ.

16153

പ്രസാധകർ

ദീപിക ബുക്ക ഹൗസ്
ശാസ്ത്രി റോഡ്
കോട്ടയം 686001
വില ക. 5.00

M/232
SAR

(Malayalam)

**NETHAKKANMARUDE NETHAVE**

By. Fr. SARGHESE C. M. I.

First Edition January 1972
Second Edition April 1978
Copies 1000
Copy Right Reserved
Price Rs. 5.00
Printed at PRESSMAN Kottayam
Published by. DEEPIKA BOOK HOUSE
SHASTRI ROAD
KOTTAYAM- 686001.

# അവതാരിക

'മഹാപുരുഷന്മാരുടെ ജീവചരിത്ര സമാഹാരമാണു് ചരിത്രം' എന്നു പ്രസിദ്ധ സാഹിത്യകാരനായ കാർലൈൽ പറഞ്ഞിട്ടുണ്ടു്. ഈ അഭിപ്രായം അതേപടി അംഗീകരിക്കുക സാദ്ധ്യമല്ലെങ്കിലും, മഹാപുരുഷന്മാർ ചരിത്രം സൃഷ്ടിക്കുകയും ചരിത്രത്തിൻെറ ഗതിവിഗതികൾ നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു നിസ്തർക്കമാണു്. സാമൂഹിക സാംസ്കാരിക ധാർമ്മിക രാഷ്ട്രീയമണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചു് മനുഷ്യരാശിയുടെ ഭാഗധേയം നിർണ്ണയിച്ചിട്ടുള്ള സവിശേഷവ്യക്തികളാണവർ. അവരുടെ ജീവിതകഥകൾക്കു് ചരിത്രത്തിൽ സുപ്രധാനമായൊരു സ്ഥാനമുണ്ടു്. മഹനീയമായ മാതൃകയും വിവേകപൂർവ്വമായ നേതൃത്വവുംകൊണ്ടു് തങ്ങളുടേയും മററുള്ളവരുടേയും ജീവിതം ധന്യമാക്കിയ മഹാത്മാക്കൾക്കു് ചരിത്രത്തിൻെറ താളുകളിൽ ചിരപ്രതിഷ്ഠ ലഭിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല.

ചില മഹാപുരുഷന്മാരുടെ നേതൃത്വവും സ്വാധീനവും ഒരു രാജ്യത്തിൻേറയോ പ്രദേശത്തിൻേറയോ പരിധികളിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. മററു ചിലരുടെ സ്വാധീനശക്തി ഒരു പ്രത്യേകകാലഘട്ടത്തിനപ്പുറം വ്യാപരിച്ചില്ലെന്നു വരാം. സമസ്തലോകങ്ങൾക്കും നേതൃത്വം നല്കാനും, യുഗയുഗാന്തരങ്ങളിലൂടെ എല്ലാ തലമുറകളേയും സ്വാധീനിക്കാനും അപൂർവ്വം ചിലർക്കു മാത്രമേ കഴിഞ്ഞിട്ടുള്ളു. മതസ്ഥാപകന്മാർ, തത്വചിന്തകന്മാർ, മഹാപ്രസ്ഥാനങ്ങളുടെ പ്രണേതാക്കൾ തുടങ്ങിയവരെ ഈ ചിരംജീവികളുടെ ഗണത്തിൽ ഉൾപ്പെടുത്താമെന്നു തോന്നുന്നു. വിശ്വവന്ദ്യരായ ഈ ലോകാചാര്യന്മാരെപ്പററി പറയുമ്പോൾ യേശുക്രിസ്തു, ഗൌതമബുദ്ധൻ, എബ്രാഹം ലിങ്കൺ, മഹാത്മജി തുടങ്ങിയവരുടെ പേരുകളാണു്

ആദ്യമായി നമ്മുടെ ഓമ്മയിലെത്തുക. ഇതിൽ സവ്വ പ്രകാരേണയും പ്രഥമസ്ഥാനത്തിനർഹമായ പൂജ്യനാമം ക്രിസ്തുനാഥൻേറതാണെന്നുള്ളതു് ഒരു വിവാദവിഷയമേ അല്ല.

മഹാനായ നെപ്പോളിയൻ ഒരിക്കൽ പറയുകയുണ്ടായി: ''അലക്സാണ്ഡർ ഒരു സാമ്രാജ്യം സ്ഥാപിച്ചു; അതു തകൎന്നുപോയി, ജൂലിയസ്സ്സീസർ വെട്ടിപ്പിടിച്ച മഹത്തായ റോമ്മാസാമ്രാജ്യവും നാമാവശേഷമായി. ഞാനും ഒരു സാമ്രാജ്യം സ്ഥാപിച്ചിട്ടുണ്ടു്; തീർച്ചയായും അതും കഥാവശേഷമാകും. എന്നാൽ ക്രിസ്തു ഒരു സാമ്രാജ്യം സ്ഥാപിച്ചിട്ടുണ്ടു്. അതു് ഒരുകാലത്തും തകൎന്നുപോവുകയില്ല''. നെപ്പോളിയൻെറ പ്രവചനം അക്ഷരശ്ശഃപരമാത്ഥമാണെന്നുള്ളതിനു് ചരിത്രം സാക്ഷിയാണു്.

എത്രയോ രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും തകൎന്നടിഞ്ഞുപോയി! പക്ഷേ ക്രിസ്തുവിൻെറ സാമ്രാജ്യമാകട്ടെ നൂററാണ്ടുകളെ അതിജീവിച്ചു്, സമസ്തലോകങ്ങളുടേയും വിസ്മയപാത്രമായി വിരാജിക്കുന്നു! ലോകാവസാനം വരെ നിലനില്ക്കുമെന്നു ക്രിസ്തുനാഥൻതന്നെ പ്രവചിച്ചിട്ടുള്ളതാണു്. ക്രിസ്തു സ്ഥാപിച്ച സാമ്രാജ്യത്തിൻെറ ഭദ്രതയ്ക്കുറപ്പു വരുത്തുന്ന ശക്തികരം ലൗകികമല്ല. അലൗകികമാണു്—ദൈവികമാണു്.

മനുഷ്യൻെറ സിദ്ധികളും കഴിവുകളും എത്രതന്നെ മികച്ചവയായിരുന്നാലും അവയ്ക്കു പരിധികളും പരിമിതികളുമുണ്ടു്. അവ ഒരിക്കലും പരിപൂണ്ണത പ്രാപിക്കുന്നില്ല. പൂണ്ണത എന്ന അവസ്ഥ ദൈവത്തിൽ മാത്രമാണു് നാം കണ്ടെത്തുന്നതു്. പൂണ്ണമായ മനുഷ്യത്വവും സവ്വാതിശായിയായ ദൈവത്വവും ക്രിസ്തുവിൽ ലോകം കണ്ടെത്തി. അവിടുന്നു ഗുരുക്കന്മാരുടെ ഗുരുവും, നേതാക്കന്മാരുടെ നേതാവും, രാജാക്കന്മാരുടെ രാജാവും എല്ലാ നന്മകളുടേയും വിളനിലവുമായിരുന്നു. ദൈവവും മനുഷ്യനുമായ ക്രിസ്തു യുഗങ്ങളുടെ വ്യാഖ്യാതാവും നിയന്താ

വുമാണെന്ന സത്യം അനുസ്മരിക്കുന്നവക്ക് ഇതിൽ ദുർഗ്രഹമായി യാതൊന്നുമില്ലതന്നെ.

ക്രിസ്തുവിൻെറ ജീവചരിത്രംപോലെ അത്ഭുതാവഹമായ മററൊരു ചരിത്രവും ഇന്നോളം എഴുതപ്പെട്ടിട്ടില്ല. അവിടുത്തെ ഉപദേശങ്ങരംപോലെ ഉൽകൃഷ്ടമായ മററൊരുപദേശവും ഇതുവരെ ലോകത്തിനു് ലഭിച്ചിട്ടില്ല. നെപ്പോളിയനേയും എബ്രാഹംലിങ്കണേയും ഗാന്ധിജിയേയും ആവേശഭരിതരാക്കിയ അവിടുത്തെ പ്രബോധനങ്ങരം ലോകം ഉരുവിട്ടു പഠിയ്ക്കുകയാണു്. വിശ്വസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ ആയിരമായിരം ഗ്രന്ഥതല്ലജങ്ങരംക്കു് അവ ജന്മമരുളി. പ്രപഞ്ചത്തിൻെറ നിഗൂഢതകരം വിശദീകരിക്കുന്ന ശാസ്ത്രജ്ഞന്മാക്കും, മനുഷ്യജീവിതത്തെ വ്യാഖ്യാനിക്കുന്ന ദാശിനികന്മാക്കും, പ്രപഞ്ചമഹിമാവിനെ വാഴ്ത്തിപ്പാടുന്ന മഹാകവികരംക്കും, പ്രകൃതിഭംഗി ക്യാൻവാസിൽ പകത്തി നിർവൃതി നുകരുന്ന ചിത്രകാരന്മാക്കും പ്രചോദനം പകന്നുകൊടുക്കുന്ന വററാത്ത തെളിനീരുറവകളാണു് ക്രിസ്തുവിൻെറ പ്രബോധനങ്ങരം.

ക്രിസ്തുവിനെ പ്രകീത്തിക്കാത്ത ജനതകളോ ഭാഷകളോ ഭൂമുഖത്തില്ല. അവിടുത്തെപ്പററി എഴുതപ്പെട്ടിട്ടുള്ള കൃതികരം എത്രയെന്നു് നിണ്ണയിക്കുക മനുഷ്യസാദ്ധ്യമല്ല. ഇന്നോളം എഴുതപ്പെട്ടിട്ടുള്ളവയിൽവെച്ചു് ഏററവും അത്ഭുതകരമായ'കഥ'എന്നാണു് ക്രിസ്തുനാഥചരിതത്തെ മഹത്തുക്കരം വിശേഷിപ്പിച്ചിട്ടുള്ളതു്. മലയാളത്തിലും ഒട്ടേറെ ഗ്രന്ഥങ്ങരം ക്രിസ്തുവിനെപ്പററി എഴുതപ്പെട്ടിട്ടുണ്ടു്. അതിൽ ഏററവും ഒടുവിലത്തേതാണു് ''നേതാക്കന്മാരുടെ നേതാവു്'' എന്ന അഭിധാനത്തിൽ ഫാദർ സഗ്ഗീസ് സി. എം. ഐ. പരിഭാഷപ്പെടുത്തിയിട്ടുള്ള ഈ കൊച്ചു പുസ്തകം.

ക്രിസ്തുനാഥൻെറ ദിവ്യോപദേശങ്ങളേയും നേട്ടങ്ങളേയുംപററിയുള്ള സമഗ്രമായ ഒരു പഠനമാണു് ഈ

സൽഗ്രന്ഥത്തിൻെറ ഉള്ളടക്കം. ക്രിസ്തുവിനെ നേതാക്കന്മാരുടെ നേതാവായി, അദ്വിതീയനേതാവായി ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. കേവലം ഒരു കഥാകഥനമല്ല ഗ്രന്ഥകാരൻ ഇവിടെ നടത്തിയിരിക്കുന്നതു്. ക്രിസ്തുനാഥൻെറ ജീവിതത്തേയും പ്രബോധനങ്ങളേയും ആസ്പദിച്ചുള്ള ഒരു തത്വവിചാരംകൂടിയാണിതു്. സുവിശേഷ ഗ്രന്ഥങ്ങൾ പഠിക്കാനാഗ്രഹിക്കുന്നവക്കു് ഒരു പ്രവേശികയായും, പഠിച്ചുകൊണ്ടിരിക്കുന്നവക്കു് ഒരു പഠനസഹായിയായും ഈ ഗ്രന്ഥം ഉപകാരപ്പെടും. ക്രൈസ്തവക്കു മാത്രമല്ല, ധാമ്മികമൂല്യങ്ങളിലും ആദ്ധ്യാത്മികോൽക്കർഷത്തിലും അഭിനിവേശവും ആഭിമുഖ്യവുമുള്ള ആക്കും ഈ ഗ്രന്ഥം ഒരു വിലപ്പെട്ട നിധിയായിരിക്കും.

ധ്യാനനിരതനായ ഒരു ആശ്രമവാസിയാണു് ഈ പരിഭാഷകൻ. ഒരു പഠനം എന്നതിലേറെ പല ഗ്രന്ഥകാരന്മാരുടെ നിരന്തരമായ ധ്യാനത്തിൻെറ ബഹിഃസ്ഫുരണമാണു് ഈ ഗ്രന്ഥതല്ലജമെന്നു് പറയുന്നതാണു് കൂടുതൽ ശരിയായിട്ടുള്ളതു്. അവാച്യമായ ആദ്ധ്യാത്മികാനുഭൂതികളുടെ നിഴലാട്ടം ഈ ഗ്രന്ഥത്തിൽ ഉടനീളം നമുക്കു കാണാം. പരിഭാഷകനോടൊപ്പം ചിന്തിക്കാനും ധ്യാനിക്കാനും അനുവാചകരേയും പ്രേരിപ്പിക്കുന്ന മാസ്മരിക ശക്തിപ്രഭാവംകൊണ്ടു് ഈ ഗ്രന്ഥം അനുഗൃഹീതമാണു്.

ആധുനികലോകത്തിനു് ഏററവും കൂടുതൽ ആവശ്യമായിരിക്കുന്നതു് ആദ്ധ്യാത്മികമായ ഒരു നവോത്ഥാനമാണു്. സുനിശ്ചിതമായ ഒരു ലക്ഷ്യം മനുഷ്യജീവിതത്തിനുണ്ടു്. മനുഷ്യരാശിയേ ആ ലക്ഷ്യത്തിലേക്കു് നയിക്കുവാൻ ക്രിസ്തുവിനു മാത്രമേ കഴിയുകയുള്ളു. അവിടുന്നു നേതാക്കന്മാരുടെ നേതാവാണു്. പൂണ്ണത പ്രാപിച്ച ഒരേയൊരു മനുഷ്യൻ. അനിഷേദ്ധ്യമായ ഈ നിത്യസത്യം ചേതസ്സാകർഷകമാംവിധം അവതരിപ്പിക്കുന്ന ഈ കൊച്ചുഗ്രന്ഥം സഹർഷം സ്വാഗതം ചെയ്യു

LIBRARY
46153

പ്പെട്ടമെന്നുള്ളതിൽ സംശയത്തിനവകാശമില്ല. പരിഭാഷകനും ഗ്രന്ഥത്തിനും സവ്വവിധമായ മംഗളങ്ങളും ആശംസിച്ചുകൊണ്ടും, നേതാക്കന്മാരുടെ നേതാവായ ക്രിസ്തുനാഥൻെറ സമൃദ്ധമായ അനുഗ്രഹാശിസ്സുകരം ഇതു വായിക്കുന്ന ഏവക്കും ലഭിക്കുമാറാകട്ടെ എന്നു പ്രാത്ഥിച്ചുകൊണ്ടും ഈ സൽഗ്രന്ഥം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

Sebastian Vayalil
(Bishop of Palai)

മെത്രാസനമന്ദിരം, പാലാ
29—9—1971.

## നേതാവാകാൻ
## ജന്മമെടുത്തവൻ

നസ്രസിലെ ക്രിസ്തുവിൻെറ നിസ്തുലമായ വ്യക്തിപ്രഭാവം ചരിത്രത്തിൽ അദ്വിതീയമത്രെ. അദ്ദേഹം നേതാവാകാൻ വേണ്ടി ജനിച്ചവരിൽ അഗ്രഗണ്യനാണ്. മററുള്ളവരെ നയിക്കുവാനായി ജന്മമെടുക്കുന്ന മനുഷ്യൻ ദൃശ്യമായവിധം മററുള്ളവരുടെ മേൽ അധികാരം ചെലുത്തുന്നില്ലെങ്കിലും അയാളിലുള്ള അദൃശ്യമായ ഒരു വശ്യശക്തിക്കു് മററുള്ളവർ വഴങ്ങുന്നതു് നമുക്കു് കാണാൻ കഴിയും.

ക്രിസ്തു ജന്മനാ ഒരു നേതാവാണു്. എക്കാലവും ആവേശഭരിതരായ ഒരു ശിഷ്യസമൂഹം അദ്ദേഹത്തിനുണ്ടു്. അവരുടെ മേൽ അതിശക്തമായ, അനിഷേധ്യമായ, ഒരു വശ്യശക്തി അദ്ദേഹം ചെലുത്തുന്നുമുണ്ടു്. ഒരു ആദർശവാദിക്കു് അതിവിസ്തൃതമായ ഒരന്തരീക്ഷം കാണിച്ചുകൊടുത്തു. സാമൂഹ്യസമുദ്ധാരകർക്കു് അവിടുത്തെ ദിവ്യവചസ്സുകൾ മാർഗ്ഗനിർദ്ദേശം നൽകി. മനുഷ്യസ്വാതന്ത്ര്യത്തിനു് വിലങ്ങു തടിയായി ഉയർന്നുവരുന്ന വിരുദ്ധശക്തികളെ നേരിടുന്ന പലരും തങ്ങളുടെ നിലപാടിനെ നീതീകരിക്കുവാൻ ക്രിസ്തുവിൻെറ വാക്കുകളും മാതൃകകളുമാണു് അവലംബമായി കരുതുന്നതു്.

യേശു ആവേശഭരിതരായ അനുയായികളാൽ അനുസൃതം വലയിതനായ ഒരു സ്വാഭാവിക നേതാവാകുന്നു. എല്ലാ വംശപരമ്പരകളിലും, നഖശിഖാന്തം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഒരു ശിഷ്യവൃന്ദം അദ്ദേഹത്തിനുണ്ടു്. വിശാലവീക്ഷകരായ ആദർശസമ്പന്നന്മാർക്കു് അ

ദ്ദേഹം അതിവിസ്തൃതമായ ഒരന്തരീക്ഷം തുറന്നുകൊടുത്തു. അദ്ദേഹത്തിൻെറ പ്രഭാഷണങ്ങൾ, സമുദായോദ്ധാരകർക്ക് മാർഗ്ഗനിർദ്ദേശം നല്കുവാൻ മതിയായവയായിരുന്നു. ന്യായമായ മനുഷ്യസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന നിയമനിർമ്മാതാക്കളോടു നേരിടേണ്ടവർ, സ്വവാദമുഖങ്ങൾക്കു പിൻബലം കൊടുക്കുന്ന, നീതിയുക്തമായ പ്രബോധനങ്ങളും, മാതൃകകളും യേശുവിൽനിന്നുദ്ധരിച്ചു്; എതിരാളികളെ പ്രതിഷേധിച്ചിരുന്നു. കവികളും സൗന്ദര്യാരാധകന്മാരും, സാഹിത്യകാരന്മാരും, ക്രിസ്തുവിൻെറ ഉപമകളും, അന്യാപദേശങ്ങളും അവതരിപ്പിച്ചുകൊണ്ടു്, അവരുടെ സുന്ദരസൃഷ്ടികൾക്കും, കാവ്യാലങ്കാരാദികൾക്കും ഹൃദയാവർജ്ജകത്വവും, മനോഹാരിതയും പകർന്നുകൊടുത്തു. ക്രിസ്തുവിൻെറ ജീവിതവും, പ്രവർത്തനങ്ങളും, സുവിശേഷങ്ങൾ പ്രകീർത്തിക്കുന്നതുപോലെ, നാം ധ്യാനിക്കുകയും, പഠിക്കുകയും ചെയ്താൽ, അസംഖ്യങ്ങളും. അകൃത്രിമമനോഹരങ്ങളുമായ പ്രകൃതിദൃശ്യങ്ങൾ, പ്രേക്ഷകദൃഷ്ടിക്കു വിഷയീഭവിക്കുംപോലെ, ക്രിസ്തുവിൻെറ അത്യഗാധമായ അധിനായകത്വത്തിൻെറ മഹത്ത്വവും ഹൃദാകർഷികുന്ന നിസ്തുല വ്യക്തിപ്രഭാവവും നമുക്കു ദൃശ്യമാകുന്നതാണു്.

യേശു ഈ ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ദൃശ്യമായ ലോകത്തെ സമൂലം പരിവർത്തനം ചെയ്യിക്കത്തക്ക വിധം അദ്ദേഹത്തിൻെറ സ്വാധീനശക്തി അജയ്യവും, ഫലദായകവുമായിരുന്നു. അതുകൊണ്ടു തന്നെയാണു്, അനന്തരകാലം അദ്ദേഹത്തിൻെറ സ്മരണയെ നിലനിറുത്തിക്കൊണ്ടു്, 'ക്രൈസ്തവകാലം' അഥവാ 'ക്രിസ്തുവർഷം' എന്നു വിളിക്കപ്പെടുന്നതു്. അതെ, ഏതാണ്ടു് രണ്ടായിരക്കൊല്ലമായെങ്കിലും, നാളതുമുതൽ നാളിതുവരെ ആർക്കും ശക്യമാകാത്തവിധം ക്രിസ്തുവായ യേശു ലോകത്തെ നയിച്ചുകൊണ്ടിരുന്നു.

എന്നിരുന്നാലും ക്രിസ്തുവിൻെറ നേതൃത്വവും. സന്ദേശവും, വേണ്ടപോലെയും, അതായിരിക്കേണ്ട വിധത്തി

ലും അനുധാവനം ചെയ്യപ്പെടുന്നില്ലയെന്നുള്ളതു് പ്രസ്താവ്യമായ ഒരു ദു:ഖസത്യം തന്നെയാണു്. ഈ അദ്വിതീയ നേതാവിൻെറ മഹനീയ നേതൃത്വവും, പ്രബോധനങ്ങളും, ആഗോളവ്യാപകമായി അനുഗമിക്കപ്പെട്ടിരുന്നുവെങ്കിൽ ഇന്നു നാം കാണുന്ന ഉച്ചനീചത്വങ്ങൾ തുത്തെറിയപ്പെട്ടമായിരുന്നുവെന്നു് നിസ്സന്ദേഹം പറയാം. ക്രിസ്തു ലോകത്തെ ഉദ്ധരിക്കുവാൻ വിധിച്ചിരിക്കുന്ന സമരായുധം യുദ്ധവും, ബലപ്രയോഗവുമല്ല. പ്രത്യുത സ്നേഹവും ത്യാഗവും, പ്രാൎത്ഥനയും പ്രായശ്ചിത്തവുമാണു്. എന്നാൽ ഇന്നത്തെ ലോകം വെമ്പൽകൊള്ളുന്നതു്, മാരകായുധങ്ങൾ കൂടുതൽ കൂടുതൽ സംഭരിക്കുവാനും, ബലപ്രയോഗത്തിലൂടെ രക്തരൂഷിതമായ വിപ്ലവം സൃഷ്ടിച്ചു്, ജീവാഹുതിയും, മാനഹാനിയും, വസ്തുനാശവും വരുത്തി, സാമ്രാജ്യസീമകളെ വിസ്തൃതമാക്കാനും, സ്വന്തമായി സുഖാനുഭൂതിയിൽ ലയിക്കാനുമാണു്. അതിനു കടകവിരുദ്ധമായി ക്രിസ്തു പ്രഘോഷിക്കുന്നു, സ്വന്തം പ്രാണഹാനി നേരിട്ടാലും സഹോദരസ്നേഹത്തിനു വിരുദ്ധമായി യാതൊന്നും ചെയ്യരുതെന്നു്. നാം സ്വൎഗ്ഗസ്ഥനായ പിതാവിൻെറ ഓമനമക്കളാണു്; പരസ്പരം ത്യാഗപൂൎവ്വം സ്നേഹിപ്പാൻ കടപ്പെട്ടവരാണു്. സത്യത്തിനുവേണ്ടി, സന്മാൎഗ്ഗത്തിനുവേണ്ടി, പ്രതിയോഗിയുടെമേൽ, ഒരു പൂഴി കിള്ളിയിട്ടെങ്കിലും ഉപദ്രവിക്കരുതു്.

ക്രൈസ്തവമതം, ക്രൈസ്തവവിശ്വാസം, സാർവത്രികമായി ലോകത്തിൽ പ്രചരിച്ചിട്ടുണ്ടു്. ഏകദേശം എല്ലാജനവ്യൂഹങ്ങളും, ജാതികളും ദേശക്കാരും, ഏറെക്കുറെ അതിൻെറ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടു്. അപ്രകാരം ധ്രുവദേശശൈത്യമേഖലയിലേ എസ്കിമോകളും, ഉഷ്ണമേഖലയിലേ നീഗ്രോകളും, ക്രിസ്തുവിൻെറ വിശ്വാസവലയത്തിൽപ്പെട്ടവരാണു്. എങ്കിലും, ക്രൈസ്തവരാൽപ്പോലും, ക്രിസ്തു വേണ്ടപോലെ അറിയപ്പെടുന്നില്ല. ഏതന്മൂലം വളരെ ചുരുക്കംപേർ മാത്രമേ ആ ഉന്നത നേതാവിനെ പിൻ ചെല്ലുന്നുള്ളു. അതേ, അദ്ദേഹത്തിൻെറ ആദൎശങ്ങ

ളെയും, സജീവമാതൃകകളെയും, സപ്രശ്രയം അനുകരിക്കേണ്ടതുള്ള. ക്രൈസ്തവത്വം എന്നു പറയുന്നതു, ക്രിസ്തുവിനെ പ്രായോഗികമായി കണ്ടു പഠിക്കുന്നതിലാണടങ്ങിയിരിക്കുന്നതു് ക്രിസ്ത്വാനുകരണം സ്വായത്തമാക്കിയിരിക്കുന്നവൻ ആരോ, അവനാണു് യഥാർത്ഥ ക്രൈസ്തവൻ. എന്നാൽ ഈ മഹാനേതാവാരാണെന്നും, അദ്ദേഹത്തിൻെറ പ്രബോധനങ്ങളും, മാതൃകയും, എന്താണെന്നും അറിയാത്തവനും, അറിഞ്ഞിട്ടും, അനുകരിക്കാത്തവനും, എങ്ങനെ അദ്ദേഹത്തിൻെറ അനുഗാമിയാകും; ശിഷ്യനാകും?

അതുകൊണ്ടു് ക്രിസ്തുവിനെ ഉപര്യുപരി അറിയുകയും അനുസരിക്കയുമാകട്ടെ നമ്മുടെ ജീവിതലക്ഷ്യം. നമ്മിൽ പലരും നമ്മുടെ ക്രൈസ്തവവിശ്വാസംകൊണ്ടുമാത്രം തൃപ്തിപ്പെടുന്നു. അതിൽ കവിഞ്ഞ പുരോഗതി അവക്കാവശ്യമില്ലത്രേ. അതുകൊണ്ടു്, പലപ്പോഴും, ക്രിസ്തുവിനോടുള്ള മതിപ്പും സ്നേഹവും, നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നില്ല. നമ്മുടെ അന്തരംഗത്തിലേയ്ക്കു് ചുഴിഞ്ഞിറങ്ങുന്നില്ല. ക്രിസ്തുവിൽ തദാത്മ്യപ്പെട്ടു്, ക്രിസ്തുവിൻെറ ചൈതന്യത്താൽ നയിക്കപ്പെടുന്നില്ല. അങ്ങനെ ക്രിസ്തുവിനെ നാം അനുകരിക്കുന്നില്ല. വിശേഷിച്ചു് അപകടസന്ധികളായ പരീക്ഷാവേളകളിലും നാം അനുഗമിക്കുന്നില്ല. എല്ലാ അവസരങ്ങളിലും ക്രിസ്തു നമുക്കു് സമീചീനമായ മാതൃകയാണെങ്കിലും, അദ്ദേഹത്തെ നാം മിക്കപ്പോഴും വിസ്മരിക്കുന്നുണ്ടു്. യേശുവിനെ കൂടുതൽ കൂടുതൽ അറിയുകയെന്നു പറയുന്നതു്, അദ്ദേഹത്തെ ഉപര്യുപരി സ്നേഹിക്കുകയെന്നതുതന്നെയാണു്. അദ്ദേഹത്തെ നാം എത്ര കൂടുതൽ സ്നേഹിക്കുന്നുവോ, അത്ര കൂടുതൽ അദ്ദേഹത്തെ നാം അനുകരിക്കും. നാം അറിയുകയും, മതിക്കുകയും ചെയ്യുന്നവയെ തീർച്ചയായും നാം സ്നേഹിക്കുകയും അനുകരിക്കുകയും ചെയ്യും.

നാം ക്രിസ്തുവിനെ ഭാഗികമായിട്ടറിഞ്ഞാൽ പോരാ, നാം മുഴുവനായി ക്രിസ്തുവിനെ അറിയണം. ക്രിസ്തു സ്നേഹത്തിൻെറയും, സാഹോദര്യത്തിൻെറയും,

പ്രസന്നനും സ്വീകാര്യനുമായ ഒരുപദേഷ്ടാവോ, ഒരു സമുദായ പരിഷ്ക്കർത്താവോ മാത്രമല്ല, പ്രത്യുത, അദ്ദേഹം സർവ്വ പ്രധാനമായി മനുഷ്യരുടെ മദ്ധ്യേ ദൈവമാകുന്നു.

---

ലോകത്തിൻെറ പ്രകാശവും ജീവനുമാകുന്നു. അദ്ദേഹം മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം സൃഷ്ടിച്ചുകൊണ്ട് വിപ്ലവാത്മകമായ മനഃപരിവർത്തനം ഉളവാക്കി; അദ്ദേഹം ഒരു നവലോകത്തെയും ഒരു നവജനവ്യൂഹത്തേയും, നിർമ്മിച്ചു.

ചരിത്രപുരുഷനായ ക്രിസ്തുവെന്നും, വിശ്വാസദീപ്തനായ ക്രിസ്തുവെന്നുമുള്ള വിഭിന്നത, അദ്ദേഹത്തിൽ നമുക്ക് ആരോപിക്കാൻ പാടില്ല. സൈമനും, മററു ശ്ലൈഹികഗണവും, പ്രഥമ ക്രൈസ്തവരും, ദൈവമെന്നു പ്രഖ്യാപിച്ച ക്രിസ്തുവും, ജരുസലേം തെരുവുകളിൽക്കൂടി, സഞ്ചരിച്ച്, അത്ഭുതങ്ങൾ പ്രവർത്തിച്ച ക്രിസ്തുവും, ഒരാൾ തന്നെയാണ്.

യേശുവിനെയടുത്ത്, അദ്ദേഹത്തിൻെറ ജീവിതവും പ്രബോധനങ്ങളും നാം പരിശോധിക്കുമ്പോൾ, നമ്മുടെ ശ്രദ്ധയെ ബലാൽകരിക്കുന്നതും, ശ്രേഷ്ഠതമങ്ങളും ഇന്നോളം അജ്ഞാതങ്ങളുമായ എത്രയെത്ര ഉത്തുംഗശൃംഗങ്ങളെയാണ് നാം ആരോഹണം ചെയ്യേണ്ടതു്? അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഇനിയും കണ്ടുപിടിക്കപ്പെടാത്തവയും ഒരിക്കലും വററാത്തവയുമായ എത്രയെത്ര നിത്യജീവ ജലധികളാണ് ഉറവുകെട്ടിക്കിടക്കുന്നതു്? അദ്ദേഹത്തിൻെറ സുസ്മേരവദനം, എത്ര ഉന്മേഷവും, ഉണർവ്വും, നല്കുന്ന ആകാരവിശേഷമാണു പ്രസ്പഷ്ടമാക്കുന്നതു്? ആ ദിവ്യനേത്രങ്ങളിൽനിന്നും പ്രവഹിക്കുന്ന അനിരോധ്യമായ ശക്തി പ്രവാഹത്താൽ, നമ്മുടെ ആത്മസത്തയെ എത്ര നിഷ്പ്രയാസമായിട്ടാണ് അദ്ദേഹം അടിയറവെയ്പിക്കുന്നതു്?

യേശുക്രിസ്തുവിൻെറ സ്തുതിപാഠകനായ, കേശവചന്ദ്രസെൻ, ഒരു ഹൈന്ദവൻ, 1879–ലേ ഈസ്റ്റർ പ്രഭാഷണത്തിൽ താഴെ രേഖപ്പെടുത്തും വിധം പ്രഘോഷിക്കുകയുണ്ടായി. ''എൻെറ ക്രിസ്തുവേ, എൻെറ ഹൃദയാനന്ദദനായ ക്രിസ്തുവേ, എൻെറ ഹൃദയത്തിൻെറ പ്രഭാഭൂഷണമായ ക്രിസ്തുവേ, എൻെറ ആത്മാവിൻെറ അനഘമാല്യമായ ക്രിസ്തുവേ'', എന്നു്. എന്നാൽ, ആ ഹൈന്ദവ ക്രിസ്തുഭക്തൻ ക്രിസ്തുവിനെ ഭാഗികമായ കാഴ്ചപ്പാടിലൂടെയേ ദർശിച്ചിട്ടുള്ളു. അതെ ക്രസ്തുവിനെ യുക്തിവാദികളുടെ അഥവാ പുരോഗമനവാദികളുടെ ഏററവും പ്രചാരലുപ്തമായ വിശ്വാസവീക്ഷണത്തിൽ കൂടിയാണു കണ്ടതു്.

ക്രിസ്തു! സഹിക്കുന്നവക്കു എത്ര ഹൃദയം കുളിപ്പിക്കുന്ന ഒരു നാമമാണു്? വേദനിക്കാത്തവരായി ആരാണുള്ളതു്? ഈ ഭൂമിയിൽ ഏതു ക്രൈസ്തവനാണു്, അന്തരംഗം സഹനത്തിൻെറ കാർമേഘപടലങ്ങളാൽ ആവൃതമാകുമ്പോഠം, മരണത്തിന്മേൽ വിജയം വരിച്ച ക്രിസ്തുനാഥൻെറ പക്കലേക്കു് സഹായഹസ്തം നീട്ടാത്തതു്? സാർവ്വത്രികമായി അരാജകത്വവും, വിനാശവും, വിളയാടുമ്പോഠം, ക്രിസ്തുനാഥനെ അഭയം ഗമിക്കുമെങ്കിൽ എല്ലാ അശുഭാപ്തി വിശ്വാസിയും, ദോഷൈകദൃക്കുപോലും, പ്രത്യാശാനിർഭരനും, ശുഭാപ്തി വിശ്വാസിയുമായി തീരും.

ക്രിസ്തു! ! പാപിയായ മനുഷ്യനു് എത്ര ജീവദായകമായ ഒരു നാമമാണു്? എന്നാൽ പാപമലീമസരാകാത്തവരാരുണ്ടു്? പാപാന്ധമായ ആത്മാവിനെപ്പററി 'നാഥാ, പാപിയായ എൻെറമേൽ കനിയേണമേ!' എന്നു് നിലവിളിക്കാൻ ആവശ്യമില്ലാത്തവരായി നമ്മിലാരുണ്ടു്?

ക്രിസ്തു! ! മരണാസന്നന്-മരിക്കുന്ന മനുഷ്യന്-എത്ര ആശ്വാസപ്രദമായ നാമമാണ്? മരണത്തിന്റെ വക്ത്രത്തിൽനിന്നും മോചനം നേടാൻ ആർക്കുണ്ടു ശക്തി? മൃതനാകുന്ന വ്യക്തി, മരിച്ചുകൊണ്ടിരിക്കുന്ന അധരങ്ങൾ കൊണ്ടു്, ക്രൂശിതന്റെ തൃപ്പാദങ്ങളെ ചുംബിക്കുന്നുവെങ്കിൽ, അവൻ എത്ര അവികലമായ സുരക്ഷിതത്വത്തോടുകൂടിയായിരിക്കും ദിവംഗതനാവുക?

## അത്ഭുതാവഹനായ
## ഈ മനുഷ്യൻ ആരാകുന്നു?

ക്രിസ്തു ഒരു വിപ്ലവകാരിയായിരുന്നുവെന്നു പറയുന്ന ചിലരുണ്ട്. അദ്ദേഹം ഒരു സമതാവാദി—ഒരു സോഷ്യലിസ്റ്റ്—ആയിരുന്നു, അതുമല്ല, അദ്ദേഹം ഒരു കമ്യൂണിസ്റ്റ് തന്നെയായിരുന്നുവെന്ന് പറയുന്ന കൂട്ടരുമുണ്ട്. വേറെ ഒരുവിഭാഗം അഭിപ്രായപ്പെടുന്നുണ്ട്, ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിട്ടുള്ളവരിൽ, ഏററവും വലിയ ബുദ്ധിമാനായിരുന്നു, ആദർശസമ്പന്നനായിരുന്നു, ഒരു വലിയ പ്രബോധകനായിരുന്നു, ഒരു മഹാ പ്രവാചകനായിരുന്നു, അതുമല്ല, പ്രവാചകന്മാരിൽ അഗ്രഗണ്യനായിരുന്നു, എന്നെല്ലാം. ക്രിസ്തു ഏതാദൃശനായിരുന്നുവോ? അപ്രകാരമുള്ളവ എല്ലാംകൂടി ഏകോപിച്ച ഒരുവനായിരുന്നുവോ? അതോ പ്രസ്തുത പ്രസ്താവനകളിൽനിന്നെല്ലാം തീർത്തും വിഭിന്നനായിരുന്നുവോ?

ക്രിസ്തു ഒരു നവ്യ വ്യവസ്ഥിതിയേർപ്പെടുത്തി. ഒരു പുതിയ ലോകത്തെ വാർത്തെടുത്തു, വിവാഹത്തെപററി നിലവിലിരുന്ന ധാരണയെയും, സങ്കല്പത്തേയും മാററിയും ഭൗതികഭാഗ്യവിപര്യയങ്ങളെപ്പററിയുള്ള ആശയങ്ങൾ, അധികാരം, തൊഴിൽ, അടിമകളെയും, കുട്ടികളെയും സ്ത്രീകളെയുംസംബന്ധിച്ച് നിലവിലിരുന്ന നടപടികൾ, വഴക്കങ്ങൾ ഇവയെല്ലാം നീക്കിയും സമുദായത്തിൻെറയും, വ്യക്തിയുടേയും, ജീവിതമാനദണ്ഡങ്ങൾ ഉയർത്തി സംസ്കരിച്ച്, ഒരു പുതിയ പാത വെട്ടിത്തുറന്നുവെന്ന് നാം വ്യവഹരിക്കുമ്പോൾ, അദ്ദേഹം ഒരു വിപ്ളവകാ

രിയായിരുന്നുവെന്നു് നമുക്കു് അഭിമാനപൂർവ്വം പ്രഖ്യാപിക്കാവുന്നതാണു്. എന്നാൽ, ക്രിസ്തുനാഥൻ നിലവിലിരുന്ന അധികാരത്തെയും, നിയമങ്ങളെയും ധ്വംസിച്ചു്, പഴയ സമുദായവ്യവസ്ഥിതിയെ തകിടംമറിച്ചു്, ഒരു പുതിയ പദ്ധതി രൂപവത്കരിച്ചുവെന്നു്, സാധാരണ ശൈലിയിൽപ്പറഞ്ഞാൽ, അതു് സത്യവിരുദ്ധമായിരിക്കും. അപ്രകാരമുള്ള ഒരു വിപ്ളവകാരിയായിരുന്നില്ല ക്രിസ്തു. അദ്ദേഹം നശിപ്പിക്കാൻ വന്നതല്ല, പടുത്തുയർത്തുവാനും, ലോകത്തെ ഉദ്ധരിക്കുവാനും വന്നയാളാണു്.

കമ്യൂണിസത്തെപ്പററിപ്പറഞ്ഞാൽ, അതു് നാശവും, രക്തച്ചൊരിച്ചിലും, കൊലയും, കവർച്ചയും, അരാജകത്വവും ജനതാമദ്ധ്യത്തിൽപ്പരത്തുന്ന ഒരു ക്രൂരവ്യവസ്ഥിതിയാണു്. അതുമായി ക്രിസ്തുവിനു യാതൊരു ബന്ധവുമില്ല. അതിലുപരി ഈ ദുഷിച്ച പ്രസ്ഥാനത്തിൻെറ പരമ ശത്രുവാണു് ക്രിസ്തു. പരസ്നേഹം, നീതി, ദരിദ്രരോടും അവശരോടുമുള്ള കാരുണ്യം, ആതുരരെയും, ദുഃഖിതരെയും സമാശ്വസിപ്പിക്കൽ, ദരിദ്രരോടുകൂടിയുള്ള ധനവാന്മാരുടെ പങ്കുചേരൽ, ''വിശക്കുന്നവക്കു നിങ്ങളുടെ അപ്പം ഭാഗിച്ചുകൊടുക്കുകയും, അലഞ്ഞുനടക്കുന്ന സാധുക്കാംക്കു് നിങ്ങളുടെ വീട്ടിൽ പ്രവേശനം നൽകുകയും, നഗ്നർക്കു് വസ്ത്രം നൽകുകയും ചെയ്യുക'' എന്ന ഏശയ്യാ 58–7–ലെ പ്രതിപാദ്യത്തിൻെറ പൊരുളനുസരിച്ചു് ജീവിക്കാൻ പഠിപ്പിക്കൽ, ഒററവാക്കിൽ ദൈവത്തിൻെറ പത്തു കല്പനകളുടെ ആചരണം,—എല്ലാ മനുഷ്യസമുദായങ്ങളുടേയും ബലിഷ്ഠമായ കോട്ട—ഇതൊക്കെയാണു് കമ്യൂണിസത്തിൻെറ ആദർശമെങ്കിൽ മാത്രമേ, ക്രിസ്തു കമ്യൂണിസ്റ്റാകയുള്ളു. എന്നാൽ ഇന്നു് നമ്മുടെ ചുററും കാണുന്ന ആധുനിക സഖാക്കാം ഈവക ആശയഗതിക്കാരിൽ നിന്നും തീർത്തും വ്യത്യസ്തരാണു്.

ഇനി ക്രിസ്തു ഒരു സോഷ്യലിസ്റ്റു്—സ്ഥിതിസമത്വ വാദിയായിരുന്നോ? അതിനുള്ളയുത്തരം അല്പം പരു

ഷമായ ഒന്നാണു്. 'സ്ഥിതിസമത്വവാദം' എന്ന സമസ്ത പദം ആധുനികർ വിവിധാർത്ഥത്തിലുപയോഗിക്കുന്നുണ്ടു്. ഇംഗ്ലണ്ടിലെ തൊഴിലാളികക്ഷിയുടേയും, ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറയും, സ്ഥിതിസമത്വവാദം മുതൽ യൂഗോസ്ലോവ്യായിലേയും, പോളണ്ടിലേയും (റഷ്യയിൽപ്പോലുമുണ്ടത്രേ സോഷ്യലിസ്റ്റു് വ്യവസ്ഥിതി) വരെ നാനാമുഖങ്ങളോടുകൂടിയ പലതരം സ്ഥിതിസമത്വവാദങ്ങളുണ്ടു്. എന്നാൽ നമുക്കു പ്രസ്തുത സമുദായവ്യവസ്ഥിതിയെപ്പററി തെററില്ലാത്തതും, കൃത്യവുമായ ആശയങ്ങളും, നിർവ്വചനങ്ങളുമാണാവശ്യം. ദൈവത്തിൻെറയും, വ്യക്തിയുടേയും അവകാശങ്ങളംഗീകരിക്കുന്ന ഒരു സമുദായത്തിലും, ഒരു ഗവണ്മെൻറിലും, യഥാർത്ഥമായ സ്ഥിതിസമത്വവാദം നിലനില്ക്കുകയില്ല. കാറൽമാർക്സും, അയാളുടെ അനുയായികളും, അനുശാസിക്കുന്ന വിധമാണെങ്കിൽ സ്ഥിതിസമത്വവാദം അതിൻെറ സ്വഭാവത്തിൽത്തന്നെ നിരീശ്വരപരവും പരമാധികാര പ്രവണവുമാണു്. മതസ്വാതന്ത്ര്യവും, വ്യക്തിസ്വാതന്ത്ര്യവും അനുവദിക്കത്തക്ക നയപരമായ പ്രകൃതിവ്യത്യാസമുള്ള സ്ഥിതിസമത്വവാദം സ്ഥിതിസമത്വവാദമേയല്ല. സ്ഥിതിസമത്വവാദം രാഷ്ട്രീയ സർവാധിപത്യത്തിനുവേണ്ടി നിലകൊള്ളുമ്പോൾ, ദൈവത്തിൻെറയും, മനുഷ്യരുടേയും അവകാശങ്ങൾ അവഗണിക്കപ്പെടുന്നു. ഏതന്നിമിത്തം ശരിയായ അർത്ഥത്തിൽ സോഷ്യലിസം നിരീശ്വരപരവും, മനുഷ്യസ്വാതന്ത്ര്യനിഷേധാത്മകവുമാകുന്നു. അതുകൊണ്ടുതന്നെയാണു് XI-ാം പീയൂസ് പാപ്പാ, ഒരു യഥാർത്ഥ ക്രൈസ്തവനു്, ഒരു യഥാർത്ഥ സ്ഥിതിസമത്വവാദിയായിരിക്കുന്നതിനോ ഒരു യഥാർത്ഥ സ്ഥിതിസമത്വവാദിക്കു് ഒരു യഥാർത്ഥ ക്രൈസ്തവനായിരിക്കുന്നതിനോ, സാധിക്കുകയില്ല എന്നു് 1931-ൽ, ഒരു ചാക്രികലേഖനം മൂലം പ്രഖ്യാപനം ചെയ്തിട്ടുള്ളതു്. (നാല്പതാം വാർഷികം എന്നാരംഭിക്കുന്ന ചാ: ലേ: കാണുക.) സ്ഥിതിസമത്വവാദത്തിൽ ദൈവത്തിൻെറ പരമാധികാരവാദത്തെ തിരസ്കരിച്ചുകൊണ്ടു്, തൽസ്ഥാനത്തു് പരമാധികാര രാഷ്ട്ര

ത്തെ പ്രതിഷ്ഠിക്കുന്നു. വ്യക്തിയെ രാഷ്ട്രത്തിന്റെ വെറും ചവിട്ടുപടിയായി തരം താഴ്ത്തുകയും ചെയ്യുന്നു. അപ്രകാരം ഒരു ക്രൈസ്തവ സാമൂഹ്യവ്യവസ്ഥിതിയുമായി യേശുക്രിസ്തുവിനു് ഒരു ബന്ധവുമില്ല. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ദൈവ മഹത്വത്തിനും, മനുഷ്യരക്ഷയ്ക്കുമായി പ്രതിഷ്ഠിതമായിരിക്കുന്നു.

യേശുക്രിസ്തു തീർച്ചയായും ലോകത്തിലുണ്ടായിട്ടുള്ള എല്ലാ സമുദായ പരിഷ്ക്കർത്താക്കളേയും ഉല്ലംഘിക്കുന്ന ഒരു സമുദായോദ്ധാരകനും, സംസ്കാരകാരകനുമായിരുന്നു. എന്നാൽ അദ്ദേഹം ഉദ്ധാരകർമ്മം, സ്ഥിതിസമത്വവാദികൾ ചെയ്യുമ്പോലെ വ്യക്തിയെ തിരസ്കരിച്ചുകൊണ്ടു് സമുദായത്തെ പരിഷ്കരിക്കും വിധമല്ല നിർവഹിച്ചതു്. നേരേമറിച്ച്, അദ്ദേഹം അതിൽനിന്നും വളരെ വിഭിന്നമായ രൂപത്തിലാണു് അതു സാധിച്ചതു്. ക്രിസ്തുവിന്റെ ശ്രദ്ധ മുഴുവനും തന്നെ കേന്ദ്രീകരിച്ചിരുന്നതു് മനുഷ്യാത്മാവിന്റെ ഭാഗധേയത്തെ സംബന്ധിക്കുന്ന കാര്യങ്ങളിലായിരുന്നു. വ്യക്തികൾ സംസ്ക്കരിക്കപ്പെട്ടുമ്പോൾ, വ്യക്തികൾ നന്നാകുമ്പോൾ, വ്യക്തികളെ ഉൾക്കൊള്ളുന്ന സമുദായവും സമൂലം നന്നായിക്കൊള്ളും. സ്ഥിതിസമത്വവാദികൾ ചെയ്യുമ്പോലെ വണ്ടി കുതിരയുടെ മുമ്പിൽ കെട്ടുകയല്ല അദ്ദേഹം ചെയ്യുതു്.

## ചരിത്രത്തിലെ
## അതുല്യ മനുഷ്യൻ

ഒരുപക്ഷേ, ക്രിസ്തു നിസ്തുലസേഹവായ്പുള്ള വിജ്ഞനായ ഒരുപദേഷ്ടവോ, പ്രവാചകനോ, അഥവാ പ്രവാചകരിൽ അദ്വിതീയനോ, തന്നെയായിരിക്കാം. എന്നാൽ നാം ആദ്യമായി മനുഷ്യനെ—അവൻെറ പരിമിതികളെ യഥാവിധി അറിയുമ്പോഠം, ക്രിസ്തു മനുഷ്യൻ മാത്രമല്ല പ്രവാചകാഗ്രേസരന്മാരേയും മറികടന്നയാളാണെന്നു പറയാൻ നിർബ്ബന്ധിതരാകുന്നുണ്ടു്. മനുഷ്യത്വത്തിൽതന്നെ, മനുഷ്യവ്യക്തിത്വത്തിൽ കാണാത്തതും, മാനുഷികങ്ങളായ നിമിത്തങ്ങളാൽ കണ്ടുപിടിക്കപ്പെടാൻ കഴിയാത്തതും ആയ എന്തോ രഹസ്യം അദ്ദേഹത്തിലുണ്ടു്.

ക്രിസ്തുനാഥനു മുമ്പു് പ്രതിഭാസമ്പന്നന്മാർ ജീവിച്ചിരുന്നിട്ടുണ്ടു്. അദ്ദേഹത്തിൻെറ സമകാലികന്മാരായും, അതിനുശേഷവും, മഹാന്മാർ ഉണ്ടായിട്ടുണ്ടു്. അവരുടെ ജീവിതകഥ വായിക്കുക; അതിനുശേഷം സുവിശേഷങ്ങഠം പാരായണംചെയ്യുക; അപ്പോഠം നമുക്കനുഭവപ്പെടുന്നതെന്താണു്? ഘോരമായ ഇരുട്ടിൽനിന്നും കണ്ണഞ്ചുന്ന പ്രഭാപൂരത്തിലേയ്ക്കു് നാം പ്രവേശിച്ചിരിക്കുന്നുവെന്നാണു്. പൗരസ്ത്യരോ,പാശ്ചാത്യരോ,ആയ തത്ത്വജ്ഞാനികളിൽ ആരുതന്നെയാകട്ടെ. അവർ സോക്രട്ടീസോ, പ്ലേറേറായോ, അരിസ്റ്റോട്ടലോ, ശങ്കരാചാര്യരോ, ആവരസോ, ആരുതന്നെയായാലും, അനന്യവ്യക്തി പ്രഭാവനായ ക്രിസ്തുനാഥൻെറ മുമ്പിൽ ഒരു കൈത്തിരിയെ

ങ്കിലും പിടിക്കാൻ പ്രാപ്തരാണോ? ഇനി മതസ്ഥാപക ന്മാരായ, ബുദ്ധൻ, മുഹമ്മദ്' കൺഫ്യൂഷ്യസ്, സൊറാ സ്തർ, ആദിയായവരെ പരിശോധിക്കുക. അവർ പ്ര കൃത്യാ മതിപ്രഭാവന്മാരായ മനുഷ്യർ തന്നെ ആയിരുന്ന തല്ലാതെ, അവരിൽ യാതൊരുവനും, സമുദായമദ്ധ്യേ ആദ്ധ്യാത്മിക പരിവത്തനമോ, മതാത്മകനവോത്ഥാന മോ, സൃഷ്ടിച്ചിട്ടില്ലെന്നു മനസ്സിലാക്കാം. വേദനിക്കുന്ന ഒരു ഹൃദയത്തിനെങ്കിലും സഹനപ്പൂളയിൽ സംഘഷം ചെയ്യപ്പെട്ട ഒരു വ്യക്തിയ്ക്കെങ്കിലും, യഥാത്ഥ സ്വാന്തനം നല്കി സമാശ്വസിപ്പിച്ചിട്ടുള്ളവർ അഖിലലോക വി ഖ്യാതന്മാരിൽ ആരെങ്കിലുമുണ്ടോ?

ദരിദ്രർക്കും, ഭാഗ്യഹീനർക്കും സമാശ്വാസം പകർന്നു കൊടുക്കാൻ ഉപകരിക്കുമാറു് സരസമായി വളരെയെല്ലാം വ്യവഹരിച്ചിട്ടുള്ള റേറാംസ്റ്റോയി എന്ന സുപ്രസിദ്ധ ഗ്രന്ഥകാരനെപ്പററി ഹാസ്യരസപ്രദമായ ഒരു വിവരണ മുണ്ടു്: അസാമാന്യ ഹൃദയവ്യഥയനുഭവിച്ചു് കഷ്ടപ്പെട്ടിരു ന്ന ഒരിംഗ്ലീഷുകാരൻ, വളരെയധികം ധനവ്യയം ചെയ്തു് ഏററം ആശ്വാസദായകനായ പ്രസ്തുത ഗ്രന്ഥകാരനെ ഒരിക്കൽ കാണാൻ വന്നു. രണ്ടുപേരും ഈ കൂടിക്കാഴ്ച യിൽ അത്ഭുതസ്തബ്ധരായി. എന്നാൽ ടോറംസ്റ്റോയിയും ഭാര്യയും തമ്മിൽ ചെറിയൊരുരസൽ നടന്നുകൊണ്ടിരു ന്ന സന്ദർഭത്തിലായിരുന്നു ഇംഗ്ലീഷുകാരന്റെ ആഗമനം. നമ്മുടെ പണ്ഡിതവരേണ്യനായ റഷ്യാക്കാരൻ തന്നെ അ ലട്ടിക്കൊണ്ടിരുന്ന പല വിഷമപ്രശ്നങ്ങളാൽ അസ്വസ്ഥ നായിരുന്നതിൽ, ശരണാഗതനും വ്രണിതഹൃദയനുമായ ഇംഗ്ലീഷ് സന്ദർശകനെ, യാതൊരു സമാശ്വാസവും നൽകാതെ നിരാശനാക്കിപ്പറഞ്ഞയച്ചപോലും.

എന്നാൽ രണ്ടായിരം വർഷങ്ങളോളം എത്രയെത്ര വേദനിക്കുന്ന ഹൃദയങ്ങളെയാണു് ക്രിസ്തുഭഗവാൻ സ മാശ്വാസതൈലത്താൽ സ്വാന്തനപ്പെടുത്തിയിരിക്കുന്ന

ത്തു്? ''ഭാരങ്ങൾ വഹിച്ചും, വലഞ്ഞും, കഴിയുന്നവരേ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'', എന്നു് വാഗ്ദാനം ചെയ്ത ക്രിസ്തുവിനെ പ്രത്യാശയോടെ അഭയം പ്രാപിച്ചിട്ടുള്ള നിരാലംബരും ആശ്വാസരഹിതരുമായ സ്ത്രീപുഷന്മാരിലാരുംതന്നെ സമാശ്വാസം ലഭിക്കാതെ തിരിച്ചുപോയിട്ടില്ല.

## നിസ്തുലപ്രഭാവനായ ഉപാധ്യായൻ.

കഴകനും, തുരപ്പനും, തമ്മിൽ ഏതാനും സാദൃശ്യങ്ങളുള്ളതുകൊണ്ട് അവ തുല്യങ്ങളാണെന്ന് നാം പറയുകയില്ല, അതുപോലെ, മററു മതപ്രബോധകരായ ബുദ്ധൻ, കൺഫ്യൂഷ്യസ്, സൊറൊസ്റ്റർ, ലോററസ്സസ്, സോക്രട്ടീസ്, മുഹമ്മദ് മുതലായവരുടെ ഉപദേശങ്ങളുമായി യേശുക്രിസ്തുവിൻെറ തത്വങ്ങൾക്ക് ഏതാനും സംഗതികളിൽ സാമ്യമുള്ളതുകൊണ്ട്, അദ്ദേഹവും അവരെപ്പോലെ ഒരു മതോപദേഷ്ടാവാണെന്ന പറഞ്ഞുകൂടാ. തങ്ങളുടെ പ്രബോധനങ്ങളിൽ വാക്സമരംചെയ്ത് അസ്പഷ്ടതയും, കുയുക്തിയും സൃഷ്ടിക്കുന്നവരുടെ ഉപദേശങ്ങൾക്ക് നേരേ വിപരീതമായി, ക്രിസ്തുവിൻെറ സുവിശേഷദൌത്യം സുവിശതവും, നിഷ്കപടവുമായിരുന്നു. തൻെറ ശ്രോതാക്കാം വെറും ഗ്രാമീണരോ, നിരക്ഷരകുക്ഷികളായ മത്സ്യത്തൊഴിലാളികളോ, പണ്ഡിതന്മാരോ, ജനപ്രമാണികളോ, ആരുതന്നെയായാലും. ക്രിസ്തുവിൽനിന്നും നിരർഗ്ഗളം പ്രവഹിച്ചിരുന്ന പ്രഭാഷണം, അവരെ സുധാസ്വാദനത്താലെന്നപോലെ ആഹ്ലാദപുളകിതരാക്കിയിരുന്നു. പൊതുജനജീവിതത്തിൽനിന്നും, അനുഭവജ്ഞാനത്തിൽനിന്നും ഉരുത്തിരിഞ്ഞ ക്രിസ്തുനാഥൻെറ ഭാഷാശൈലി എല്ലാക്കാലത്തും സുവിദിതവും സുവിശദവുമാണ്. അദ്ദേഹത്തിൻെറ പ്രബോധനങ്ങൾ പ്രതിദിനജീവിതത്തിൽനിന്നും ഉയിർക്കൊണ്ട നിഗമനങ്ങളായിരുന്നു.

യേശുക്രിസ്തു മററു മതപ്രബോധകരിൽനിന്നും വി ഭിന്നമായി എല്ലാക്കാലത്തിനും, എല്ലാ ജനതതിക്കും പ ററിയവിധം പഠിപ്പിച്ചു. അദ്ദേഹം ഉപയോഗിച്ച ഭാഷാ ശൈലി, ഒരു പ്രത്യേക സമുദായവ്യവസ്ഥിതിയെയോ, അദ്ദേഹം ജീവിച്ചിരുന്ന ഏതെങ്കിലും ബാഹ്യപരിതഃ സ്ഥിതികളെയോ ആശ്രയിച്ചിരുന്നില്ല. തൻെറ ആശയ ങ്ങരം എപ്പോഴും ഏററം നവീനങ്ങളായിരിക്കണമെന്നു ള്ള ആവേശം ക്രിസ്തുവിനില്ലായിരുന്നു. എല്ലാക്കാല പരിധികളെയും അതിലംഘിക്കുന്നവൻ എന്നതർത്ഥത്തിൽ, യേശു സമയസീമകളെ പിന്നിലാക്കിയിരുന്നു. അദ്ദേ ഹം ഭൂത വർത്തമാന ഭാവികാലങ്ങളെ സ്വാഗതംചെയ്തിരു ന്നില്ല. ആകയാൽ അദ്ദേഹത്തിൻെറ ഉപദേശങ്ങരം എ ല്ലാക്കാലസന്ധികളിലും അമൂല്യങ്ങരംതന്നെ. ശാസ്ത്രം പു രോഗമിച്ച് എത്ര ഉച്ചകോടിയിലെത്തിയാലും അദ്ദേഹ ത്തിൻെറ പഠനങ്ങളിൽനിന്നു് അണുപോലും വ്യതിച ലിക്കുക ശക്യമല്ല. അദ്ദേഹത്തിൻെറ ചില ഉദ്ബോധ നങ്ങരം—ഉദാഹരണമായി വിവാഹമോചനത്തെയും, ശ ത്രുസ്നേഹത്തെയും സംബന്ധിച്ചവ—കാലപരിധികരംക്ക പ്പുറവും ആദർശവിശിഷ്ടമാണ്. എപ്പോഴും വൈഷമ്യം സൃഷ്ടിക്കുന്നുണ്ടെങ്കിലും, എപ്പോഴും ശ്രമസാദ്ധ്യംതന്നെ യാണ്.

മററു ലോകോപദേഷ്ടാക്കരം, ഒരു നിശ്ചിത ജനവി ഭാഗത്തിൽനിന്നു് പ്രത്യാഗമിക്കുകയും, സ്വന്തം ജനകീയ സവിശേഷതകളുടേയും അവരുടെ കാലത്തിൻെറയും മാ യാത്ത മുദ്ര പതിക്കുകയും ചെയ്തിട്ടുള്ളവരാണ്. അവർ മനുഷ്യസമുദായത്തെ ഭാഗികമായി മാത്രമേ പ്രതിനി ധാനം ചെയ്യുള്ളൂ. യേശുക്രിസ്തുവാകട്ടെ മനുഷ്യകുല ത്തെ ഒന്നാകെ പ്രതിനിധാനം ചെയ്യുന്നു. അദ്ദേഹം ജാ തിയേയും, പ്രാദേശികതാല്പര്യങ്ങളെയും, സമയപരി ധിയേയും പിന്നിടുന്നതായിക്കാണാം. അദ്ദേഹം ലോ കൈകഗുരുവാണ്.

മററെല്ലാ ലോകപരിഷ്ക്കർത്താക്കളും, ആദർശയോഗ്യമായി അവക്ക പുറമേയുള്ള യാതൊന്നിനേയോ ലക്ഷ്യംവയ്ക്കുന്നു. ക്രിസ്തു മാത്രം പ്രഖ്യാപിക്കുന്നു, 'ഞാൻ വഴിയാണ്; സത്യമാണ്; ജീവനാണ്'' എന്നു്. മററുള്ള മതപ്രബോധകന്മാർ ഗമനമാർഗ്ഗം നിർദ്ദേശിക്കുന്നു. എന്നാൽ ക്രിസ്തു സധൈര്യം ഉദ്ഘോഷിക്കുന്നു ''ഞാൻ ഗമനമാർഗ്ഗം തന്നെയാകുന്നുവെന്നു്.'' മററുപദേഷ്ടാക്കൾ സത്യാന്വേഷണം നടത്തി സത്യം കണ്ടുപിടിക്കുന്നതെങ്ങിനെയാണെന്നു പഠിപ്പിച്ചു. എന്നാൽ ക്രിസ്തു മാത്രം പറയുന്നു, 'ഞാൻ സത്യമാകുന്നു. ഞാൻ ലോകത്തെ പ്രഭാപൂരമാക്കുന്ന പ്രകാശമാണ്'' എന്നു്. മററുള്ള ഗുരുക്കന്മാർ നിത്യജീവപ്രാപ്തിക്കുള്ള വഴി ഏതാണെന്നു് അവരുടെ അഭിമതപ്രകാരം നിർദ്ദേശിച്ചു. എന്നാൽ യേശുക്രിസ്തു ഖണ്ഡിതമായിപ്പറയുന്നു, ''ഞാൻ നിത്യജീവനാണെ''ന്നു്.

മററു യാതൊരു പ്രബോധകനും ചിന്തിക്കാൻപോലും ധൈര്യപ്പെടാത്ത ആ വസ്തുത ''എന്നെക്കൂടാതെ നിങ്ങൾക്കു് യാതൊന്നും ചെയ്‌വാൻ സാധിക്കുകയില്ല'' എന്നതു് യേശുക്രിസ്തു സ്വയം വിളംബരം ചെയ്യുന്നു. വിശ്വവിഖ്യാതന്മാരായ മററു ഗുരുഭൂതന്മാരിൽ നിന്നും, വിഭിന്നമായ ഒരു മാതൃക—ഒരാദർശം, ചൂണ്ടിക്കാണിക്കുന്ന ക്രിസ്തു, എല്ലാം വിശദമായും, നിഷ്കപടമായും, തുറന്നു പ്രസ്താവിക്കുന്നു. അതേ, അദ്ദേഹം പ്രഘോഷിക്കുകയാണ്, ''പരമോന്നതമായ ജീവിതലക്ഷ്യത്തിലേയ്ക്കു്, തന്നിൽത്തന്നെ സ്ഥിതിചെയ്യുന്ന ദൈവജീവനിലേയ്ക്കു്,'' തന്നെ കൂടാതെ ഒരടിപോലും സമീപിക്കുവാൻ ആക്കും കഴിവില്ലെന്നു്. നിങ്ങൾക്കു് എന്നെ വിട്ടുകൊണ്ടു് പിതൃസമക്ഷം ചെന്നെത്താൻ സാധ്യമല്ല; എന്തുകൊണ്ടെന്നാൽ ഞാനും പിതാവും ഒന്നാകുന്നു'' എന്നു് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിക്കുന്നു.

മററു മതപ്രബോധകന്മാരുടെ അദ്ധ്യാപനം, അവരുടെ വ്യക്തിത്വത്തിൽനിന്നും വ്യതിരക്തമായ രീതി

യിലാകുന്നു. യേശു മാത്രം സ്വകീയവ്യക്തിത്വത്തെ സ്വപ്രബോധനങ്ങളുമായി തദാത്മ്യപ്പെടുത്തുകയും തന്നെ ത്തന്നെ ആദർശയോഗ്യനായി നിർദ്ദേശിക്കുകയും ചെയ്തു. യാതൊരു ക്രൈസ്തവനും യാതൊന്നിലും യേശുക്രിസ്തുവിനെ വെല്ലുവാൻ അവകാശപ്പെടുകയില്ല. എന്നാൽ മുഹമ്മദിനെ മുന്നിടുന്ന മുഹമ്മദീയരും, ബുദ്ധനെ അതിശയിക്കുന്ന ബുദ്ധമതാനുയായികളും, അതുപോലെ മററു മതോപദേഷ്ടാക്കളെ പിന്നിലാക്കുന്ന മതാനുയായികളുമുണ്ടാകും.

# വിഭിന്ന പദ്ധതികളിലൂടെ

യേശുക്രിസ്തു വികാരാവേശങ്ങളുമായി പൊരുത്തപ്പെടുകയോ, ജീവിതമൂല്യങ്ങളെ — മൗലികതത്വങ്ങളെ ബലികഴിക്കുയോ ചെയ്തിട്ടില്ല. പ്ലേറ്റോ അദ്ദേഹത്തിന്റെ ഉത്തമബോധ്യങ്ങളെ ബഹുജനവ്യാമോഹങ്ങളുടെ മുമ്പിൽ പൂജിച്ചു. അപ്രകാരം അനേകം വിഖ്യാത താത്വികന്മാർ, ജനപ്രീതിക്കുവേണ്ടി, അവരുടെ ദൃഢവിശ്വാസങ്ങളെ, ജീവിതമൂല്യങ്ങളെ നിരാകരിച്ചിട്ടുണ്ടു്. എന്നാൽ യേശുക്രിസ്തു ജനസമ്മതിക്കുവേണ്ടി ഒരിക്കലും സത്യത്തെ ബലികഴിച്ചിട്ടില്ല. മനുഷ്യനിൽ ആപാദചൂഡം പരിവത്തനമുളവാക്കുന്നതിനുവേണ്ടി, മനുഷ്യവികാരാവേശങ്ങൾക്കോ, ബലഹീനതകൾക്കോ അടിമപ്പെടാതെ അദ്ദേഹം ജനസമൂഹത്തിൽ ചുററിസഞ്ചരിച്ചിരുന്നു. മററുപദേഷ്ടാക്കൾ മനുഷ്യവ്യക്തിയെ സ്പർശിക്കാതെ, സമുദായോദ്ധാരണത്തിനായി ബദ്ധപ്പെട്ടിരുന്നു. നേരെമറിച്ചു്, ക്രിസ്തു സമ്പൂർണ്ണമായി സമുദായത്തെ സംസ്കരിച്ചതു്. ഓരോ വ്യക്തിയേയും സമൂലം സംസ്കരിച്ചുകൊണ്ടാണു്. ആന്തരീകമനുഷ്യൻ സംസ്കരിക്കപ്പെടുമ്പോൾ, മനുഷ്യകുടുംബം സംസ്കരിക്കപ്പെട്ടുകൊള്ളുമെന്നു് അദ്ദേഹത്തിനു് നല്ലവണ്ണമറിയാമായിരുന്നു. നിഷ്പക്ഷതാമനോഭാവത്തിനു് തുല്യമായ മഹാമനസ്കതയെപ്പററി അദ്ദേഹത്തിനു് തീരെ പുച്ഛമായിരുന്നു.

യേശുക്രിസ്തു മനുഷ്യസ്ഥിതിയെയല്ല, മനുഷ്യവ്യക്തിയുടെ സമൂലമായ മനഃപരിവത്തനത്തെയാണു് കാംക്ഷിച്ചതു്. അദ്ദേഹത്തിന്റെ ബോധനം, സംസ്കാരശൂന്യമായ ആഭ്യന്തരമനുഷ്യപ്രകൃതിയെ മാററി, തത്

സ്ഥാനത്തു് ദൈവത്തിൻെറ ഛായയിലും, സാദൃശ്യത്തിലുമുള്ള സ്വഭാവാതീതവും, നവീനവുമായ മനുഷ്യസ്വരൂപം വാർത്തെടുക്കുക എന്നതാണു്. സോക്രട്ടീസ് മനസ്സിനെ സംസ്കരിച്ചു. മററു പല നേതാക്കന്മാരും, ധർമ്മസംഹിതകളെയും, പദ്ധതികളെയും, മതപ്രബോധനങ്ങളേയും ആവിഷ്ക്കരിച്ചു. എന്നാൽ യേശുക്രിസ്തു മാത്രം മനുഷ്യനെ മുഴുവനായി ആഭ്യന്തരമനുഷ്യനെ സവിശേഷമായി, ആമൂലാഗ്രം പരിവർത്തന വിധേയമാക്കി. അദ്ദേഹം നിഷ്കരുണം നമ്മെ പഠിപ്പിച്ചു, മനുഷ്യനിലുള്ള മൃഗീയമായ ദുർവ്വാസനകൾ വിട്ടുവീഴ്ചകൂടാതെ പരാജയപ്പെടുത്തണമെന്നു്. നമ്മുടെ കണ്ണു പാപകാരണമാണെങ്കിൽ, ചൂഴന്നെടുക്കുക, അപ്രകാരം നമ്മുടെ വലതുകരം നമ്മെ നരകാഗ്നിയിൽ നിപതിപ്പിക്കാതിരിക്കാൻ അതിനെ വിച്ഛേദിക്കുക. നമ്മുടെ ശത്രു ഒരു ഗണ്ഡത്തിലടിക്കുകയാണെങ്കിൽ അവനു മററേ ഗണ്ഡം കൂടി കാണിച്ചുകൊടുക്കുക. ഏററം ആശ്ചര്യാവഹമായിരിക്കുന്നതു്; യേശുക്രിസ്തുവിൻെറ ലോകോത്തരമായ പദ്ധതികൾ മനുഷ്യപ്രകൃതിയുടെ എല്ലാ ദുഷ്പ്രവണതകളേയും പരാജയപ്പെടുത്തിക്കൊണ്ടു്, വിജയപൂർവ്വം മുന്നേറുകയും, തുടർന്നു മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതാണു്.

യേശുക്രിസ്തു മനുഷ്യനിലെ അഷ്ടരാഗങ്ങൾക്കു്— ആ ദുർവ്വാസനകൾക്കു് യാതൊരു സൗജന്യവും നൽകിയില്ല. നമ്മെ നാം സ്വയം മെച്ചപ്പെടുത്തുകയല്ല, നമ്മെ നാം സ്വയം എളിമപ്പെടുത്തണം. നീതിയെപ്രതി നാം മർദ്ദന വിധേയരാകുമ്പോൾ സന്തോഷിക്കണം. നമ്മിൽ ശകാരവർഷം ചെയ്യുന്നവരുടെ മേൽ നാം അനുഗ്രഹവർഷം ആശംസിക്കണം. അന്യരുടെ വിദ്വേഷപാത്രങ്ങളാകുമ്പോൾ നാം ആഹ്ലാദിക്കണം. കൊച്ചുകുട്ടികളെയും, മാടപ്രാവുകളെയും പോലെ നാം നിഷ്കളങ്കരാകണം. നമ്മുടെ പ്രതിദിനകർത്തവ്യഭാരങ്ങളെയും, വൈരുദ്ധ്യങ്ങളെയും കുരിശുകളെയും നാം സാനന്ദം വഹിക്കണം. ലോകം

മൗഢ്യമെന്നു തള്ളിക്കളയുന്നവയെ നാം സമാശ്ലേഷിക്കണം. നമ്മുടെ അധമാംശങ്ങളെയാണു് നാം ക്രൂശിക്കേണ്ടതു്. നാം ഹൃദയപൗരുഷ്യത്തെ പരിത്യജിക്കണം; മാനസികവിദ്വേഷത്തെ തിരസ്കരിക്കണം. നമ്മുടെ സംഭാഷണം ഉള്ള സംഗതിയിൽ ഉവ്വ്, ഉവ്വ് എന്നും, ഇല്ലാത്ത സംഗതിയിൽ, ഇല്ല, ഇല്ല, എന്നുമല്ലാതെ, വക്രതയും കുടിലതയുമുള്ളതായിരിക്കരുതു്. അപ്രകാരം നാം അന്തസ്സത്തയെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ വിധേയപ്പെടുത്തിക്കൊണ്ടു് നമ്മുടെ മനുഷ്യത്വത്തെ മുഴുവനായി ക്രിസ്തുവിന്റെ പ്രബോധനപ്രകാരം ഉദ്ധരിക്കണം.

മനുഷ്യരാശി, മനുഷ്യത്വത്തെപ്പററിയുള്ള അതിന്റെ തെററായ വീക്ഷണത്തിൽ ഏററം ശ്രേഷ്ഠമായിക്കരുതിയവയെല്ലാം, ക്രിസ്തു ഏററം വിധ്വംസകവും, വിദ്വേഷപരവുമായിക്കരുതുന്നു. നരവംശം സ്വാഗതം ചെയ്തവയെ ക്രിസ്തു തിരസ്കരിച്ചു. ലോകം ഒന്നാംസ്ഥാനത്തു പ്രതിഷ്ഠിച്ചവക്കു് ക്രിസ്തു അവസാനസ്ഥാനം നൽകി. ലോകം, മരണമെന്നു പ്രസ്താവിച്ചതിനെ ക്രിസ്തു ജീവനെന്നു് ഉദ്ഘോഷിച്ചു. മനുഷ്യസ്വഭാവം സമയപരിധിയെ ലാക്കാക്കി വിധിക്കുന്നു. ക്രിസ്തു എല്ലാം നിത്യത്തെ മാനദണ്ഡമാക്കി മനനം ചെയ്യുന്നു. അതാണു് ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ദൃശ്യമാകുന്ന വിപര്യയങ്ങൾക്കു് കാരണം.

## ലോകോത്തരമായ
## വ്യക്തിപ്രഭാവം

ലോകചരിത്രം പരിശോധിച്ചുകൊണ്ടു്, ആഗോള വിഖ്യാതരായ സ്ത്രീപുരുഷന്മാരുടെ സ്വഭാവത്തെയും, വ്യക്തിത്വത്തെയും നിരീക്ഷണ വിധേയമാക്കുക. അവരിൽ കുററവും, കുറവുമില്ലാത്തവരയായി ആരെങ്കിലുമുണ്ടോയെന്നു് പരിപക്വമായ വിധി പ്രസ്താവിക്കുക. എന്നാൽ യേശുക്രിസ്തുവിലോ, അദ്ദേഹത്തിൻെറ അനുഗ്രഹസമ്പന്നയും, സൗഭാഗ്യവതിയുമായ മാതാവിലോ യാതൊരു കളങ്കമോ കറയോ, കാണാൻ സാധിക്കുകയില്ല. മതസ്ഥാപകന്മാർ, സമുദായോദ്ധാരകന്മാർ, തത്വശാസ്ത്രവിശാരദന്മാർ, പണ്ഡിതാഗ്രേസരന്മാർ, യുദ്ധവീരന്മാർ, ധീരോദാത്തന്മാർ, മുതലായിട്ടുള്ളവരിൽ, ഏതു വ്യക്തിക്കെങ്കിലും അവരുടെ മിത്രങ്ങളുടേയും, ശത്രുക്കളുടേയും, സമക്ഷം ക്രിസ്തുവിനെപ്പോലെ ''എന്നിൽ ഏതെങ്കിലും അധമ്മമോ, കുററമോ ആരോപിക്കുവാൻ ആക്കെങ്കിലും കഴിവുണ്ടോ?'' (യോഹ: 8–46) എന്നു് നിര്വ്വിശങ്കം അനുയോഗിക്കുവാൻ ധൈര്യം വരുമോ? ക്രിസ്തുനാഥൻെറ ഈ ചോദ്യത്തിനു് പ്രതികരണമായുണ്ടായ തികഞ്ഞ മൂകത അദ്ദേഹത്തിൻെറ കുററരാഹിത്യത്തേയും, നിഷ്ക്കന്മഷതയെയും ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയായിരുന്നില്ലേ! ''അദ്ദേഹം പാപമൊഴികെ എല്ലാ സംഗതികളിലും നമ്മോടു തുല്യനാണു്.'' (സെൻറു് പോൾ ഹിബ്ര്യു: 4–15)

ക്രിസ്തുവിൻെറ ശത്രുക്കൾക്കുപോലും, അദ്ദേഹത്തിൻെറ കുററരാഹിത്യത്തെപ്പററി സുവ്യക്തമായി സാക്ഷ്യം വഹിക്കേണ്ടിവന്നു. വഞ്ചകന്മാരായ യഹൂദപ്രമാണികൾ

അദ്ദേഹത്തെ എല്ലാവശങ്ങളിൽനിന്നും വട്ടമിട്ട്, സൂക്ഷ്മ പരിശോധന ചെയ്തുകൊണ്ട്, അദ്ദേഹത്തിൻെറ അധരപുടങ്ങളിൽ നിന്നു നിർഗ്ഗളിക്കുന്ന ഏതെങ്കിലുമൊരു വാക്കിൽക്കുടുക്കണമെന്നു തന്നെ നിശ്ചയിച്ച്, വളരെക്കരുതിക്കൂട്ടി കൗശലപൂർവ്വം സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങളും ഉന്നയിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. കുതന്ത്രപടുക്കളായ യഹൂദന്മാർ, വീണ്ടും ഉദ്ദിഷ്ടം സാധിക്കുന്നതിനു്, ഏററം ദുഷ്കരമെന്നു് അവർ വിചാരിച്ചിരുന്ന രണ്ടു വിഷമപ്രശ്നങ്ങൾ ക്രിസ്തുനാഥൻെറ നേക്കു് എയ്തുവിട്ടുന്നു: സീസറിനു നികുതി നല്കണമോയെന്നും, വ്യഭിചാരക്കുററത്തിനു പിടിക്കപ്പെട്ട സ്ത്രീയുടെമേൽ എന്തു നടപടിയാണു് കല്പിക്കാനിരിക്കുന്നതെന്നും. ഈ സങ്കീർണ്ണ പ്രശ്നങ്ങളിൽക്കൂടി ക്രിസ്തുവിനെ കുടുക്കാമെന്നു വിചാരിച്ച കുടിലമതികൾക്കു്, സർവ്വദർശിയായ ഭഗവാനിൽ നിന്നും ചുട്ട മറുപടി കിട്ടി. ഏതു കുരുക്കും സുഗമമായിട്ടഴിക്കുവാൻ കഴിവുററ മികച്ച പ്രതിഭാശാലിയാണു ക്രിസ്തുനാഥനെന്നു് ഈ മറുപടി വ്യക്തമാക്കി.

ഏതാണ്ടു പന്ത്രണ്ടു മണിക്കൂർ സമയത്തെ കേസു വിസ്താരവും, ചോദ്യപ്രചോദ്യങ്ങളും, വിതണ്ഡാവാദങ്ങളും നടത്തിയിട്ടും, യഹൂദന്മാൎക്കു് റോമൻ ജഡ്ജിയുടെ മുൻപിൽ ക്രിസ്തുവിനെ കുററക്കാരനാക്കാൻ കഴിഞ്ഞില്ല. അവസാനം, ഭീരുവും, ചകിതഹൃദയനുമായ പീലാത്തോസ്, യാതൊരു കുററവുമില്ലാത്ത യേശുവിനെ ക്രൂശിക്കുന്നതിനു ഭരമേല്പിച്ചപ്പോൾ, ലേശം ആത്മാൎത്ഥതയില്ലാതെ "'ഈ നീതിമാൻെറ രക്തത്തിൽ ഞാൻ നിർദ്ദോഷിയാണു്; നിങ്ങൾ ഇതിൽ കുററക്കാരാണു്'" (മത്താ: 27–24) എന്നു് തൻെറ ദൃഢവിശ്വാസം കരങ്ങൾ കഴുകിക്കൊണ്ടു പ്രസ്താവിക്കുകയുണ്ടായി. അപ്രകാരംതന്നെ മിത്രഭാവത്തിൽ ഒററിക്കൊടുത്ത ദുർഭഗനായ യൂദാസ്, 'കുററരഹിതമായ രക്തം ഒററികൊടുത്തതിനാൽ ഞാൻ പിഴച്ചു പോയി' (മത്താ: 27–4) എന്നു് ഗുരുനാഥൻെറ അപരാധരാഹിത്യത്തിനു സ്വയം സാക്ഷ്യം വഹിച്ചു.

ശത്രുക്കൾക്കു മാത്രമല്ല ഉററമിത്രങ്ങൾക്കും, യാതൊരു കളങ്കവും യേശുവിൽ കാണാൻ കഴിഞ്ഞിട്ടില്ല. ''യാതൊരുത്തനും തൻെറ വീട്ടുകാരുടെ മദ്ധ്യേ പരാക്രമശാലിയാകുന്നില്ല,'' എന്ന പഴമൊഴിപോലെ, യൂദാസിനാകട്ടെ, മറേറതെങ്കിലുമൊരു ശിഷ്യനാകട്ടെ, ഒരു നിസ്സാരമായ തെറേറാ അതിൻെറ ഒരു ലാഞ്ഛന പോലുമോ, ക്രിസ്തുനാഥനിൽ കണ്ടുപിടിക്കുവാൻ ഒരിക്കലും സാധിച്ചിട്ടില്ല. നേരേ മറിച്ച് എല്ലാവരും അദ്ദേഹത്തെ കുററമററവനും നീതിമാനുമായിപ്പരിഗണിച്ചിരുന്നു. നീ എനിക്കു പ്രതികൂലിയാകയാൽ എൻെറ പിന്നിൽപ്പോകുകയെന്ന് കുററപ്പെടുത്തപ്പെട്ട പത്രോസ് ''അദ്ദേഹം കറയും കളങ്കവുമില്ലാത്ത കുഞ്ഞാട്'' (1. പത്രോ. 1–19) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വീണ്ടും അദ്ദേഹം, പാപം ചെയ്യുകയോ തൻെറ വായിൽ വഞ്ചന കാണപ്പെടുകയോ ചെയ്യാത്തവൻ'' എന്ന് (1. പത്രോ–2–22) പ്രസ്താവിക്കുന്നു.

യേശുവിൻെറ ആപ്തമിത്രമായ ജോൺ പറയുന്നു. ''അദ്ദേഹം നീതിമാനാകുന്നു.'' എന്ന്. (1 ജോ: 2–29) വിശുദ്ധ പോൾ എബ്രായാക്കാർക്കുള്ള ലേഖനത്തിൽ ഖണ്ഡിതമായി വിശേഷിപ്പിക്കുന്നു. ''യേശുക്രിസ്തുവിൽ പാപലേശമില്ലെന്നതൊഴിച്ചാൽ എല്ലാ സംഗതികളിലും നമ്മെപ്പോലെയായിരുന്നു'' എന്ന്. (സെൻറ് പോൾ ഹിബ്രൂ. 4–15)

## അദ്ദേഹം ആരെന്നോ?

യേശുക്രിസ്തുവിൻെറ ശോകാന്തജീവിതത്തിലെ അവസാനരംഗങ്ങളും, അത്തും അദ്ദേഹം നിശ്ശേഷം വിനീതനാക്കപ്പെട്ട ഭാഗങ്ങളും, കാണുകയും, വിധികർത്താക്കന്മാരുടെ സമക്ഷം അദ്ദേഹം പറഞ്ഞ മറുപടി കേൾക്കുകയും, അദ്ദേഹത്തിൻെറ മാഹാത്മ്യദ്യോതകമായ പെരുമാററം പരിശോധിക്കുകയും, അദ്ദേഹത്തിൻെറ ഹൃദയസ്പർശിയായ ആദ്ധ്യാത്മികമേന്മ വീക്ഷിക്കുകയും ചെയ്ത റോമൻ ശതാധിപൻ, ''സത്യമായും ഇദ്ദേഹം ദൈവപുത്രനാണ്.'' (മത്താ: 27–54) എന്ന് ഉച്ചത്തിൽ ഉദ്ഘോഷിച്ചു. ഈ ദൃഢഹൃദയനായ റോമൻ യോദ്ധാവ് ക്രിസ്തുവിൻെറ ക്രൂശിലെ മൂന്നുമണിക്കൂർ നീണ്ടുനിന്ന മരണവ്യഥയ്ക്ക് ദൃക്സാക്ഷിയാവുകയും, ക്രിസ്തുവിൻെറ അന്തിമവചസ്സുകൾ ശ്രവിക്കുകയും, രക്ഷകൻെറ മരണവേളയിൽ സൂര്യൻ നിഷ്പ്രഭനാകുന്നതും ഭൂമി കലുങ്ങുന്നതും നേരിട്ടു കാണുകയും ചെയ്തു. കേവലം അക്രൈസ്തവനായ ഈ കഠിനഹൃദയനായ യോദ്ധ്യവീരനെ ക്രിസ്തുവിൻെറ ജീവിതത്തിലെ അവസാനസമയം അതിഗാഢമായി സ്പർശിച്ചുവെങ്കിൽ, അതിൽ എത്രയോ കൂടുതലായി യേശുവിൻെറ മുഴുവൻ ജീവിതവും നമ്മെ പ്രചോദിപ്പിക്കാതിരിക്കയില്ല.

ഇതാ, കാലിത്തൊഴുത്തിൽ ജാതനാകുന്ന ആ ശിശുവിനെ കണ്ടാലും! അദ്ദേഹത്തിൻെറ മുന്നിൽ സ്വർഗ്ഗം തുറക്കപ്പെടുന്നു. ദൈവദൂതവൃന്ദങ്ങൾ അദ്ദേഹത്തെ വട്ടമിട്ടുകൊണ്ട്, നിസ്തുലസ്തുതിഗീതങ്ങൾ ആലപിക്കുന്നു. സർവ്വത്ര അംഗീകൃതവും, ഏററം വിലപ്പെട്ട ചരിത്രരേഖ

യുമായ സുവിശേഷഗ്രന്ഥങ്ങൾ യേശുവിൻെറ ജനനത്തെ മുന്നിട്ടും പിന്നിട്ടുമുള്ള വിശദവിവരങ്ങൾ നമുക്ക് നല്കുന്നുണ്ട്. വി: ലൂക്കാ നിഷ്ക്കപടവും, ഹൃദയാവജ്ജകവുമായ രീതിയിൽ സമുന്നതവും, സുന്ദരവുമായ ഒരു തൂലികാചിത്രം, യേശുവിൻെറ ജനനത്തെയും, സാഹചര്യത്തെയുംപററി ആലേഖനം ചെയ്തിട്ടുണ്ട്. ദരിദ്രരും, സംസ്കാരരഹിതരുമാണെങ്കിലും, നിഷ്ക്കപടരായ ആട്ടിടയന്മാരോടൊപ്പം, സംസ്കാരസമ്പന്നരും, വിശ്രുതവംശജരുമായ മൂന്നു പൗരസ്ത്യപണ്ഡിതന്മാർ അദ്ദേഹത്തെ സപ്രശ്രയം, സാഷ്ടാംഗം, പ്രണമിക്കുന്നു. കുലാചാരമനുസരിച്ച്, ജനനത്തിൻെറ നാല്പതാംദിനം സ്വമാതാവ് അദ്ദേഹത്തെ ദേവാലയത്തിൽ കൊണ്ടുവന്നു സമപ്പിക്കുന്നു. അവിടെ പ്രത്യക്ഷനായ ഒരു വയോവൃദ്ധൻ, കുഞ്ഞായ യേശുവിനെ സ്വകരങ്ങളിൽ വഹിച്ചുകൊണ്ട്, ജനതയ്ക്കും, വംശപരമ്പരകൾക്കും ഈ ശിശുവിനെ ആശ്രയിച്ച് ഉണ്ടാവാനിരിക്കുന്ന ഭവിഷ്യത്തുകളെ പ്രവാചകവീക്ഷണത്തിൽ പ്രഖ്യാപനം ചെയ്യുന്നു. ഇതാ, ഇന്നുവരെയുള്ള രണ്ട് ആയിരത്താണ്ടുകളിലെ ചരിത്രം ആ പ്രവചനത്തിൻെറ അക്ഷരാർത്ഥത്തിലുള്ള പൂർത്തീകരണമായി പരിലസിക്കുന്നു.

മനുഷ്യശക്തിക്ക് അതീതമായ അത്ഭുതകൃത്യങ്ങൾ നിർവ്വഹിച്ച ഈ ക്രിസ്തു ആരാകുന്നു? ''അന്ധന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു. ബധിരർ കേൾക്കുന്നു, മരിച്ചവർ പുനജ്ജീവിക്കുന്നു.'' എന്നിട്ടും, അദ്ദേഹം വെറും മനുഷ്യപുത്രനായി പ്രത്യക്ഷപ്പെടുന്നു. നെററിത്തടത്തിൽനിന്നും രക്തം ഒഴുകത്തക്കവിധം ഗദ്സേമ്മാൻ ഉദ്യാനത്തിൽ വച്ച് അദ്ദേഹം ഭയവിഹ്വലനാകുന്നു. എന്നാൽ ഏതാനും മിനിട്ടുകൾക്കുശേഷം, ബന്ധിക്കുവാൻ സമീപിച്ച യോദ്ധാക്കളെ അഭിമുഖീകരിച്ചുകൊണ്ട്, പ്രഭാപൂരോജ്വലമായ വീക്ഷണത്തിൽ ഒന്നടങ്കം നിലംപതിപ്പിക്കുന്നു.

ഈ യേശു പലസ്തീനായുടെ പാതകളിൽക്കൂടി ക്ഷുത്പിപാസാവിവശനായി, രാത്രിയിൽ തല ചായിക്കുവാൻ വസതിയില്ലാത്തവനായി നടന്നു വലഞ്ഞിരുന്നു. എന്നാൽ അഭീഷ്ടമായിരുന്നപ്പോഠം പ്രകൃതിനിയമങ്ങളെ മാററിമറിച്ചുകൊണ്ടു്, ഒററവാക്കാൽ അന്ധരെയും, വികലാംഗരേയും സുഖപ്പെടുത്തുകയും, വിശന്നുതളൎന്ന പരസ്സഹസ്രം പേരെ ഏതാനുമപ്പക്കഷണങ്ങഠംകൊണ്ടു് മൃഷ്ടാന്നമൂട്ടുകയും ചെയ്തു. അതേസമയംതന്നെ കേവലം സാധാരണ മനുഷ്യരെപ്പോലെ തീൎത്തും ക്ഷീണിതനായിത്തളൎന്നു്, ഗാഢനിദ്ര പ്രാപിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹം കടൽക്ഷോഭത്തിൽപ്പെട്ട പടവിൽ നിന്നുകൊണ്ടു് തിരമാലകളോടു് കല്പിക്കുകയും, അവയെ പ്രശാന്തമാക്കുകയും ചെയ്തു. മരിച്ചടക്കിയതിൻെറ നാലാംദിവസം ശവകുടീരത്തിൽച്ചെന്നിട്ടു്, ലാസറിൻെറ ചീഞ്ഞഴിഞ്ഞുതുടങ്ങിയ മൃതദേഹം പുനൎജ്ജീവിച്ചു പുറത്തു വരാൻ അദ്ദേഹം ആജ്ഞാപിച്ചു. (യോ. 11–44.) മൃതനായ ലാസർ, കെട്ടപ്പെട്ട കരചരണങ്ങളോടും പ്രേതാവരണത്തോടുംകൂടി ഉയിൎത്തു പുറത്തുവരുകയും ചെയ്തു.

ദൈവത്തിനോ, ദൈവദത്തമായ അധികാരമുള്ള ഒരു വ്യക്തിക്കോ അല്ലാതെ മരിച്ചയോരാളെ പുനർജ്ജീവിപ്പിക്കുവാൻ കഴിയുമോ? യേശുക്രിസ്തു ദൈവപുത്രനാണെന്നു് സ്വയം പ്രഖ്യാപിക്കുകയും, ദൈവത്തിനു മാത്രം കഴിവുള്ള പ്രവൃത്തികഠം അതിനു് തെളിവായി അവതരിപ്പിക്കുകയും, (യോ. 10–38) പ്രധാനാചാര്യൻെറ സമക്ഷം ദൈവപുത്രനാണെന്നു പരസ്യമായിപ്പറയുകയും, ആ തുറന്ന പ്രസ്താവനമൂലം മരണം സ്വയംവരിക്കുകയും (മാക്കു്: 14–61) ചെയ്തുവെങ്കിൽ, അദ്ദേഹം ഒരു വഞ്ചകനാണോ? ഒരു വഞ്ചകനു് അനുകൂലമായി ദൈവം സാക്ഷ്യം നില്ക്കുമോ? ക്രിസ്തുവിൻെറ മരണസമയത്തു്, ഭൂമി കുലുങ്ങുക, സൂര്യനിരുളുക, പാറ പൊട്ടിപ്പിളരുക മുതലായ പ്രകൃതിയുടെ പ്രതിഭാസങ്ങഠം നിരീക്ഷിച്ച റോമൻ ശതാധിപൻ ഏററവും യുക്തിപൂൎവ്വം ക്രിസ്തു

ദൈവപുത്രനാണെന്ന നിഗമനത്തിലെത്തിച്ചേർന്നു. ആ അനുമാനം, അയാറം പ്രധാനാചാര്യൻെറ കച്ചേരിയിൽ വച്ച് ക്രിസ്തുവിൻെറ അധരങ്ങളിൽനിന്നും ശ്രവിച്ച സത്യത്തിൻെറ ആവർത്തനമായിരുന്നു.

അവസാനം പീഡകളാൽ ആവൃതമായ ക്രിസ്തുനാഥൻെറ മൃതശരീരം കുരിശിൽനിന്നിറക്കി, നൂറു റാത്തൽ തൂക്കം വരുന്ന സുഗന്ധതൈലങ്ങളിൽ അഭിഷേചിച്ച് (ജോ: 19–39) ശവകുടീരത്തിൽ സംസ്കരിക്കുകയും, മരണാനന്തരം ക്രിസ്തുനാഥൻ മൂന്നാംദിനം ഉയിർക്കുകയും, അങ്ങനെ ദൈവത്വത്തെപ്പററിയുള്ള എല്ലാ സംശയങ്ങളും എന്നന്നേയ്ക്കുമായി പാടേ ദൂരീകരിക്കുകയും ചെയ്തു. കേസറിയാ ഫിലിപ്പിയിൽ വച്ച് പീററർ, ''നീ ജീവനുള്ള ദൈവത്തിൻെറ പുത്രനാണെന്നുദ്ഘോഷിക്കുകയും, ആ പ്രഖ്യാപനത്തെ ''യോനായുടെ പുത്രനായ ശമ്ഓനേ, നീ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലുള്ള എൻെറ പിതാവല്ലാതെ മാംസരക്തങ്ങളല്ല ഇതു നിനക്കു വെളിപ്പെടുത്തിയതു്. (മത്താ. 16–16–17) എന്ന യേശുവിൻെറ പ്രസ്താവനയാൽ ഉറപ്പിക്കുകയും; വീണ്ടും യേശു വാഗ്ദാനംചെയ്തപ്രകാരം യോനാസ്പ്രവാചകൻെറ അടയാളത്താൽ അനന്തര സംഭവവികാസങ്ങളെല്ലാം അനിഷേധ്യമായി പ്രസ്പഷ്ടമാക്കുകയും ചെയ്തു.

## ഒരു സങ്കല്പപുരുഷനുമല്ല ഭാവനാസൃഷ്ടിയുമല്ല, എങ്കിൽ

യേശുക്രിസ്തു, ഈശ്വരൻ മാത്രമല്ല. സാക്ഷാൽ മനുഷ്യനുമാകുന്നു. അദ്ദേഹം റോമൻ സാമ്രാജ്യാധിപന്മാരായ ആഗസ്റ്റസ്സിൻെറയും, റെറബറിയസ്സിൻെറയും, ഭരണകാലത്തു ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ വ്യക്തിപരമായ ചരിത്രകാല പ്രവൃത്തിമണ്ഡലം പാലസ്റ്റയിൻ ആയിരുന്നു. ആകയാൽ അദ്ദേഹം മിഥ്യയോ, സങ്കല്പപുരുഷനോ.ആയിരുന്നില്ല. ക്രിസ്തുവിൻെറ ലോകാവതാരകാലം പ്രവാചകവിചക്ഷണന്മാരാൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു് മുഴവനും എല്ലാവക്കും സുജ്ഞാതമായിരുന്നിരിക്കയില്ല. പേരുകളെയും, ചെയ്തികളെയുംപററി, ചരിത്രവും, ഐതിഹ്യവും പരസ്പരം വാഗ്വാദംചെയ്താലും, അദ്ദേഹത്തിൻെറ ജനനസ്ഥലം അപ്രാപ്യമായ ഒരു വിജനനാടിൻെറ മൂക്കോ മൂലയോ അഥവാ ഒരു വിദൂരദ്വീപോ ആയിരുന്നില്ല. അദ്ദേഹം ബഹുജനസമക്ഷം സമാഗതനായ സമയവും,സ്ഥലവും, സുപ്രസിദ്ധമായ ചരിത്രസംഭവങ്ങളാണു്. ക്രിസ്തു, ആഗസ്റ്റസ് ചക്രവത്തിയുടെ ഭരണകാലത്തു ജനിക്കുകയും, റെറബിരിയസ്സ് ചക്രവത്തിയുടെ കാലത്തു്, മരിക്കയും ചെയ്തു. അതുകൊണ്ടു് യേശുമിശിഹാ യഹൂദനായ പീലോസ്യുടേയും, തീത്തുസ്‌ലേവിയൂസിൻെറയും, തത്ത്വപണ്ഡിതനായ സെനക്കായുടേയും, സമകാലികനായിരുന്നു. പ്രധാന പുരോഹിതന്മാരായ അന്നാസ്, കയ്യാഫാസ്, ശ്രേഷ്ഠ ഗുരുഭൂതനായ ഗമലിയേൽ, ശിഷ്യപ്രമുഖനായ സാവൂം, (അനന്തരകാലം പോൾ എന്നറിയപ്പെടുന്ന നികരററ സു

വിശേഷപ്രസംഗകൻ) ഹേറോദേസ് രാജകുടുംബാംഗങ്ങരം, പന്തിയോസ് പീലാത്തോസ് മുതലായവരുമായി, എന്തൊക്കെയോ കാര്യങ്ങളിൽ നസ്രത്തിലെ യേശുവിനു ഇടപെടേണ്ടിവന്നിട്ടുണ്ടായിരുന്നു. വെർജിൻ അല്പം മുമ്പേ ദിവംഗതനായിരുന്നു. താച്ചിത്തൂസും, സ്വത്തോനിയൂസും സ്വല്പം താമസിച്ചാണു് സമാഗതരായതു്. ഏതന്മൂലം അവക്കു ക്രിസ്തുവിന്റെ അഭികാമ്യമായ ദിവസദർശനം ലഭിച്ചില്ല. മേൽപ്രസ്താവിച്ച എല്ലാ ചരിത്രപുരുഷന്മാരുടേയും വൃത്താന്തങ്ങരം നമുക്കെല്ലാവർക്കും സുജ്ഞാതങ്ങളാണു്. ഏവംവിധം, ജോൺസ്നാനപകൻ, സൈമൺപീററർ, സപദീപുത്രനായ ജോൺ, ജറുസലേമിലെ ജയിംസ്, ആ കാലഘട്ടത്തിലെ മററനേകം പ്രശസ്തവ്യക്തികരം, എന്നിവരെയെല്ലാം നാം സമൃക്കായി അറിയുന്നു. അവരെപ്പററിയെല്ലാം നമുക്കു് ബഹുലമായ സാക്ഷ്യങ്ങളുണ്ടു്.

യേശുക്രിസ്തുവിന്റെ പ്രവത്തനരംഗം ഏററം വിഖ്യാതമാണു്. പാലസ്തീനാ അന്നത്തെ പരിഷ്കൃതലോകത്തിന്റെ തൊട്ടുകുറിയെന്നോണം ഏകദേശം നടുത്തട്ടായി പ്രശോഭിച്ചിരുന്നു. റോമും, ഗ്രീസും പടിഞ്ഞാറുനിന്നും, യഹൂദവംശജരുടെമേൽ സ്വാധീനം ചെലുത്തിയിരുന്നപ്പോരം, ഈജിപ്തു്, യഹൂദന്മാരുടെ സുകുമാരകലകളോട്ടു് സ്വകീയസംസ്കാരം കലത്തി, സംസ്കാരസമന്വയം സാധിച്ചിരിക്കുന്നു. സംസ്കൃതരായ ഭാരതത്തിലെ ആര്യന്മാരും ചൈനയിലെ മംഗോളിയരും എബ്രായജനങ്ങളാൽ അറിയപ്പെട്ടവർ മാത്രമല്ല, അവർ കച്ചവടവ്യവസായങ്ങളിൽ പരസ്പരം പങ്കുചേരുകയും ചെയ്തിരുന്നു. ഈ വക കാരണങ്ങളാൽ ഉന്നതസ്തംഭത്തിൽ സ്ഥാപിതമായ ദീപംപോലെ അഖിലലോകത്തെയും പ്രകാശിപ്പിക്കുന്നതിനുവേണ്ടി, എല്ലാവക്കും സുവിദിതമായ ഒരു സ്ഥലത്തുതന്നെയായിരുന്നു ക്രിസ്തുവിന്റെ പ്രത്യക്ഷീകരണമെന്ന വസ്തുത നിർവിവാദമായിത്തീരുന്നു. അതു

കൊണ്ടു് ക്രിസ്തുവിൻെറ അസ്തിത്വത്തെയും, ചെയ്തിക ളെയുംപററി ആക്കുംതന്നെ അജ്ഞതയോ, സംശയമോ പ്രകടിപ്പിക്കുവാൻ അവകാശമില്ല. ചരിത്രപടുവായ വി. ലൂക്ക്, ക്രിസ്തുവിൻെറ ജനതാമദ്ധ്യത്തിലുള്ള സ മാഗമനത്തെപ്പററി വികല്പലേശമെന്യേ,— ഏതത്പര്യ ന്തമുള്ള ഏതു ചരിത്രവസ്തുതയേയും അതിശയിക്കുന്ന സൂക്ഷ്മതയോടുകൂടി—ചിത്രീകരിച്ചിരിക്കുന്നു. "തേബെ റിയോസ് കേസറിൻെറ വാഴ്ചയുടെ പതിനഞ്ചാമാ ണ്ടിൽ, പന്തിയോസ് ഫീലാത്തോസ് യൂദയാ നാടു വാഴുമ്പോരം, ഹേറോദേസ് ഗ്ലീലായിൽ, നാലാംക്കൂർ അധികാരിയും, അയാളുടെ സഹോദരനായ ഫിലിപ്പോ സ്, ഇന്തോറിയായിലും, ത്രാക്കോനാപ്രദേശത്തും, നാ ലാംകൂറധികാരിയും, ലൂസാനിയാ, അബിലാനയിൽ നാലാംകൂറധികാരിയും ആയിരിക്കുമ്പോരം, ഹന്നാൻെറ യും, കയ്യാഫായുടേയും പ്രധാനാചാര്യത്വത്തിൽ" .... (ലൂക്ക്. 3–11) (സ്കറിയായുടെ പുത്രനായ യോഹന്നാൻ സ്നാപകൻെറ പ്രസംഗപരമ്പരയും, അവയിൽ യേശുക്രി സ്തുവിനെ ലോകത്തിനു വിളംബരപ്പെടുത്തുന്ന ഭാഗവും പാരായണം ചെയ്യുക.)

അക്രൈസ്തവഗ്രന്ഥകാരന്മാരിൽനിന്നു് യേശുക്രിസ്തു വിനെസംബന്ധിച്ച് നമുക്കു് സുനിശ്ചിതമായ രേഖക ളുണ്ടു്. യഹൂദചരിത്രകാരനായ ജോസഫൂസ്, മതഗ്രന്ഥ മായ തൽമൂദ്, അനാഗതനായ പ്ലീനി, ഹാസ്യരസിക നായ താച്ചിത്തൂസ്, ചരിത്രകാരനായ സൂത്തോനിയൂ സ് മുതലായവർ പ്രഥമ ക്രിസ്ത്വബ്ദത്തിൽ ക്രിസ്തുവിനെ പ്പററി വ്യക്തമായ പ്രസ്താവനകരം ചെയ്തിട്ടുണ്ടു്.

എന്നാൽ, യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ഏററവും വിശ്വസനീയമായ സാക്ഷ്യം, സിദ്ധോത്തം സവും അഗാധപണ്ഡിതനുമായിരുന്ന പൗലോസിൻെറ ലേഖനങ്ങരം തന്നെയാണു്. അവയിൽ ഗാലത്തിയക്കും, കൊറീന്തയക്കും, റോമാക്കാക്കും, മററുമുള്ളവ, യേശുക്രിസ്തു വിൻെറ അതിദാരുണമായ മരണത്തിൻെറ ഇരുപത്ത

ഞ്ചാം വാർഷികത്തിനു മുൻപുതന്നെ രചിച്ചിട്ടുള്ളവയത്രെ. ഇവ ക്രിസ്തുവിൻെറ ജീവചരിത്രകഥനമായി എഴുതിയിട്ടുള്ളവയല്ല. എന്നാൽ, അവയെ നാം പരിശോധിക്കുകയാണെങ്കിൽ, ക്രിസ്തുവിൻെറ ജീവിതചരിത്രം മുഴുവനും സമാഹരിക്കുവാൻ സാധിക്കും.

ക്രിസ്തുഭഗവാൻെറ ക്രൂശാരോഹണത്തിൻെറ 25-ാം സംവത്സരം കഴിയുന്നതിനു മുമ്പ്, ചരിത്രപുരുഷനായ ക്രിസ്തുവിനെപ്പററി, ജഡരക്തങ്ങളോടുകൂടിയ യേശു മ്ശിഹായെപ്പററി, സ്വശിഷ്യഗണത്തോടുകൂടി സംസാരിക്കുകയും, ഭക്ഷിക്കുകയും, എല്ലാ മാനുഷികസവിശേഷതകളോടുംകൂടിയ ക്രിസ്തുവിനെപ്പററി. വി.പൗലോസ് പ്രസ്താവിക്കുന്നു: ''ഒരു വ്യക്തിയുടെ മരണശേഷം രണ്ടരദശവർഷങ്ങൾ കഴിയുന്നതിനു മുമ്പായി അയാളെ ഒരു സങ്കല്പപുരുഷനോ, വെറുമൊരു മിഥ്യയോ ആക്കാമെന്നു ചിന്തിക്കാൻപോലും ശക്യമല്ല.''

ക്രിസ്താബ്ദം 66—നു മുമ്പ്, ജറൂസലേമിൻെറ അധഃപതനത്തിനു മുമ്പായി, മത്തായിയും, മർക്കോസും, ലൂക്കായും വിവരിച്ചിട്ടുള്ള സുവിശേഷങ്ങളിൽ ആ ഗ്രന്ഥകാരന്മാരുടെ വ്യക്തിപരമായ അനുഭവങ്ങളുടെ നവ്യസുഗന്ധം ആദ്യന്തം പ്രായേണ നാം ആസ്വദിക്കുന്നുണ്ട്. ക്രിസ്താബ്ദത്തിൻെറ അവസാനഘട്ടത്തിൽ, വിരചിതമായ, വി. ജോണിൻെറ സുവിശേഷത്തിൽ, യേശുവിനോടുള്ള ഗ്രന്ഥകാരൻെറ ആപ്തവും, അഗാധവും, വ്യക്തിഗതവുമായ സൗഹൃദം പ്രസ്പഷ്ടമായി പ്രതിബിംബിക്കുന്നുണ്ട്. നാലു സുവിശേഷകന്മാരും. ക്രിസ്തുവിൻെറ ജനനം, ജീവിതം, പ്രഭാഷണങ്ങൾ, ചെയ്തികൾ, മരണവൃത്താന്തം, മരണാനന്തരസംഭവങ്ങൾ, എന്നുവേണ്ട, മററു നിസ്സാരസംഭവങ്ങൾകൂടിയും; ഒന്നുംവിടാതെ, അഛസ്ഫടികസങ്കാശമായി വർണ്ണിക്കുന്നുണ്ട്. അവനവൻെറ അഭിരുചിയനുസരിച്ചും, അവനവൻെറ ആസൂത്രണതയ്യോത്ത വിധത്തിലും, സാഹചര്യങ്ങൾക്കനുസൃതമായും, ഓരോ സുവിശേഷകനും യേശുക്രിസ്തുവിൻെറ ജീവിതത്തെ

പ്പററി വിശദീകരിക്കുന്നു. ക്രിസ്തു ചരിത്രത്തിൻെറ ബാഹ്യക്രമീകരണത്തിൽ, ആ കാലഘട്ടത്തിലെ ചരിത്രപശ്ചാത്തലം യഹൂദന്മാരുടെ സാമ്പത്തികവ്യവസ്ഥിതി, യഹൂദപ്പരിഷയുടെ ചിത്തവൃത്തി എന്നിവയെല്ലാം യഥാതഥം ചിത്രീകരിച്ചിട്ടുണ്ടു്. ഇവയും ഇവയ്ക്കു തുല്യമായ മററു വിശദാംശങ്ങളും നിഷ്കൃഷ്ടമായി വിവരിച്ചുകൊണ്ടു്, ഈ നാലു സുവിശേഷകന്മാരും, സാമാന്യജ്ഞാനമുള്ള ആധുനികനിരീക്ഷകന്മാക്കു്, ക്രിസ്തു ചരിത്രപുരുഷനാണോ എന്ന സംശയം നിരുപാധികം നിവാരണം ചെയ്യുന്നു.

## വിശ്വാസത്തിൻെറ സൃഷ്ടിയോ?

ഏററം ആക്ഷേപാർഹമായ കുരിശുമരണം വരിച്ച ഒരു വ്യക്തിക്കു്, ഇരുപത്തിയഞ്ചാമത്തെയോ, അമ്പതാമത്തെയോ വർഷത്തിൽ, ദൈവമായി പ്രതിഷ്ഠ ലഭിക്കുകയെന്നതു് സാമാന്യരായ നമുക്കു് വിചാരസഹമേയല്ല. ഒരു വെറും മനുഷ്യനെ ദൈവമാക്കി രൂപാന്തരപ്പെടുത്തുന്നതിനു് തീർച്ചയായും ഏറെക്കാലം എടുക്കാതിരിക്കയില്ല. എന്നാൽ യേശുവിൻെറ ശിഷ്യന്മാരും, ആദ്യക്രിസ്ത്യാനികളും, യേശുക്രിസ്തുവിൻെറ ദൈവത്വത്തിൽ വിശ്വസിച്ചിരുന്നെങ്കിൽ ക്രിസ്തുനാഥനു ദൈവപ്രതിഷ്ഠ ലഭിക്കുവാൻ കാലപരിഗണന ഒരു പ്രശ്നമേയായിരുന്നില്ല.

വിശുദ്ധ പൗലോസിൻെറ ജഡരക്തങ്ങളോടുകൂടിയ ക്രിസ്തു മഹത്ത്വത്തിൻെറ നാഥനും, ദൈവമനുഷ്യനുമാണു്. സുവിശേഷഗ്രന്ഥങ്ങൾ, പൗരാണികക്രൈസ്തവരുടെ പ്രസ്ഫുടമായ വിശ്വാസത്തെ ഉൾക്കൊള്ളുന്ന നിർമ്മലനിക്ഷേപശാലകളത്രെ. സുവിശേഷകന്മാരുടെ യേശുക്രിസ്തു—അവരോടുകൂടിസ്സഞ്ചരിക്കുകയും, പ്രഭാഷിക്കുകയും, ഭക്ഷിക്കുകയും, പഠിപ്പിക്കുകയും ചെയ്ത യേശുമിശിഹാ—അദ്ദേഹം തന്നെയാണ് അത്ഭുതപ്രവത്തകനായ ആ നസ്രേയൻ. അവർ, പത്രോസിൻെറ നേതൃത്വത്തിൽ ''നീ ജീവനുള്ള ഈശ്വരൻെറ പുത്രനാകുന്നു''എന്നു പ്രഖ്യാപിച്ചതും, അദ്ദേഹത്തെപ്പററിത്തന്നെ.

മാംസരക്തങ്ങളോടുകൂടിയ സ്വഗുരുഭൂതൻ—നസ്രേത്തിലെ യേശു—ദൈവസുതൻതന്നെയാണെന്നു്, വി.ജോൺ

അദ്ദേഹത്തോടുള്ള പരിചയത്തെ ആസ്പദമാക്കി, ആക്കം അനിഷേധ്യമായി വിശ്വസിക്കത്തക്കവിധം, സുവിശേഷത്തിൽ വിശദമായി പ്രഖ്യാപിക്കുന്നുണ്ട്. ചരിത്രപുരുഷനായ യേശുക്രിസ്തു തന്നെയാണ് വിശ്വാസദീപ്തനായ യേശുക്രിസ്തുവും എന്ന്, വി. ജോൺ എന്നെന്നേയ്ക്കുമായി തെളിയിച്ചിരിക്കുന്നു. വീണ്ടും വിശുദ്ധ ജോൺ യേശുക്രിസ്തു അദ്ദേഹത്തിൻെറ ഐഹികജീവിതത്തിൽ മനുഷ്യാതീതമായ അദ്ദേഹത്തിൻെറ ഔന്നത്യത്തെപ്പററി എപ്പോഴും പൂർണ്ണബോധവാനായിരുന്നുവെന്ന്, സർവ്വശക്തിയോടുംകൂടെ വിശദമാക്കുന്നുണ്ട്.

ഇതുവരെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, നസ്രത്തിലെ യേശുക്രിസ്തുവും, വിശ്വാസികളുടെ യേശുക്രിസ്തുവും ഒരാളതന്നെയാണെന്ന്, വിശുദ്ധ ജോൺ സാക്ഷ്യം വഹിക്കുന്നത് ഒററയ്ക്കോ, ഒന്നാമനോ ആയിട്ടല്ല. ആ സംഗതിയിൽ, എല്ലാ സുവിശേഷകന്മാരും വി. പൗലോസും, ചരിത്രപുരുഷനായ യേശുക്രിസ്തു വഴി ചരിത്രാതീതനായ യേശുക്രിസ്തുവിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. അതു അവരുടെ എല്ലാവരുടേയും, ഏകാഗ്രമായ ദൗത്യമായിരുന്നു. നസ്രത്തിലെ യേശുക്രിസ്തു, സത്യമായും ഈശ്വരപുത്രനാണെന്ന കാര്യത്തിൽ, അവർ പൂർണ്ണബോധത്തോടുകൂടി, ഏകകണ്ഠമായിത്തന്നെയാണ് ആലേഖനം ചെയ്തിട്ടുള്ളത്.

പ്രാചീന ക്രൈസ്തവരുടെ വിശ്വാസവും അങ്ങനെ തന്നെയായിരുന്നു. ആ പവിത്രമായ വിശ്വാസത്തിൻെറ സാക്ഷികളായിട്ടാണ്, പ്രഥമരക്തസാക്ഷിയായ സ്റ്റീഫൻ മുതൽ, ആധുനികകാലത്തെ ''കമ്യൂണിസ്റ്റ് ബലിയാടുകൾ'' വരെ കോടിക്കണക്കിനാളുകൾ, സ്വപ്രേമഭാജനങ്ങളേയും, വസ്തുവകകളേയും മാത്രമല്ല, സ്വജീവനെപ്പോലും ആഹുതിചെയ്ത് ബലി സമർപ്പിച്ചത്. ഇങ്ങനെയുള്ള വിശ്വാസതേജസ്സിൻെറ പ്രഭാപ്രസരം, അന്നുമുതൽ ഇന്നോളമുള്ള എല്ലാ ക്രൈസ്തവതൂലികാകാരന്മാരുടേയും പ്രബന്ധങ്ങളിൽ ഓളംവെട്ടുകയാണ്.

യേശുക്രിസ്തുവിനെ ചരിത്രപുരുഷനായി സമ്മതിക്കാതെ കേവലം ഭാവനാസൃഷ്ടിയായി ചിത്രീകരിക്കുകയും, ചരിത്രപുരുഷനായ യേശുക്രിസ്തുവും, വിശ്വാസ ദീപ്തനായ യേശുക്രിസ്തുവും തമ്മിൽ വ്യതിരിക്തത സ്ഥാപിച്ച്, ഒരു സൈദ്ധാന്തിക വ്യക്തിയായി മറുരൂപപ്പെടുത്തിക്കൊണ്ട്, ക്രിസ്തുനാഥനെ വിഭജിക്കുകയും, അങ്ങനെ ചരിത്രവസ്തുതകളെ വളച്ചൊടിക്കുകയും ചെയ്യുന്നതു ചരിത്രത്തോടുചെയ്യുന്ന അക്ഷന്തവ്യമായ ഒരു കൈയേററവും, ജുഗുപ്സാവഹമായ ഒരപരാധവുമാണ്. അതുകൊണ്ട്, വിശ്വാസദീപ്തനായ യേശുക്രിസ്തുവും മനുഷ്യനായ യേശുക്രിസ്തുവും, വിഭിന്നമല്ലാത്തതിനാൽ, ദൈവമനുഷ്യനായ ഈശോമിശിഹായിലുള്ള നമ്മുടെ ഉത്തമവിശ്വാസം, ചരിത്രപരമായി അചഞ്ചലവും, ദൈവശാസ്ത്രപരമായി നമ്മുടെ വിശ്വാസത്തിൻെറ ഉറപ്പേറിയ അടിത്തറയുമായിപ്പരിലസിക്കുന്നു.

## യേശുക്രിസ്തു
## അനുകരണീയ മാതൃകയാകുന്നു

യേശുക്രിസ്തുവിനെപ്പററി വസ്തുനിഷ്ഠമായ ഒരദ്ധ്യാപനം, നമ്മിൽനിന്നു വിഭിന്നമായും, നമുക്കു പുറമേയും നടത്തുന്നതുകൊണ്ട് അതു നമ്മിൽ യാതൊരു ജീവിത പരിവർത്തനവും വരുത്തുന്നില്ല. തന്മൂലം, അതു നമുക്കു തീർത്തും ഉപകാരപ്രദമല്ല. ക്രിസ്തു നമ്മുടെ ഉത്തമ മാതൃകയാകത്തക്കവിധം ആപ്തമായി അറിയപ്പെടണം.

മനുഷ്യർക്ക് സുജ്ഞാതമായിരിക്കുന്ന സകല സുകൃതങ്ങളാലും സമലങ്കൃതനായിരിക്കുന്ന ക്രിസ്തു നാം അനുകരിക്കേണ്ട പരിപൂർണ്ണ മാതൃകയാണ്, ഏതു സാഹചര്യങ്ങളിൽ ജീവിക്കുന്നവർക്കും, യേശുക്രിസ്തുവിൻെറ ജീവിതത്തിൽ, പ്രചോദനവും, സാന്ത്വനവും വേണ്ടുവോളം കണ്ടെത്താൻ കഴിയും. സുവിശേഷത്തിൻെറ താളുകൾ വല്ലപ്പോഴും തുറന്നുനോക്കിയതുകൊണ്ട്, സമാശ്വസിക്കപ്പെടുകയും, ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചെയ്തിട്ടുള്ള എത്രയെത്ര ദുഃഖിതരും, വ്രണിതഹൃദയരുമുണ്ട്? സുവിശേഷങ്ങളിൽ നിന്നോ, ലേഖനങ്ങളിൽ നിന്നോ, ഏതെങ്കിലും ഒരു ഭാഗമെങ്കിലും പ്രതിദിനം പാരായണംചെയ്യുന്നത്, ക്രിസ്തുവിൻെറ യഥാർത്ഥ അനുയായികളുടെ കാര്യപരിപാടികളിൽ പ്രഥമ സ്ഥാനം വഹിക്കട്ടെ! ക്രിസ്തുവിൻെറ ജീവിതത്തെയും, സുകൃതങ്ങളെയും സംബന്ധിച്ച്. ഏതാനും മിനിട്ടുനേരത്തെ ഏകതാനമായ ധ്യാനം, മാനസികപ്രാർത്ഥന— ഒരു ക്രൈസ്തവനെ ആ ജഗദ്ഗുരുവിൻെറ വിശ്വസ്ത അനുചരനാകുവാൻ തീർച്ചയായും പ്രയോജകീഭവിക്കും.

## പ്രഥമ സുകൃതങ്ങൾ

ക്രിസ്തുനാഥൻെറ സുകൃതങ്ങളെപ്പററി എന്താണ്ട് നാം പ്രഘോഷിക്കേണ്ടതു്? അദ്ദേഹത്തിൻെറ അതുല്യപുണ്യങ്ങളുടെ ഏകദേശച്ഛായയെങ്കിലും വരയ്ക്കാൻ ആരുടെ തൂലികയ്ക്കു് ചാതുര്യമുണ്ടു്? ക്രിസ്തുവിൻെറ ഒരു ചിത്രം വരയ്ക്കുന്നതിനു്, 'ലോഓനാഡോ ദ് വിഞ്ചി' എന്ന ഇററാലിയൻ കലാകാരൻ, ആ തിരുമുഖത്തിൻെറ ഒരേകദേശ സാദൃശ്യമെങ്കിലും കണ്ടുപിടിക്കാൻ വളരെക്കാലം പണിപ്പെട്ടു് അങ്ങോട്ടുമിങ്ങോട്ടും ക്ലേശപൂർവ്വം സഞ്ചരിച്ചു്, പലരുടേയും മുഖച്ഛായകൾ പരിശോധിച്ചു. അവസാനം ഇരുപതു സംവത്സരങ്ങളിലെ നിരീക്ഷണപരീക്ഷണങ്ങളുടെ ഫലമായി, ദേവാലയശുശ്രൂഷിയായ ഒരു നിഷ്കന്മഷബാലൻെറ മുഖം ഏതാണ്ടു് യോജിക്കുന്ന മാതൃകയായിക്കണ്ടെത്തി. എന്നാൽ, സ്വർഗ്ഗീയതാതൻ നമ്മെ ഉററുനോക്കുന്ന ആ സുന്ദരവദനത്തിനു്, സാധർമ്മ്യം വഹിക്കത്തക്ക മാതൃക വരയ്ക്കാൻ ഏതു ചിത്രകാരൻെറ കരകൗശലത്തിനാണു് കഴിയുക? ധിക്കാരപൂർവ്വം തന്നെ പ്രതിഷേധിച്ച പത്രോസിനെ നിരന്തര പശ്ചാത്താപജന്യമായ നേത്രജലപ്രവാഹത്തിനും സംസ്കാരവിഹീനരായ ഗലിലേയ മത്സ്യത്തൊഴിലാളികളെ സർവ്വസംഗപരിത്യാഗികളായി തന്നെ അനുധാവനം ചെയ്യുന്നതിനും സന്നദ്ധനാക്കിയ ആ അനിരോദ്ധ്യക്രാന്തദർശിയുടെ ദിവ്യശ്രീപരിവേഷ ഭൂഷിതമായ മുഖകമലത്തെ പ്രതിഫലിപ്പിക്കുന്നതിനുള്ള ചായമെവിടെ? കാൻവാസ് എവിടെ? അഥവാ, ഈ ലോകത്തിൽ ഏതു വാഗ്മിയുണ്ടു് ആ വ്യക്തിപ്രഭാവത്തെ യഥായഥം ഉദ്ഘോഷണം ചെയ്യാൻ കഴിവുള്ളവനായി? എന്നിരുന്നാലും നമ്മുടെ ക്രിസ്തുനാഥൻെറ മാതൃകാജീവി

തത്തോടു് ഐക്യപ്പെടുത്താൻ, ആ അതിമാത്രമഹനീയ സുകൃതങ്ങളുടെ സാമാന്യരൂപമെങ്കിലും സുഗ്രഹമാക്കുവാൻ ഒട്ടും നിരാശാഭരിതരാകാതെ സർവ്വാത്മനാ നാം പരിശ്രമിക്കതന്നെ ചെയ്യണം.

അപ്രകാരമുള്ള ഒരഭ്യസനം, നമ്മുടെ രക്ഷാനാഥൻെറ വാക്കുകളിൽനിന്നുതന്നെ ആരംഭിക്കുന്നതായിരിക്കും, കൂടുതൽ സുഗമവും, ഉത്തമവും. ഒരു മംഗളമുഹൂർത്തത്തിൽ സംക്ഷേപാത്മകവും, എന്നാൽ നികരററ ഗാംഭീര്യം തുളുമ്പുന്നതുമായ വചസ്സുകളിൽ യേശുക്രിസ്തു, അദ്ദേഹത്തെത്തന്നെ അവതരിപ്പിച്ചു. ആ പുണ്യസ്മരണാഹ്മമായ വാക്കുകരം, എപ്പോഴും നമ്മുടെ കാതുകളിൽ മുഴങ്ങുകയും, നമ്മുടെ പരിചിന്തനത്തിനു് സദാ വിഷയമാവുകയും, ചെയ്യട്ടെ! മധുരോദാരമായ ആ വാങ്മയാമൃതം ഏതാണു്?

## വിനയവും, സൗമ്യതയും

''വലയുന്നവരും, ഭാരങ്ങരം വലിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്നെ സമീപിക്കുക. ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം. ഞാൻ, വിനീതഹൃദയനും, ശാന്തശീലനുമാകയാൽ, എന്നിൽനിന്നും നിങ്ങരം പഠിക്കുക.'' (മത്ത: 11. 28–29.) യേശുഭഗവാൻ എത്ര വിനീതനായിരുന്നുവെന്നു്, നാം ചിന്തിക്കുക. അഖിലാണ്ഡകടാഹങ്ങളെ നിർമ്മിച്ച ദൈവം കാലിത്തൊഴുത്തും, പുൽത്തൊട്ടിയുംകൊണ്ടു സംതൃപ്തനായി. ''അവൻ സ്വയം ഹീനനാക്കി, ദാസൻെറ സാദൃശ്യം സ്വീകരിച്ചു.'' (പീലി. 2.7–8.) യേശുക്രിസ്തുവിൻെറ ശിഷ്യഗണത്തോടുള്ള ഏററം ഹൃദയസ്പൃശിയായ പ്രബോധനം ഇനിയും നമുക്കു് ഒന്നു ശ്രവിക്കാം. ''പുറജാതികളുടെ നേതാക്കന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നുവെന്നും അവരുടെ പ്രധാനികരം അവരുടെ മേൽ സ്വാതന്ത്ര്യഭരണം നടത്തുന്നുവെന്നും, നിങ്ങരം അറിയുന്നുവല്ലോ? നിങ്ങളുടെയിടയിൽ ഇങ്ങനെയാകരുതു്. മറിച്ചു് നിങ്ങളിൽ പ്രധാനിയാകുവാനിച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷിയായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം; മനുഷ്യപുത്രൻ ശുശ്രൂഷചെയ്യുവാനും, വളരെപ്പേരുടെ വീണ്ടെടുപ്പുവിലയായി സ്വജീവനെ കൊടുക്കാനുമല്ലാതെ ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടില്ലാത്തതുപോലെതന്നെ.'' (മത്താ: 20:25–28.) ക്രിസ്തു, അദ്ദേഹത്തിൻെറ വാക്കുകളെ സ്വമാതൃകകളിൽക്കൂടി ഉറപ്പിച്ചു. അദ്ദേഹത്തിൻെറ അത്യഗാധമായ വിനയഭാവം ശിഷ്യന്മാരുടെ പാദപ്രക്ഷാളനത്തിലൂടെ പ്രത്യക്ഷമാക്കി.

## അനുപമേയനായ ധീരനേതാവ്

ഒരു ആജന്മനേതാവിന്റെ പ്രമുഖമായ സ്വഭാവഗുണമാണ് ധീരത. യേശുക്രിസ്തു ഏതു പരീക്ഷണഘട്ടത്തിലും അപ്രതിമ ധൈര്യശാലിയായിക്കാണപ്പെട്ടിരുന്നു. സാഹചര്യം അനുകൂലമായിരിക്കുമ്പോൾ, വാക്കുകളിൽ ധൈര്യം പ്രകടിപ്പിക്കുക എളുപ്പമാണ്. സത്യം സ്വാഗതം ചെയ്യാത്തവരുടെ മദ്ധ്യേ, സത്യത്തിന് സാക്ഷ്യം വഹിക്കാനും, തെറ്റായ ധാരണയും, മുൻവിധിയും, പരമ്പരാഗതമായിപ്പുലത്ത്തുന്നതിനെതിരായി ശുദ്ധാന്തഃകരണത്തോടെ പ്രവർത്തിക്കാനും അചഞ്ചലമായ ധൈര്യം ആവശ്യമാണ്. ബാഹ്യമായ ധൈര്യപ്രകടനം, അന്തസ്സാരവിഹീനവും, നാടകീയവുമാണ്. അത്, കാറ്റു പുല്ലു പറപ്പിക്കുന്നതുപോലെ ഉപരിപ്ലവവും, ക്ഷിപ്രസാദ്ധ്യമായ ബഹുജനപ്രശസ്തിയെ ലാക്കാക്കിയുള്ളതുമാണ്. ഒരു പ്രത്യേക ഭാവാഭിനയത്തോടുകൂടി, പരോക്ഷവും, ബാലിശവുമായ ഒരെതിർപ്പിനെപ്പറ്റി 'ഞാൻ അതു ചെയ്യും, ഇതു ചെയ്യും' എന്നു ഭീഷണിപ്പെടുത്താൻ വലിയ പ്രയാസമില്ല. എന്നാൽ ഉൾക്കരുത്തുറ്റ ധീരോദാത്തത, വിനയാന്വിതമാണ്, പ്രശാന്തമാണ്. സത്യത്തെ ലക്ഷീകരിക്കുന്നതും, എപ്പോഴും നിശ്ചയദാർഢ്യമുള്ളതുമാണ്. ബലഹീനരും, സാധുക്കളും, അജ്ഞരുമായ ജനങ്ങളെ വിധേയരാക്കുന്നതിന് പ്രതിയോഗികൾക്ക് പിൻബലമുള്ളപ്പോൾ വലിയ വീരപരാക്രമങ്ങളൊന്നും ആവശ്യമില്ല. പൊതുജനാഭിപ്രായത്തെ യഥേഷ്ടം വ്യതിചലിപ്പിക്കത്തക്ക വീക്ഷണത്തോടുകൂടിയുള്ള

പ്രചരണോപാധിയിൽ അധിഷ്ഠിതവും പ്രബലവും ശാഠ്യപൂർവ്വവുമായ പ്രതിരോധത്തെ നേരിടുന്നതിന് സാക്ഷാത്തായ ധീരതതന്നെ വേണം. സുവിശേഷങ്ങൾ വിശദമാക്കുന്നത്, യേശുക്രിസ്തുവിൻെറ ധീരത അപ്രകാരമുള്ളതായിരുന്നുവെന്നാണ്.

പൂർവ്വന്മാരുടെ പാരമ്പര്യത്തിന്മേൽ അന്ധമായി അള്ളിപ്പിടിച്ചിരുന്ന ദുശ്ശാഠ്യക്കാരും, പ്രബലരുമായിരുന്ന ഒരു വിഭാഗം പ്രതിയോഗികൾക്കെതിരായി, യേശുക്രിസ്തു, സമുദായത്തിൽ വേരുപിടിച്ചിരുന്ന തിന്മകളെ നിർമ്മൂലമാക്കാൻ ഉദ്യമമാരംഭിച്ചു. അതിനുംപുറമേ അദ്ദേഹത്തിന് ശത്രുക്കളെ ഒററയ്ക്കു നേരിടേണ്ടിയുംവന്നു. ക്രിസ്തുനാഥൻെറ ജീവിതമാതൃകയാൽ ആകർഷിക്കപ്പെട്ട ഒരു ജനവിഭാഗം, പ്രശംസാവചസ്സുകളും, സ്നേഹപ്രകടനങ്ങളുമായി, അദ്ദേഹത്തെ ആദരപൂർവ്വം അനുഗമിച്ചിരുന്നെങ്കിലും, അവർ, ഗ്രാമീണരും, ഭീരുക്കളും, ഒരുവക മിണ്ടാപ്രാണികളുമായിരുന്നു.

യേശുക്രിസ്തുവിനെ നിശിതമായി വിമർശിച്ചുകൊണ്ടിരുന്ന മുഖ്യ പ്രതിയോഗികൾ, പ്രീശരും, നിയമജ്ഞരുമായിരുന്നു. പൂർവ്വാചാരങ്ങളുടേയും, മാമൂലുകളുടേയും ശാഖോപശാഖകളിൽ കണ്ണുമടച്ചു കടിച്ചുതൂങ്ങിയിരുന്ന ഈ ആത്മവഞ്ചകന്മാരെ മൂടുപടം മാററി, തനിനിറത്തിൽ പ്രകാശിപ്പിക്കുന്നതിനോ, അവരുടെ ബാഹ്യാചാരങ്ങളെ ധൈര്യപൂർവ്വം ചോദ്യം ചെയ്യുന്നതിനോ, അഭിജ്ഞന്മാരായി യാതൊരെതിരാളികളുമില്ലായിരുന്നു. ക്രിസ്തുനാഥൻ അവരെ ധൈര്യപൂർവ്വം പ്രതിഷേധിച്ചു. അതോടെ അദ്ദേഹത്തെ വധിക്കുവാൻ അവർ ദൃഢപ്രതിജ്ഞരുമായി. എന്നാൽ ക്രിസ്തുനാഥൻെറ മരണം അദ്ദേഹത്തിൻെറ വിജയമായിക്കലാശിച്ചു. അവരുടെ താല്ക്കാലികമായ വിജയമോ, ശാശ്വതമായ പരാജയത്തിൻെറ പരമകാഷ്ഠയിലുമെത്തി. യേശുക്രിസ്തുവിനറിയാമായിരുന്നു, ശത്രുക്കളദ്ദേഹത്തെ ക്രൂശിക്കുമെന്ന്. എന്നിരുന്നിട്ടും

അതുല്യമായ ധൈര്യത്തോടും, പൗരുഷത്തോടുംകൂടി, അവരുടെ അർത്ഥശൂന്യങ്ങളായ ആചാരങ്ങളെയും, കാപട്യത്തെയും, ലൗകായതികത്വത്തെയും, അനീതിയെയും, യാതൊരു സന്ധിയോ വിട്ടുവീഴ്ചയോ കൂടാതെ എതിർക്കുന്നതിന് ക്രിസ്തുനാഥൻ നേതൃത്വം നൽകി.

## സ്നേഹം മനുഷ്യത്വം അണിഞ്ഞപ്പോൾ

യേശുക്രിസ്തുവിന്റെ സ്നേഹസാഗരത്തിന്റെ അടിത്തട്ടിലെത്താൻ ആക്കു സാധിക്കും? അദ്ദേഹത്തിന്റെ അധരപുടങ്ങളിൽനിന്നും നിർഗ്ഗളിക്കുകയാണ്. ''എന്റെ പക്കൽ എല്ലാവരും വന്നാലും'' എന്ന്. എത്ര അമൃതോപമമായ വചസ്സുകൾ!! ശിശുക്കളെ അദ്ദേഹം എത്ര ഹാർദ്ദവമായി സ്നേഹിച്ചിരുന്നുവെന്നത് കാണേണ്ടതുതന്നെയാണ്. ''കുഞ്ഞുകുട്ടികൾ എന്റെയടുക്കൽ വരുന്നതിനെ തടയരുത്.'' (മാർക്ക്: 10–14) അദ്ദേഹം അവരെ മാറോടു ചേർത്താശ്ലേഷിച്ചിരുന്നു. അവർ കൂട്ടംകൂട്ടമായി അദ്ദേഹത്തിന്റെ മടിത്തട്ടിൽക്കയറി ആസ്ഥാനമുറപ്പിക്കുമായിരുന്നു. യേശുനാഥൻ, രോഗികളോടും, ക്ലേശിതരോടും എത്ര ഹൃദയാലുവായിട്ടാണ് പെരുമാറിയത്: അവർക്ക് സാന്ത്വനമരുളുന്നതിനും, രോഗശാന്തി വരുത്തുന്നതിനും അദ്ദേഹം സർവ്വാത്മനാ പണിപ്പെട്ടിരുന്നു. ദരിദ്രരുടെനേർക്ക് അദ്ദേഹത്തിന്റെ കാരുണ്യസ്രോതസ്സ് മുഴുവനായിത്തുറന്നുവിട്ടു. ക്രിസ്തു ഭൂസ്വർഗ്ഗങ്ങളുടെ രാജാവും, വിശ്വകർമ്മാവുമാണെങ്കിലും, ദരിദ്രനായി ജനിച്ചു, ദരിദ്രരുമായി ജീവിച്ചു, ദരിദ്രരെ ശിഷ്യന്മാരും, സഹവർത്തികളുമായി തിരഞ്ഞെടുത്തു, അവരോട് വിശേഷവിധിയായ താല്പര്യവും, ആദരവും കാണിച്ചു. അദ്ദേഹം, അപ്പം വർദ്ധിപ്പിക്കുന്നതിനു മുമ്പായി വിശന്നുവലയുന്ന ജനാവലിയെ കണ്ടിട്ട് എന്താണ് അരുളിച്ചെയ്തത്? ''ഈ ജനവ്യൂഹത്തിന്മേൽ എന്റെ മനസ്സ് അലിഞ്ഞുപോകുന്നു.'' (മാർക്ക്: 8–2.)

യേശുഭഗവാൻെറ ശത്രുസ്നേഹം അത്ഭുതാവഹമത്രേ. ഒററുകൊടുത്ത ഗുരുദ്രോഹിയായ യൂദാസിൻെറ ചുംബനം അദ്ദേഹം തിരസ്കരിച്ചില്ല. എന്തെല്ലാം സംഭവിക്കാൻ പോകുന്നുവെന്നു് അദ്ദേഹത്തിനു് നേരത്തെ അറിയാമായിരുന്നു. തന്നെ നിഷേധിച്ചു പറഞ്ഞ പീററൎറിൻെറ നേരെ അദ്ദേഹം, എത്ര പ്രശാന്തവും, ദയാപൂൎണ്ണവുമായ ദൃഷ്ടിയാണു് പതിച്ചതു്? സ്വന്തം നിരപരാധിത്വം തെളിയിക്കുന്നതിനുവേണ്ടി, കരണത്തടിച്ച യോദ്ധാവിനോടു് എത്ര ഹൃദയാവർജ്ജകമായ ആത്മസംയമനത്തോടെയാണു് അദ്ദേഹം സംസാരിച്ചതു്? അദ്ദേഹം കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ ശത്രുക്കൾക്കു വേണ്ടി സ്വൎഗ്ഗീയപിതാവിനോടു് മാപ്പപേക്ഷിക്കുന്നതു് ശ്രദ്ധിക്കുക. ''പിതാവേ, അവർ ചെയ്യുന്നതെന്തെന്നു് അറിയാത്തതിനാൽ അങ്ങു് അവരോടു് ക്ഷമിക്കണമേ!'' (ലൂക്ക്: 23–34) ക്രൈസ്തവരായ നാം നമ്മുടെ മാതൃകയിൽനിന്നും എത്ര വിദൂരത്തിലാണെന്നു ചിന്തിക്കുക? ശത്രുദ്വേഷം നാം വച്ചുപുലർത്തുന്നു, അന്തരംഗത്തിൽക്കത്തിക്കാളുന്ന പ്രതികാരമനോഭാവം, നാം പരസ്യമായും, രഹസ്യമായും, അനേകമാൎഗ്ഗേണ പ്രകടിപ്പിക്കുന്നു. ഇതാണു് നമ്മുടെ സ്ഥിതിയെങ്കിൽ, ക്രൈസ്തവർ എന്ന സംജ്ഞയാൽ അറിയപ്പെടുന്നതിൽ നാം ലജ്ജിക്കണം.

ക്രൈസ്തവമതം 'സ്നേഹത്തിൻെറ മതം' എന്നു് പറയപ്പെടുന്നതു് അന്വർത്ഥമാണു്. കാരണം: അതിൻെറ സ്ഥാപകൻ, സ്നേഹം കുലമുദ്രയായി പ്രഖ്യാപനം ചെയ്ക മാത്രമല്ല, സ്നേഹം തൻെറ അനുയായികളിൽനിന്നുമവകാശപ്പെടുക മാത്രമല്ലാ, എല്ലാ മാനുഷിക മാനദണ്ഡങ്ങളെയും മറികടന്നു്, അഭ്യസിക്കുകതന്നെ ചെയ്തു. ''സ്നേഹിതന്മാൎക്കുവേണ്ടി, സ്വജീവൻ ബലിയർപ്പിക്കുക എന്നതിൽക്കവിഞ്ഞ സ്നേഹമില്ല.'' (ജോൺ: 15–13.) യേശുമിശിഹായുടെ കുരിശുമരണം, ഏവംവിധമുള്ള അഗ്രാഹ്യമായ സ്നേഹത്തിൻെറ അടയാളമാകുന്നു. ഗാഗുൽത്തായുടെ അകാലാന്ധകാരമഗ്നമായ ശൃംഗത്തിൽ രക്താഭിഷിക്ത

മായ കരിശ്ശ് ഇതാ സ്ഥിതിചെയ്യുന്നു. യഥാർത്ഥമായ സ്നേഹത്തിൻെറ മഹത്വമെന്താണെന്നു്, അതു് അവിടെ നിന്നുകൊണ്ടു് മൂകമെങ്കിലും അത്യുച്ചത്തിൽ അധ്യാപനം ചെയ്യുന്നു.

'ഓശാനാ' ഗീതം കണ്ണുങ്ങളിൽ മുഴങ്ങിയപ്പോഴും. 'അവനെ ക്രൂശിക്കുക' എന്ന ആക്രോശം അന്തരീക്ഷത്തെ ഭേദിച്ചപ്പോഴും, ക്രിസ്തുനാഥൻ പ്രശാന്തനും, സൗമ്യനുമായി, ഒരേ ഭാവത്തിൽ ശത്രുക്കളുടേയും, മിത്രങ്ങളുടേയും നടുവിൽ നിലകൊണ്ടു. അദ്ദേഹം സ്വശിഷ്യന്മാരുടെ ബലഹീനതയെ ഏററം വിനയമസൃണമായ രീതിയിൽ കൈകാര്യം ചെയ്തു. ഒരു ഭൗതികമ്ശിഹായെപ്പററിയുള്ള അവരുടെ തെററായ ധാരണകളെ അഭൗമികനും, സഹനവിധേയനുമായ മിശിഹായിലേയ്ക്കു് അദ്ദേഹം തിരിച്ചുവിട്ടു. വിശ്വസ്തരും, ആവേശഭരിതരുമായ അവരെ, ഫലസമൃദ്ധമായ പ്രേഷിതവൃത്തിക്കും, വിജയകരമായ പൊതുജനസേവനത്തിനും പ്രാപ്തരാക്കിയതും ക്രിസ്തുനാഥൻെറ ആകർഷകവും, ആദരണീയവുമായ സൗമ്യശീലമാണു്. യേശുക്രിസ്തുവിൽ ഏററം പ്രശോഭിച്ചിരുന്ന സൗഹൃദത്തിൻേറയും, ശാലീനതയുടേയും കിരണങ്ങളെ സ്വായത്തമാക്കുവാൻ സാധിച്ചിട്ടില്ലാത്ത പല നേതാക്കന്മാരും, അവരിൽ രൂഢമൂലമായിരുന്ന ഓജസ്സുററ കഴിവുകൾ നിഷ്പ്രയോജനങ്ങളാക്കിയിട്ടുണ്ടു്.

''അദ്ദേഹം മരണപര്യന്തം അനുസരണമുള്ളവനായിരുന്നു.'' (പിലി: 2–8) എന്നു രേഖപ്പെടുത്തപ്പെട്ട ജഗദ്ഗുരുവിൻെറ അധികാരവിധേയത്വത്തെപ്പററി ഇതിൽക്കൂടുതൽ പ്രശംസനീയമായി പ്രസ്താവിക്കാനെന്തുണ്ടു്? രക്തം പ്രവഹിക്കുംവരെ സ്വാഭാവികമരണവ്യഥയനുഭവിച്ചപ്പോഴും, ക്രിസ്തുനാഥൻ, പരിപൂർണ്ണപ്രശാന്തതയോടെ ''പിതാവേ, എൻെറ ഹിതമല്ല, അങ്ങേ അഭീഷ്ടം നിറവേറട്ടെ!'' എന്നു് അനുക്ഷണം ഉരുവിട്ടു. അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ വന്ന ദൈവദൂതൻ ''ഈ നവീന ഐസക്കിനെ'' മരണത്തിൽനിന്നും പ്രത്യുദ്ധരിക്കുന്നതിനല്ല

ശ്രമിച്ചതു്. പ്രത്യുത, പിതൃഹിതാനുസരണം കുടിക്കുന്ന തിനുള്ള കാസാ സത്വരം സ്വീകരിപ്പിക്കുന്നതിനായിരു ന്നു. അദ്ദേഹം തിക്തപാനീയം മട്ടറുതി ഊററിക്കുടിച്ചു.

ക്രിസ്തുഭഗവാൻ എത്ര ദരിദ്രനായിരുന്നു? അദ്ദേഹം സമസ്ത ഭൗതികവസ്തുക്കളുടേയും ശക്തിപ്രഭാവത്തി ൻേറയും, നാഥനും, ഉടമസ്ഥനും ആണെന്നുമാത്രമല്ല, മനു ഷ്യശ്രോത്രങ്ങൾക്കു് കേൾക്കുന്നതിനോ, മനുഷ്യനേത്ര ങ്ങൾക്കു് കാണുന്നതിനോ, മനുഷ്യഭാവനയ്ക്കു് ഗ്രഹിക്കുന്ന തിനോ, അശക്യമായ സ്വർഗ്ഗീയ രമ്യഹർമ്മ്യങ്ങളുടെ അധീ ശനുംകൂടിയാണു്. ദൈവത്തിൻെറ നശ്വരവും, അനശ്വര വുമായ എല്ലാ നിധികളുടേയും, അധിപനായ യേശുനാ ഥൻ ദരിദ്രനായിത്തീൎന്നു. ഭൂലോകാവതരണത്തിനു്, സ്വ ന്തമായ സ്ഥലമില്ലാതിരുന്നതിനാൽ അദ്ദേഹം ഒരു ഗോ ശാലയിൽ ജാതനായി. ഒരു തച്ചൻെറ പെററക്കുടിലിൽ, അദ്ദേഹം വേലചെയ്തു. അദ്ദേഹത്തിനു് തലചായിക്കു വാൻ സ്ഥലമില്ലാതിരുന്നതിനാൽ— അതേ, വിശ്രമിക്കു ന്നതിനു് സ്വന്തമായ വീടില്ലാതിരുന്നതിനാൽ, ഒരു തെ രുവുയാചകനെന്നവിധം അലഞ്ഞുനടന്നു് മതപ്രബോധ നം ചെയ്തു. ആ പാവനാത്മാവു് നീചനീചരായ കുററപ്പു ള്ളികൾക്കുള്ള കുരിശിൽ നഗ്നനായി മരിച്ചു്, സ്വന്തമല്ലാ ത്ത ഒരന്യൻെറ ശവക്കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

ദൈവത്തെപ്രതി അമിതദ്രവ്യസമ്പാദനത്തെ പരി ത്യജിക്കുവാൻ ക്രിസ്തു പഠിപ്പിക്കുകയും, ചെയ്തു. എ ന്നാൽ ദരിദ്രരാകകൊണ്ടു്, അഥവാ ക്ലേശഭൂയിഷ്ഠരായതു കൊണ്ടു്, പാവങ്ങൾ തൃപ്തിപ്പെട്ടുകൊള്ളണമെന്നു് അദ്ദേ ഹം വിധിച്ചില്ല. അദ്ദേഹം സമ്പത്സമൃദ്ധിയുള്ളവരെ നിരാകരിക്കുകയോ, സമാദരിക്കുകയോ ചെയ്തില്ല. നിർദ്ധനരെ നിന്ദിക്കുകയോ, വന്ദിക്കുകയോ ചെയ്തില്ല. നിർദ്ധനത്വവും, ദാസ്യവൃത്തിയും, സമ്പത്തും, പ്രതാപവും ഒന്നുംതന്നെ സ്വർഗ്ഗപ്രവേശനത്തിനുള്ള ടിക്കററുകൾ മനു ഷ്യനു് നല്കുന്നില്ല. സമ്പന്നനായാലും, ദരിദ്രനായാ ലും, ഹൃദയദാരിദ്ര്യമുള്ളവൎക്കു് അരൂപിയിൽ വിനശ്വരമായ

ലമുള്ളവക്കു്—മാത്രമാണു് സ്വർഗ്ഗം അവകാശപ്പെടാവുന്നതു് ഒരു വെറും തെരുവുതെണ്ടി, അമിതദ്രവ്യാഗ്രഹം വച്ചുപുലർത്തുകയാണെങ്കിൽ അവൻ ആത്മാവിൽ ദരിദ്രനല്ല. എന്നാൽ ''ദൈവമേ അങ്ങു് എന്നെ തീരെ നിർദ്ധനനും, ഏറെ സമ്പന്നനുമാക്കരുതേ! എനിക്കു് ജീവിതസന്ധാരണത്തിനാവശ്യമായവ മാത്രം പ്രദാനം ചെയ്യേണമേ!'' എന്നു പ്രാർത്ഥിച്ച ദാവീദിനെപ്പോലുള്ള ഒരു ഭൂപതിക്കു് സത്യമായും ആത്മാവിൽ ദരിദ്രനായിരിക്കാൻ സാധിക്കും.

മനുഷ്യനു് ഉപജീവനത്തിനാവശ്യമുള്ളവ വേണമെന്നു് ക്രിസ്തുനാഥൻ ശരിക്കുമറിയുന്നുണ്ടു്! അതുകൊണ്ടു തന്നെയാണു് വിശ്വവിഖ്യാതമായ ലോകോത്തരപ്രാർത്ഥനയിൽ ''അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു് നല്കണമേ!'' എന്നു അദ്ദേഹം കൂട്ടിച്ചേർത്തതു്. മനുഷ്യനു് അവശ്യം ആവശ്യമായ ഭൗതികവസ്തുക്കളുടെ അഭാവം, പാപത്തിനുള്ള ഒരു ഭീമഭീഷണിയാണു്. വിശപ്പിന്റെ ആവേശംകൊണ്ടിരിക്കുന്ന മനുഷ്യൻ, വിശപ്പടങ്ങാത്ത ചെന്നായെക്കാൾ ഭീകരനാണു്. മലിനമായിരിക്കുന്ന ശരീരം, ആത്മനൈർമ്മല്യമുൾക്കൊള്ളുക അസാദ്ധ്യമാണു്. ആത്മാവിന്റെ നിലവിളി അഥവാ പ്രാർത്ഥന ഉയരണമെങ്കിൽ, ശരീരത്തിന്റെ നിലവിളി അഥവാ വിശപ്പു് അടങ്ങണം.

''ധനവാന്മാരേ, നിങ്ങൾക്കു് ദുരിതം.'' (ലൂക്കു് 6—24) ''തങ്ങളുടെ സമ്പത്തിൽ ആശ്രയിക്കുന്നവക്കു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻഎത്ര പ്രയാസം'' (മാക്കു് 10—24) ''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴിയിൽക്കൂടി കടക്കുന്നതു് എളുപ്പമാകുന്നു.'' (മാത്യു: 19—24) ധനികരെ കണക്കിനു് പ്രഹരിക്കുന്നവിധമുള്ള ഇത്തരം ഭത്സനങ്ങൾ മുഴക്കിയ ക്രിസ്തുഭഗവാനു്, നിക്കദേമ്മൂസ്, അരിമത്തായൻ ജോസഫ്, ലാസർ, മർത്ത, മറിയം മുതലായ ധനികരായ സ്നേഹിതരും, അനുയായികളും ഉണ്ടായിരുന്നു. ഈശോനാ

ഥൻ ധനസമൃദ്ധിയെയോ, സ്വകാര്യസമ്പാദ്യത്തെയോ, തിരസ്ക്കരിക്കുകയല്ല ചെയ്തതു്. പ്രത്യുത അമിതമായ ദ്രവ്യാഗ്രഹം, സഹതാപരഹിതമായ മുതൽക്കൂട്ടൽ, നിഷ്ക്കരുണമായ ധനസമ്പാദനതൃഷ്ണ, ധനത്തിന്റെ ദുർവ്വിനിയോഗം മുതലായവയെ ശക്തിയേറിയ ഭാഷയിൽ പ്രതിഷേധിക്കുകയായിരുന്നു ചെയ്തിരുന്നതു്. ധനവാന്മാരാകട്ടെ, ദരിദ്രരാകട്ടെ സമ്പത്തിൽ സകല പ്രതീക്ഷകളും പ്രതിഷ്ഠിക്കുന്നവർ ക്രിസ്തുവിന്റെ യഥാൎത്ഥ ശിഷ്യരായിരിക്കുകയില്ല. ദൈവം സംവിധാനം ചെയ്തിരിക്കുന്ന ക്രമീകരണം അനുസരിച്ചു്, അവർ വേല ചെയ്യുകയോ അദ്ധ്വാനിക്കുകയോ വേണംതാനും.

## വേലയേയും വേലക്കാരനേയും സ്നേഹിക്കുന്ന നേതാവ്

'തച്ചൻെറ മകൻ' എന്നു് സർവ്വത്ര അറിയപ്പെട്ടവനായിട്ടാണു് ഈശോനാഥൻ ലോകത്തിൽ സമാഗതനായതു്. അദ്ദേഹം ഏകദേശം മുപ്പതു സംവത്സരങ്ങൾ—ജീവിതത്തിൻെറ സിംഹഭാഗവും—കൂലിവേല ചെയ്തു ജീവിച്ചു. അനന്തരകാലത്തെ പ്രബോധനജീവിതം അതിലുപരി അദ്ധ്വാനങ്ങളും ക്ലേശങ്ങളും നിറഞ്ഞതായിരുന്നു. ക്രിസ്തുനാഥൻ വേലയെ മഹത്വീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം ദൈവത്തെ മുൻനിറുത്തി വേലചെയ്തതല്ലാതെ, കമ്മ്യൂണിസ്റ്റുകാർചെയ്യുന്നതുപോലെ വേല ദൈവമാക്കി പ്രതിഷ്ഠിച്ചിട്ടില്ല. വേലയ്ക്കുവേണ്ടി മാത്രം വേലയും ചെയ്തിട്ടില്ല. കമ്മ്യൂണിസ്റ്റാശയം അനുസരിച്ചാൽ, മനുഷ്യൻ സ്വയം താഴ്ത്തി വേലയുടെ അടിമയായി മൃഗീയതയിലേയ്ക്കു് അധഃപതിക്കും. യേശുമ്ശിഹായുടെ അഭിമതപ്രകാരം മനുഷ്യൻ വേലയെ അവൻെറ പരമമായ ലക്ഷ്യമാക്കുന്നതിനല്ല ജന്മമെടുത്തിരിക്കുന്നതു്. ജന്മസാഫല്യമടയുന്നതിനു് മനുഷ്യൻ വേലയെ ഒരുപകരണമായിട്ടു മാത്രമേ വീക്ഷിക്കേണ്ടതുള്ളു.

വേലചെയ്യുകയെന്നതു"ഒരു മാനുഷികനിയമമാണു്. അതു നമ്മെ മനുഷ്യരാക്കിയുയർത്തുന്നു. എല്ലാ അധർമ്മങ്ങളുടേയും ജന്മഭൂമിയും, സാത്താൻെറ നൃത്തശാലയുമാണു് മടി. നികൃഷ്ടമായ അലസതയെ വേല ഉച്ചാടനം ചെയ്യുന്നു. വേല നമ്മെ മെച്ചപ്പെടുത്തുന്ന ഒരു നിയമവുമാ

ണ്. അതുകൊണ്ട്, പ്രപഞ്ചത്തെ പരിപാലിച്ചുകൊണ്ടും, ആത്മാക്കളെ സൃഷ്ടിച്ചുകൊണ്ടും, നിരന്തരം പ്രവൎത്ത്യുന്മുഖനായിരിക്കുന്ന സ്രഷ്ടാവിനോട് നാം വേലയിൽക്കൂടി സാധർമ്മ്യം പ്രാപിക്കുകയാണ്.

''യേശു വേലയെ പവിത്രീകരിച്ച്, ദൈവികമായി പ്രതിഷ്ഠിക്കുന്നു. അത് യേശുവിൻെറ അനുയായികൾ അവശ്യം വഹിക്കേണ്ട കുരിശിൻെറ ഭാഗമായിത്തീരുന്നു.'' (ലൂക്ക്: 9–23.)

ക്രിസ്തു തൊഴിലാളികളുടെ മിത്രമായിരുന്നു. അദ്ദേഹം പ്രഥമശിഷ്യരെ വെറും നിർദ്ധനരായ മത്സ്യത്തൊഴിലാളികളിൽനിന്നാണ് തിരഞ്ഞെടുത്തത്. അദ്ദേഹം ഭൂജാതനായപ്പോൾ ആദ്യസന്ദർശകരായി ക്ഷണിക്കപ്പെട്ടവർ ദരിദ്രരായ ആട്ടിടയന്മാരായിരുന്നു. അദ്ദേഹത്തിൻെറ ശ്രോതാക്കൾ വെറും സാധാരണക്കാരും. ചിലപ്പോഴെല്ലാം അവരുടെ വിശപ്പ് അത്ഭുതകരമായി ശമിപ്പിക്കുന്നതിനുപോലും അദ്ദേഹം നിർബ്ബന്ധിതനായിട്ടുണ്ട്. ''വേലക്കാരൻ തൻെറ വേതനത്തിനർഹനാണ്'' എന്ന് വിളംബരം ചെയ്തുകൊണ്ട്, ക്രൈസ്തവസമുദായനീതിക്ക് അദ്ദേഹം അടിത്തറ പാകിയിട്ടുണ്ട്. പ്രസ്തുത പ്രബോധനം മഹാനായ പതിമൂന്നാം ലയോൺ പാപ്പായാലും, അദ്ദേഹത്തിൻെറ ഉത്തമന്മാരായ പിൻഗാമികളാലും, ശരിയായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

## ഓടേണ്ട ഓട്ടം

വിശുദ്ധ പൗലോസിന്റെ അഭിപ്രായപ്രകാരം ക്രൈസ്തവജീവിതം ഒരു മത്സരയോട്ടമാണ്. ''ഓട്ടക്കളത്തിൽ മത്സരത്തിനുള്ളവർ എല്ലാവരും ഓടുന്നു. എന്നാൽ വിജയംവരിക്കുന്നത് ഒരുവൻമാത്രമാണ്.'' (1.കോറി.9–24)

മനുഷ്യനിൽ കണക്കറ്റ കഴിവുകളും, വികസനവാസനയും ഒതുങ്ങിയിരുപ്പുണ്ട്. എന്നാൽ അവയെ ആരും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. ഇപ്രകാരമുള്ള നിരവധി കഴിവുകൾ ദൈവത്തിനും, മനുഷ്യനും ഉപയോഗപ്രദമാകത്തക്കവിധം വികസിപ്പിക്കുകയും, ഫലപ്രദമാക്കുകയും ചെയ്യേണ്ടത്, മനുഷ്യന്റെ കർത്തവ്യവുമാണ്. മാനുഷികമായ വികാരാവേശങ്ങളെയും, സ്വാഭാവികപ്രേരണകളെയുംപോലും നിഹനിക്കപ്പെടാതെ, ഉത്തമസേവനത്തിനായി വിനിയോഗിക്കാവുന്നതാണ്. ഒരു ക്രിസ്ത്യാനി അവന്റെ ശരീരത്തെസംബന്ധിച്ച് എപ്പോഴും ശ്രദ്ധാലുവായിരിക്കണം. അവൻ സ്വശരീരത്തെ അന്ധമായ സ്വാഭാവികപ്രലോഭനങ്ങൾക്ക് ഒരിക്കലും വഴങ്ങിക്കൊടുക്കരുത്. ''അസ്സീസിയിലെ ഭിക്ഷു'' സ്വശരീരത്തെ ''സഹോദരനായ കഴുതേ'' എന്ന് അഭിസംബോധനം ചെയ്തുകൊണ്ട് നിയന്ത്രിച്ചിരുന്നു. അതുപോലെയായിരിക്കണം ശരീരത്തോട് ക്രൈസ്തവമായി നാമും അനുവർത്തിക്കേണ്ടത്. അതുകൊണ്ട് ശരീരം ശത്രുവല്ല, സഹോദരനാണ്. എന്നാൽ കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ട ബുദ്ധിഹീനനായ ഒരു കഴുതയാണ്. ഐഹികജീവിതം നിത്യത്വത്തിലേയ്ക്കുള്ള യാത്രയാണ്. തന്നിമിത്തം, സുരക്ഷിതയാത്രയ്ക്കു പറ്റിയ വിധത്തിൽ നമ്മുടെ കഴുതയെ

നാം വശപ്പെട്ടത്തിയെട്ടക്കേണ്ടിയിരിക്കുന്നു. ഇസ്രായേൽക്കാർ ഏദോമ്മ്യരുടെ സ്ഥലത്തുകൂടെ കടന്നുപോയതു നമുക്കൊരു മാതൃകയായിരിക്കണം. ''താങ്കളുടെ അതിത്തി കടക്കുന്നതുവരെ ഇടംവലം തിരിയാതെ ഞങ്ങറം കടന്നുപൊയ്ക്കൊള്ളാം.'' (സം: 20–17) അതേ, സഞ്ചാരവേളയിൽ പാപപങ്കിലമായ കിണറുകളിൽനിന്നു് നാം പാനംചെയ്യാതെയും, നമ്മെ വ്യാമോഹിപ്പിക്കുന്ന വിഷലിപ്തമായ കായ്കനികറം ഭക്ഷിക്കാതെയും, നിർദ്ദിഷ്ട സ്ഥാനത്തേയ്ക്കു് നാം നേരെപോകണം. ''ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും, വഴി ഞെരുക്കമുള്ളതുമാകുന്നു. അതു കണ്ടുപിടിക്കുന്നവർ ചുരുക്കമാകുന്നു.'' (മത്തായി. 7–13)

യേശുക്രിസ്തുവിനോടു തുല്യപ്പെടുത്തുന്നതിനുവേണ്ടി, യഥാത്ഥ സുകൃതങ്ങറം അവലംബിച്ചുകൊണ്ടു്, വഷ്ങ്ങളായി നിസ്തന്ദ്രം പരിശ്രമിച്ചിട്ടും പിന്നെയും പരാങ്മുഖരാകേണ്ടിവരുന്നുവെന്നു് വളരെപ്പേർ പരാതിപ്പെടുന്നുണ്ടു്. അവരുടെ അസംതൃപ്തിയും ആകുലതയും കുററങ്ങറംപോലും പെരുകിവരുന്നതായിത്തോന്നിത്തുടങ്ങുന്നു. പക്ഷേ, വസ്തുത വിഭിന്നമാണെന്നവരറിയുന്നില്ല. യഥാർത്ഥരൂപം അവരെ ബോദ്ധ്യപ്പെടുത്താനും വിഷമമുണ്ടു്. പഴയതും, നാളിതുവരെ വേണ്ടവണ്ണം ശ്രദ്ധിക്കപ്പെടാതിരുന്നതുമായ തങ്ങളുടെ ആത്മാവിൻെറ ഉള്ളറയിലെ, മുക്കിലും, മൂലയിലും, പററിപ്പിടിച്ചിരുന്ന പൊടിയും മാറാലയും കാണാതിരിക്കുകയും, ഇപ്പോറം അവരുടെ ആധ്യാത്മികവീക്ഷണം നാറംക്കുനാറം സൂക്ഷ്മതരമായിത്തീരുകയും ചെയ്യുകയാൽ, മിനുക്കിമിനുസപ്പെടുത്തിയിരിക്കുന്ന ഉപരിതലത്തിലെ സൗന്ദര്യാതിരേകത്തിനു് തെല്ലു മങ്ങൽവരുന്നുമുണ്ടു്. തന്മൂലം അവർ അപരാധബോധമുള്ളവരായിത്തീരുന്നു. പ്രകാരാന്തരേണ, എത്ര കൂടുതൽ നാം തെററുകാരാണോ, അത്ര കുറച്ചേ നമുക്കു കുററബോധമുണ്ടാകയുള്ളു. പാപകമ്മാനുഷ്ഠാനങ്ങളിൽ തങ്ങറം വിദഗ്ദ്ധന്മാരാണെന്നു് പ്രശംസിക്കുന്നവർപോലുമുണ്ടു്. വി

ഷയാസക്തിയെന്ന പാപത്തിൽ തഴങ്ങിയിരിക്കുന്നവർ, മററുള്ളവരെക്കാരം മേന്മയുള്ളവരാണെന്ന വിഭ്രാന്തിക്കു വിധേയരായിക്കാണുന്നുണ്ടു്. അങ്ങനെ പാപികരം സ്വന്തം ദുഷ്ടതകളിൽ ജയഭേരി മുഴക്കുമ്പോരം, മററു ചില നിർമ്മഗ്നന്മാർ, പുണ്യപൂർണ്ണതാവ്യാമോഹത്താൽ തങ്ങരം അതുല്യ പാപികളാണെന്നു വിളംബരം ചെയ്യുന്നു. ഈ പ്രകടനം വെറും ആത്മവഞ്ചനയാണെന്നു വ്യക്തമാക്കുന്നതിനുവേണ്ടി പ്രസ്തുത വ്യക്തികളുടെ സ്വഭാവദൂഷ്യത്തെക്കുറിക്കുന്ന വല്ലതുമൊരാരോപണം ഉന്നയിക്കുകയാണെങ്കിൽക്കാണാം—ഉന്നതശൃംഗത്തെ സ്പർശിച്ചാലും, അഗ്നിപർവ്വതം പൊട്ടിജ്ജ്വലിക്കുമെന്ന മട്ടു്—അവരുടെ പൂർച്ചപുണ്യം പുറത്താകുന്നതു്. യേശുക്രിസ്തുവിനോടു് അനുരൂപപ്പെടുന്നില്ലല്ലോ എന്ന ചിന്താകുലതയും, അസംതൃപ്തിയും, പുണ്യപുരോഗതിയുടെ നല്ലയടയാളവും, ഇപ്പോരം പരാമർശിക്കപ്പെട്ട പ്രകൃതിയിൽനിന്നു് തുലോം വിഭിന്നവുമാണു്. നാരംക്കുനാരം നാം ഏററം മെച്ചപ്പെടണമെന്ന അഭിലാഷം നമുക്കു് ആഗ്രഹിക്കാവുന്നതിൽ ഏററം മേന്മയേറിയ ആകാംക്ഷയത്രെ.

സാർവ്വത്രിക സഭയുടെ വേദപാരംഗതനും, വിശ്വവിഖ്യാതകർമ്മലീത്തനും, പുണ്യശാസ്ത്രവിശാരദനുമായ, കുരിശിൻെറ വിശുദ്ധ യോഹന്നാൻ, സുകൃതജീവിതത്തിൽ പുരോഗമിച്ച ഒരാത്മാവിൻെറ അപരാധബോധത്തെ മനോഹരമായ വർണ്ണത്തിൽ ചിത്രീകരിക്കുന്നുണ്ടു്. സൂര്യരശ്മി ഒരു നിർമ്മലപളുങ്കുപാളിയിൽ പതിക്കുകയാണെങ്കിൽ അതിലുള്ള ഏററം നിസ്സാരമായ കളങ്കംപോലും ദൃശ്യമാകുന്നു. സ്ഫടികക്കഷണം അഴക്കു നിറഞ്ഞതും, മലിനവുമാണെങ്കിൽ, മാലിന്യം ദൃഷ്ടിഗോചരമാകുന്നില്ല. ദൈവദത്തവും, യഥാർത്ഥവുമായ ആത്മജ്ഞാനം ഒരു വ്യക്തിയെ നിരാശാഭരിതനാക്കാതെ അവനിലുള്ള ദൈവാശ്രയബോധത്തെയും, വിനയശീലത്തെയും വർദ്ധമാനമാക്കുന്നു.

## നേതാവിനെ നോക്കി

യേശുക്രിസ്തുവിനെ അനുകരിക്കേണ്ടതു്, വെറും ഭംഗിവാക്കുകളിലോ, നല്ല മനോഗതങ്ങളിലോ അല്ല, പ്രത്യുത പരീക്ഷയിലുള്ള അദ്ദേഹത്തിന്റെ ബലിജീവിതത്തെ നമ്മിൽപ്പകർത്തിക്കൊണ്ടാണു്. അതു അനായത്നമാക്കേണ്ടതു്, നമ്മെ പ്രലോഭിപ്പിക്കുന്ന സ്വഭാവജന്യമായ ഒരായിരം ദുരിതങ്ങളോടും, പ്രക്ഷുബ്ധമായ നൈസർഗ്ഗിക വാസനകളോടും നാം നിരന്തരം ആയോധനം ചെയ്തുകൊണ്ടുവേണംതാനും. ഒരു ക്രിസ്ത്യാനി വ്യക്തിപരമോ, കുടുംബപരമോ സാമുദായികമോ, ഔദ്യോഗികമോ ആയ അവന്റെ എല്ലാ ജീവിതരംഗങ്ങളിലും ഈശോമ്ശിഹായുടെ ചൈതന്യത്താൽ സദാ പ്രചോദിതനായിരിക്കണം. മററുവിധത്തിൽപ്പറഞ്ഞാൽ, അവൻ വിൻസന്റ് പൗളിനോടുകൂടി ''ഈശോമ്ശിഹാ ഇപ്പോൾ എന്റെ ഈ സ്ഥാനത്തായിരുന്നുവെങ്കിൽ ഇതു് എപ്രകാരം ചെയ്യുമായിരുന്നു'' എന്നു്. അനുക്ഷണം, അനുസ്യൂതം, ആത്മഗതം ചെയ്യണം, ഞാൻ ഈ ചെയ്യുന്ന പ്രവൃത്തി, ഈശോമ്ശിഹായായിരുന്നുവെങ്കിൽ ഇപ്രകാരം ചെയ്യുമായിരുന്നോ? അദ്ദേഹം ഈ സംഘത്തിൽപ്പോകുമായിരുന്നോ? ഈ സിനിമാച്ചിത്രം കാണുമായിരുന്നോ? ഈ ആളിനെ ഈ മനോഭാവത്തിൽ നോക്കുമായിരുന്നോ? ഈ ഗ്രന്ഥം വായിക്കുമായിരുന്നോ? ഈ മനോഗതങ്ങൾ— ഈ വിദ്വേഷചിന്തകൾ—വെച്ചുപുലത്തുമായിരുന്നോ?— ഇത്തരത്തിൽചിന്തിച്ചുകൊണ്ടുള്ള ജീവിതം തീർച്ചയായും നിരന്തരമായ ജാഗരൂകതയും, അനവരതമായ സമരവും ആവശ്യപ്പെടുന്നു. ആധുനികസിനിമാലോകത്തിൽ —ഈ അശ്ലീലസാഹിത്യപ്രചരണയുഗത്തിൽ— യേശുക്രിസ്തുവിന്റെ അനുശാ

സനപ്രകാരം, വിവാഹംവരെ ബ്രഹ്മചാരിയായി ജീവിക്കുക, അനന്തരം, സ്വന്തം ആസൂത്രണപ്രകാരമല്ലാതെ, ദൈവാസൂത്രണപ്രകാരമുള്ള പരിപാവന ദാമ്പത്യബന്ധം പുലർത്തുക, ചതിയും വഞ്ചനയും കൂടാതെ സൗമ്യമായും, സമാധാനപരമായും അന്യോന്യാധാരണയിലും, ആത്മനിയന്ത്രണത്തിലും ജീവിതം വിജയിപ്പിക്കുക, ഇതെല്ലാം എത്ര കണ്ട് വൈഷമ്യപൂർണ്ണങ്ങളാണ്?

## വെറും പ്രകടനമോ,
## നല്ല മനോഗതമോ

ക്രിസ്ത്വാനുകരണംവെറുംബാഹ്യാനുഷ്ഠാനങ്ങൾമാത്രം ഉൾക്കൊള്ളുന്നതല്ല. പാരീസേയന്മാരെപ്പോലെ അന്തസ്സാരവിഹീനമായ ബാഹ്യാചാരങ്ങളിൽ ക്രിസ്തുവിൻെറ പ്രബോധനങ്ങളെ അധിഷ്ഠിതമാക്കുവാൻ അദ്ദേഹം അഭിലഷിക്കുന്നില്ല. "നിങ്ങളുടെ നീതി നിയമജ്ഞന്മാരുടേതിനേയും, പ്രീശന്മാരുടേതിനേയും, ഉല്ലംഘിക്കുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല." (മത്തായി: 5–20) അതുകൊണ്ട് ആരുതന്നെയായാലും പ്രാർത്ഥിക്കുകയും, കുർബാനയർപ്പിക്കുകയും, അതിൽ സംബന്ധിക്കുകയും. ദൈവവചനം പ്രസംഗിക്കുകയും, അതു ശ്രവിക്കുകയും, പാപമോചനം നല്കുകയും, അതു സ്വീകരിക്കുകയും, വി: കുർബാനയുൾക്കൊള്ളുകയും, ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുന്നതുകൊണ്ട്, തീർത്തും യേശുഭഗവാനേ അനുകരിക്കുന്നു എന്നർത്ഥമില്ല. അഭ്യാസങ്ങൾ ആഭ്യന്തരമനുഷ്യൻെറ പരിപൂർണ്ണജീവിതപരിവർത്തനത്തെ ലാക്കാക്കിയുള്ള സജീവവിശ്വാസത്തിൻെറയും, ഉജ്ജ്വല സ്നേഹത്തിൻെറയും സ്വാഭാവികപ്രകടനമായിരിക്കണം. ഒരു ക്രൈസ്തവൻ പള്ളിയിൽ ബാഹ്യമായി ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു. എന്നാൽ വീട്ടിൽ അനിയന്ത്രിതനും, ചപലസ്വഭാവിയും, കോപിഷ്ഠനും, മററുള്ളവർക്ക് വൈഷമ്യകാരിയുമാണ്! എങ്കിൽ, സ്വന്തം കുററങ്ങൾക്ക് മാപ്പു ചോദിക്കുകയും, മററുള്ളവരുടെ കുററങ്ങൾക്ക് മാപ്പുകൊടുക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, സ്വന്തം നാവിൽ വിശുദ്ധ കുർബാന സ്വീകരിക്കുകയും, അതേ നാവുകൊ

ണ്ടു് മററുള്ളവരെ വേദനിപ്പിക്കുകയും ചെയ്യുന്നവെങ്കിൽ, അയല്ക്കാരനെ അപമാനിക്കുന്നെങ്കിൽ അയാളോടു് അനുകമ്പാകുലനാകാതിരിക്കുന്നെങ്കിൽ, ആരോടും സൗഹൃദം പുലർത്തുന്നില്ലെങ്കിൽ, അവനു് എങ്ങനെ ക്രിസ്ത്വനുകരണം സാധിക്കും?

ക്രിസ്ത്വനുകരണം മൃദുലവികാരത്തിലോ, മധുരസാന്ത്വനങ്ങളിലോ അല്ല. താബോറിലെ ആനന്ദം മൂന്നു പ്രേഷിതർക്കും, ഒരിക്കൽ മാത്രവും, അല്പസമയത്തേയ്ക്കുമേ നല്കിയുള്ളു. എന്നാൽ, മററു ശിഷ്യന്മാർക്കും, പരുഷവും കണ്ടകാകീർണ്ണവുമായ താബോറിലേയ്ക്കുള്ള വഴി ചവിട്ടിക്കയറേണ്ടിയിരുന്നു. ആനുകൂല്യം ലഭിച്ചവരും, അല്ലാത്തവരും, താബോറിൻെറ ഉച്ചിയിൽനിന്നു് ജറുസലമിൻെറ അപമാനത്തിലേയ്ക്കു് മടങ്ങണം. കരിശുമരണത്തിലേയ്ക്കു കയറണം.

ആത്മികാനന്ദത്തിൻെറ സുഗന്ധവാഹികളായ കുസുമങ്ങളോ, ധന്യാത്മാക്കൾ ആസ്വദിക്കുന്ന ഹൃദയാർദ്രമായ ഭക്തിപ്രകർഷമോ, വികസിച്ച അല്ലെങ്കിൽ അടിയുറച്ച വിശുദ്ധിയുടെ അടയാളങ്ങളായിക്കണക്കുകൂട്ടേണ്ട. വികാരോജ്ജ്വലതയോ, ഹൃദയാഹ്ലാദപ്രസരിപ്പോ, അല്ല, നേരേ മറിച്ചു്, എല്ലാ സന്ദർഭങ്ങളിലും, പ്രാതികൂല്യത്തിലും, പരിത്യക്തതയിലും, ഈശോനാഥനെപ്പോലെ ''എൻെറ ദൈവമേ! എൻെറ ദൈവമേ! എന്തുകൊണ്ടു് എന്നെ അങ്ങു പരിത്യജിച്ചു?''എന്നു നിലവിളിക്കുവാൻ നിർബന്ധിക്കപ്പെട്ടപ്പോഴും, ആരാധനീയമായ ദൈവാഭീഷ്ടം പൂർത്തിയാക്കുന്നതിലാണു് ക്രിസ്ത്വനുകരണം സ്ഥിതിചെയ്യുന്നതു്.

സ്ഥിരോത്സാഹം, വിശ്വസ്തത, വിനീതത്വം, നീതിനിഷ്ഠ, വികാരനിയന്ത്രണം, ദീനദയാലുത്വം മുതലായ സദ്ഗുണങ്ങളിൽ അടിയുറച്ചു ജീവിക്കുന്നതിലാണു്—സംഗ്രഹിച്ചുപറഞ്ഞാൽ, അചഞ്ചലമായ ധൈര്യത്തോടുകൂടി, കരിശുവഹിക്കുന്നതിലാണു്—സത്യമായ ക്രിസ്ത്വ

നകരണം പ്രസ്പഷ്ടമാകുന്നതു്. കുരിശിന്റെ വഴി, ചിലപ്പോറം അത്യുഷ്ണമായ സഹാറായിലേയ്ക്കോ, അല്ലെങ്കിൽ അതിശൈത്യമുള്ള സൈബീരിയായിലേയ്ക്കോ, നമ്മെ നയിച്ചുവെന്നുവരും. ഒരുപക്ഷേ നമ്മുടെ പ്രയാണം, മാസങ്ങളായി അഥവാ വർഷങ്ങളായി അന്ധകാരനിബിഡമായ ആത്മീയവളർച്ചയുടെ ശൂന്യപ്രദേശങ്ങളിൽക്കൂടിയായിരുന്നാലും, എപ്പോഴും നാം നമ്മുടെ വഴിയുടെ അവസാനത്തെ ലാക്കാക്കിത്തന്നെ മുന്നേറണം. ഗാഗുൽത്തായുടെ കത്തിക്കാളുന്ന നട്ടുച്ച കടന്നുവേണം, ഉയിപ്പിന്റെ ശീതളോദാരമായ പ്രഭാതത്തിലെത്തിച്ചേരാൻ. ''ഇതിനാൽ ഞങ്ങറംക്കു മടുപ്പു തോന്നുന്നില്ല. ഈ സമയത്തെ ഞെരുക്കം വളരെ നിസ്സാരവും, ലഘുവുമെങ്കിലും, അതു് സീമാതീതമായ അനശ്വരമഹത്ത്വം നമുക്കായി തയ്യാർചെയ്യുന്നു.'' (വി. പോറം 2 കോ. 4–17.)

ആത്മാവിന്റെ ഇരുട്ടും ഉണക്കും, അലസതയുടെ ഫലമായോ, അഥവാ പൈശാചികപ്രലോഭനത്താലോ, അതുമല്ലെങ്കിൽ, ദൈവികപരിശോധനയാലോ ഉണ്ടാകാം. കാരണം കണ്ടുപിടിച്ചു് പ്രതിവിധി പ്രയോഗിക്കുക. വിജ്ഞനും, വിവേകമതിയും, വിശുദ്ധനുമായ ഒരാത്മനിയന്താവു് അവാച്യമായ ഗുണംചെയ്യും.

## പുനർജന്മമോ?

## (The Rebirth)

യേശുവിൻെറ വെറും ജീവിതമാതൃകകഠം നാം സ്വീകരിച്ചാൽ മാത്രം പോരാ, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, ഈശോമ്ശിഹായിൽ നവീകരിക്കപ്പെട്ട മനുഷ്യനെ ധരിക്കുന്ന പുനജ്ജന്മമാണ് ആവശ്യം. നമ്മിലുള്ള പഴയ മനുഷ്യനെ പരിത്യജിച്ചുകൊണ്ടുള്ള ഈ പുനർജന്മം, പ്രസവവേദനയേയും അതിലംഘിക്കുന്ന തീവ്രവ്യതയോടുകൂടിയേ കൈവരികയുള്ളൂ. ഭോജനപ്രിയനായി ജീവിക്കുന്ന പട്ടുനൂൽപ്പുഴുവിന്, അല്ലെങ്കിൽ ശലഭപോതത്തിന്, അതിസുന്ദരമായ ചിത്രശലഭമായി രൂപാന്തരപ്പെടുവാൻ ദീർഘസമയത്തെ ഉപവാസവും, ചൈതന്യരഹിതമായ സുഷുപ്തിയും ആവശ്യമാണ്. വിശുദ്ധ പൗലോസിൻെറ പഠനം ഈ വസ്തുത വിശദമാക്കുന്നുണ്ട്. ''മ്ശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു. പഴയവ കഴിഞ്ഞുപോയി. മ്ശിഹാമൂലം നമ്മോട് രമ്യപ്പെടുത്തുകയും, രമ്യതയുടെ ശുശ്രൂഷ ഞങ്ങഠംക്ക് തരുകയും ചെയ്ത ദൈവത്താൽ സകലവും പുത്തനായിത്തീന്നിരിക്കുന്നു: (2: കോ: 5–18)

ഈ പുതിയ ജീവിതം യേശുക്രിസ്തുവിനോട് ഗാഢമായ ഐക്യം പുലർത്തുന്നതിൽ അടങ്ങിയിരിക്കുന്നു. ''കത്താവായ ഈശോമ്ശിഹായെ സ്വീകരിച്ച നിങ്ങഠം അദ്ദേഹത്തിൽ വ്യാപരിക്കയുംവേണം. (കൊലെ.2:6–7) അതാണ് ക്രിസ്ത്വാനുകരണം. ''മ്ശിഹായോടുകൂടി ഞാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇനി ഞാനല്ല ജീവി

ക്കുന്നതു്, മ്ശിഹാ എന്നിൽ ജീവിക്കുന്നു.'' (ഗാല: 2–20)

സുപ്രസിദ്ധ ബിഷോപ്പ് ഫുംട്ടൻഷീൻ പ്രസ്താവിക്കുന്നതുപോലെ 'നമ്മുടെ ജ്ഞാനസ്നാനത്തൊട്ടി യേശുക്രിസ്തു നമ്മിൽ പുനർജ്ജന്മമെടുക്കുന്ന പുതിയ ബത്ളഹേമും; അദ്ദേഹത്തെ ദൈവകാരുണ്യഭോജനത്തിൽകൂടി നാം സ്വീകരിച്ചുകൊണ്ടും, അദ്ദേഹത്തിൻെറ മാതൃക നാം അനുകരിച്ചുകൊണ്ടും, അദ്ദേഹത്തിൽ നാം വളച്ച് പ്രാപിക്കുന്നു. ബേത്ളഹം ഗുഹയാകുന്ന ഫോട്ടോസ്റ്റുഡിയോയിലെ ഇരുട്ടറയിൽ എടുക്കുന്ന ബ്ളോക്കു്, ഒരു ക്രൈസ്തവാത്മാവിൽ യേശുക്രിസ്തുവിൻെറ തനി രൂപം പതിയുന്നതുവരെ വീണ്ടും, വീണ്ടും മുദ്രണം ചെയ്യപ്പെട്ടു്, യേശുവിനോടു് താദാത്മ്യപ്പെടണം.''

നമ്മുടെ ആത്മാക്കൾ കൃഷിചെയ്യപ്പെടാത്ത പലതരം കാട്ടുചെടികൾ വളരുന്ന ഒരു കാനപ്പുറത്തിനു് തുല്യമാണു്. മഴക്കാലത്തിനു് മുൻപു് വെറുംഭൂമി, വിവിധതരം വിത്തുകളും കിഴങ്ങുകളും വേരുകളും, കാടും, കുററിയും നിറഞ്ഞുകിടക്കുന്നു. എന്നാൽ അതൊരു മനോഹരമായ ഉദ്യാനമായിത്തീരണമെങ്കിൽ മഴ ധാരാളമായി വർഷിക്കപ്പെടണം—ക്രിസ്തുവിൻെറ അനുഗ്രഹ മഴ!! അനന്തരം കട്ടപ്പമുള്ള ഹൃദയഭൂമി കിളച്ചിളക്കിമറിച്ചു്, അതിൽനിന്നും, വിഫലവിത്തുകൾ, പ്രയോജനശൂന്യമായ കിഴങ്ങുകൾ, വേരുകൾ, കുററിക്കാടുകൾ മുതലായവ നീക്കം ചെയ്യണം. പിന്നീടു് ഭംഗിയും സൗരഭ്യവുമുള്ള പുഷ്പങ്ങളും, മധുരഫലങ്ങളും പുറപ്പെടുവിക്കുന്ന ക്രിസ്തുനാഥൻെറ സുവിശേഷവിത്തുകൾ പാകണം. അതിനെത്തുടന്നു്, ഈതിബാധകൾ മൂലം ആപത്തുകൾ നേരിടാതെ ശ്രദ്ധാപൂർവ്വം നിരന്തര പ്രതിരോധത്തിലേർപ്പെടണം. പിന്നേയുമുണ്ടു് ക്ലേശങ്ങൾ. പ്രബലശക്തികളോടു് പടവെട്ടിയെങ്കിലേ യേശുക്രിസ്തുവിനു് അനുരൂപമായി ചിന്തിക്കുന്നതിനും, ക്രിസ്തുവിൻെറ നിയമാനുസാരം ജീവിക്കുന്നതിനും, ക്രിസ്തുവിൽനിന്നും ശക്തി പ്രാപിച്ചു്

ക്രിസ്തുവിൻെറ ആശ്ലേഷത്തിൽ മരിക്കുന്നതിനും സാധി ക്കുകയുള്ളു. ക്രിസ്തുമതം! ഇതു് നിർജ്ജീവമായ ഒരു നാ മമല്ല; ചൈതന്യം തുളുമ്പുന്ന ഒരു ജീവിതമാണു്. ഏതൽ മൂലം, ക്രിസ്ത്വാനുകരണം സ്ഥിതിചെയ്യുന്നതു് ജ്ഞാന സ്നാനരജിസ്റ്ററിൽ പേരെഴുതിക്കുന്നതിലല്ല, ആദ്ധ്യാത്മി ക വളർച്ചയ്ക്കും, പരിപൂർണ്ണതയ്ക്കും വേണ്ടിയുള്ള ഒരായോധന ത്തിലാണു്. ക്രിസ്ത്വാനുകരണം അർത്ഥമാക്കുന്നതു് മനു ഷ്യൻെറ അധമാഭിലാഷങ്ങൾക്കും, അധർമ്മക്രിയകൾക്കും, ദുഷ്പ്രവണതകൾക്കുമെതിരായി ഇടതടവില്ലാതുള്ള ഒരു സമരമെന്നാണു്. ഇനിയും ക്രിസ്ത്വാനുകരണം, നമ്മോടു് നിരന്തരസമ്പർക്കത്തിലേർപ്പെട്ടിരിക്കുന്ന ലോകം, ജഡം, പിശാചു് എന്ന ത്രിവിധ ശത്രുക്കൾക്കെതിരായുള്ള നിര ന്തരമായ കരുതലെടുക്കലാണെന്നു പറയാം. അഥവാ വിശുദ്ധ ജോൺ വിശദീകരിക്കുന്ന ജഡത്തിൻെറയും, കണ്ണുകളുടേയും ദുരാഗ്രഹവും, ജീവിതത്തിൻെറ ഡംഭ മാകുന്ന ശത്രുക്കളോടുള്ള ആയാസമേറിയ യുദ്ധമാണു്.'' (1 യോ:2–16)

ക്രിസ്തുവിനെ അനുകരിക്കുകയെന്നു പറയുന്നതു് ക്രിസ്തുവിൻെറ ഓജസ്സേറിയ സജീവമാതൃകയെ നാം നമ്മിൽപ്പകർത്തുകയാകുന്നു. നീ ജീവിതക്ഷീണത്താൽ വലയുകയാണോ? ക്രിസ്തുവും ജീവിതക്ലേശങ്ങളാൽ വലഞ്ഞിരുന്നു. നീ സുകൃതനിരതനായി ജീവിച്ചിട്ടു, സ്നേഹിക്കപ്പെടുന്നില്ലയോ? അതു തന്നെയായിരുന്നു സർവ്വ ഗുണസമ്പന്നനായ ക്രിസ്തുവിൻേറയും അനുഭവം. എത്ര യധികമായാണു് അദ്ദേഹം തെററിദ്ധരിക്കപ്പെട്ടതു്? എത്ര അവാച്യമായി അദ്ദേഹത്തിൻെറ ഹൃദയം വേദനിച്ചു? ഗുരു വിനെപ്പോലെയാകുന്നതു്, ശരിയായും ശിഷ്യനു് മതി യാകുന്നതാണു്. ഒരിക്കൽ ആവിലായിലെ വി: ത്രേസ്യാ ഫലിതരൂപത്തിൽ യേശുവിനോടുണർത്തിച്ചു. ''നാഥാ, അങ്ങേയ്ക്കു് മിത്രസമ്പത്തില്ലാത്തതു് വെറുതെയല്ല'' എ ന്നു്. എന്നാൽ അനുസ്മരണാർഹമായ ഒരു സത്യമാണു്, ക്രിസ്തുവിനോടുകൂടി പീഡകൾ സഹിക്കുന്നവർ മാത്രമേ

അദ്ദേഹത്തോടൊപ്പം അനശ്വരവിരുന്നിൽ പങ്കുകൊള്ളുക യുള്ളു എന്നതു്. അതുകൊണ്ടു് ആസ്വാദ്യകരമായ അദ്ദേ ഹത്തിൻെറ മൃഷ്ടാന്നാഭോജനത്തിൽ അംശഭാക്കുകളാകാൻ ചുരുക്കം പേരെയുള്ളു. രുചിപ്രദമായ പൊരിച്ച പ്രാവു് തുറന്നിരിക്കുന്ന വായിൽ സ്വയം വന്നു പതിക്കുന്നില്ല. അതിന്നായി മുമ്പേ ത്യാഗപൂർവ്വം പരിശ്രമിക്കണം. കുരി ശുവരിക്കാതെ കിരീടമണിയുകയില്ല.

ഈശോനാഥനെ അനുകരിക്കുകയെന്നതിൻെറ അർ ത്ഥം അദ്ദേഹത്തെ സദാ നിരീക്ഷിക്കുകയും, ആ നിരീക്ഷ ണത്തിൻെറ ഫലമായി നമ്മെത്തന്നെ നയിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, ശക്തരായിത്തീരുകയും ചെയ്യുക എന്നതാകുന്നു. നമ്മെപ്പോലുള്ള അനുഭവജ്ഞാനം യേശു ക്രിസ്തുവിനുമുണ്ടായിരുന്നു. അതുകൊണ്ടു് നമ്മെ സഹാ യിക്കുന്നതിനു് കഴിവും, സൗമനസ്യവുമുള്ള അദ്ദേഹം ന മ്മെ തീർച്ചയായും സഹായിക്കതന്നെ ചെയ്യും. ''കലപ്പയി ന്മേൽ കൈവച്ചശേഷം, പിൻപിലേക്കു് തിരിഞ്ഞു നോ ക്കുന്ന ഒരുത്തനും ദൈവരാജ്യത്തിനർഹനല്ല.'' (ലൂക്ക്: 9–62) യേശുവിൻെറ ഈ ഉദ്ബോധനം നാം അനുസ്മരി ക്കണം. ഉഴവുചെയ്യുന്നയാൾ പിന്നോട്ടു നോക്കാതെ ഉഴവു ചാൽ ചരിവും വളവുമില്ലാതെ ശരിയാണോയെന്നു് നി രന്തരം മുന്നോട്ടു ശ്രദ്ധിക്കുന്നതുപോലെ ക്രിസ്ത്വാനുകരണ ത്തിൽ നാമും ആത്മാർത്ഥതയോടെ അനുസ്യൂതം ശ്രദ്ധപതി പ്പിക്കണം. ''നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കു വാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ, ആത്മാവു് ഒരുക്ക മുള്ളതാകുന്നു. എന്നാൽ ശരീരം ബലഹീനമാകുന്നു.'' (മ ത്തായി: 26–41)

## പുത്രൻ പിതാവിൻെറ പക്കലേക്ക്
## നമ്മെ നയിക്കുന്നു

യേശുക്രിസ്തു വഴിയും, സത്യവും, ജീവനുമാകുന്നു. ദൈവവും മനുഷ്യനുംതമ്മിലുള്ള ശരിയായബന്ധം എന്തെന്നു് ആദ്യമായി ലോകചരിത്രത്തിൽ പഠിപ്പിച്ചയാറം നസ്രത്തിലെ യേശുവാണു്. ദൈവത്തെ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന പ്രേഷ്ഠനാമത്താൽ വിളിക്കാൻ അദ്ദേഹം നമ്മെ ആഹ്വാനം ചെയ്തു.

പൂർവ്വഗ്രീക്കുകാരോ, റോമാക്കാരോ ദൈവത്തിലുള്ള പിതൃത്വം അറിഞ്ഞിരുന്നില്ല. സമസ്ത ജനതതിയേയും സ്വസമക്ഷം ഭയചകിതരാക്കി വിറകൊള്ളിച്ചിരുന്ന കഠിനഹൃദയനായ ഒരു സ്വേച്ഛാപ്രഭുവായിട്ടാണു് ഈശ്വരനെ പ്രാചീനന്മാർ സങ്കല്പിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ആനന്ദം കുട്ടികളെ ബലിയായി അഗ്നിയിൽ ദഹിച്ചു കാണുന്നതിലായിരുന്നു. ഹൈന്ദവപുരാണങ്ങളിൽ, ശിവനെയും, കാളിയേയും, സംഹാരമൂർത്തികളായിട്ടാണു് ചിത്രീകരിച്ചിരിക്കുന്നതു്. വിശ്വദേവതാസിദ്ധാന്ത പ്രകാരം എല്ലാ ദേവതാദേവന്മാരെയും നാം വീക്ഷിക്കുമ്പോറം, അവരിലൊരാളെങ്കിലും നമ്മെ സ്നേഹിക്കുന്ന പിതാവായി പ്രത്യക്ഷപ്പെടുന്നില്ല. പുഷ്പങ്ങറംക്കു് പൂജയർപ്പിച്ചിരുന്ന ചൈനാക്കാർ, ആ സുരഭിലസുനങ്ങളുടെ നിർമ്മാതാവിനെ വിസ്മരിച്ചിരുന്നു.

അനേകം പൗരാണികന്മാർ പ്രകൃതിയാലും, പ്രകൃതിശക്തികളാലും വശീകൃതരായിരുന്നു. വിശ്വദേവതാവാദികളുടെ ഇടിയും, കാററും, അഗ്നിയും സൂര്യനും, സമുദ്രവും,

പർവ്വതവും, മൃഗവും, കല്ലും, ഭൂതവും ഗന്ധർവ്വനും, ദേവന്മാരും, ദേവികളും അവരുടെ ആരാധകരെ ഭീഷണിപ്പെടുത്തിയിരുന്നു. പൂർവ്വവിജാതിയർ ഊഹ്യമായ എല്ലാത്തരം ദേവന്മാരെയും സൃഷ്ടിച്ചിരുന്നു. വെറും അധമചിന്തകളെയും, വികാരാവേശങ്ങളെയും, അസൂയയെയും, ദൈവമാക്കിയെങ്കിലും ഈ സംഖ്യാതീതമായ ദേവന്മാരുടെ ഗണത്തിൽ, സങ്കല്പസാമ്രാജ്യവിഹാരികളായ കവികൾക്കുപോലും, സ്നേഹതാതനായ ഒരു ദൈവത്തെ കണ്ടെത്താൻ കഴിഞ്ഞില്ല.

ദൈവത്തിന്റെ ജനമെന്നു അഭിമാനം കൊള്ളുകയും ഏകദൈവത്തിൽ മാത്രം വിശ്വസിക്കുകയും ചെയ്തിരുന്ന യഹൂദജനങ്ങൾക്കുപോലും, ദൈവത്തെ പിതാവേ എന്നു അഭിസംബോധനം ചെയ്യുവാൻ ധൈര്യമില്ലായിരുന്നു. ഈ യഹൂദന്മാർക്ക് ദൈവം നിഗ്രഹഭയപ്രദനും കടുത്ത യജമാനനും, ഇടിമുഴക്കത്തിന്റെയും, മിന്നൽപ്രഭയുടെയും മധ്യത്തിൽക്കൂടി ഉഗ്രശാസനകൾ നൽകുന്നവനും, കണ്ണിനു പകരം കണ്ണും, പല്ലിനുപകരം പല്ലുംകൊണ്ടു് പ്രതികാരം ചെയ്യുന്നവനുമായ ഒരു ഭയങ്കരനായിരുന്നു. അദ്ദേഹത്തിന്റെ നാമോച്ചാരണത്തിനുപോലും ധൈര്യമില്ലാതെ അദ്ദേഹത്തിന്റെ മുൻപിൽനിന്നും ഭയവിഹ്വലരായി പലായനം ചെയ്തുകൊണ്ടു് ''അയ്യോ! ദൈവം ഞങ്ങളോടു് സംസാരിക്കരുതെ, മൂശ ഞങ്ങളോടു് സംസാരിച്ചാലും'' എന്നു മുറവിളി കൂട്ടിയവരുമായിരുന്നു പൗരാണികയഹൂദന്മാർ.

യഥാർത്ഥത്തിൽ, നിത്യനും, സർവ്വവല്ലഭനും, സൃഷ്ടാവും, സർവ്വസംവിധായകനും ആയ ദൈവത്തെ ദൈവപുത്രനായ യേശുക്രിസ്തു ''താതാ'' എന്നഭിസംബോധനം ചെയ്യുവാൻ നമ്മെ ഉദ്ബോധിപ്പിക്കാതിരുന്നുവെങ്കിൽ, യാതൊരു മനുഷ്യനും ദൈവത്തെ ''പിതാവെ'' എന്നു വിളിക്കുവാൻ മുതിരുകയില്ലായിരുന്നു. അതേ, യേശുമിശിഹായാണു്. ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' (മത്തായി. 23:9. 6–9) എന്നു് ദൈവത്തെ ആഹ്വാനം

ചെയ്യുവാൻ മനുഷ്യരെ ആദ്യമായി പഠിപ്പിച്ചത്. മററൊരവസരത്തിൽ ഈശോമിശിഹാ നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. ''സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു'' ഇവയെല്ലാം നിങ്ങൾക്ക് ആവശ്യമാകുന്നുവെന്നറിഞ്ഞിരിക്കുന്നു.'' (മത്തായി; 6–32) ക്രിസ്തു പീഡാസഹനത്തിനു മുൻപായി, അതുവരേയും പഠിപ്പിച്ച എല്ലാ പ്രബോധനങ്ങളുടേയും ഉപസംഹാരമായി, ''പിതാവുതന്നെയും നിങ്ങളെ സ്നേഹിക്കുന്നു.'' (യോഹ:16–27) എന്ന സാരോപദേശംമൂലം സ്വശിഷ്യന്മാരെ പ്രോത്സാഹിപ്പിച്ചു.

ഇപ്രകാരമെല്ലാം യേശുക്രിസ്തുവിൻെറ കാഴ്ചപ്പാട് നമുക്ക് സുവിദിതമായിരിക്കുന്നു: അദ്ദേഹം അസന്നിഗ്ധമായി നമ്മെ പഠിപ്പിക്കുന്നു, ദൈവം നമ്മുടെ പിതാവും, നാം അദ്ദേഹത്തിൻെറ വത്സലമക്കളുമാകുന്നുവെന്നു്. ഈശോമിശിഹാ സ്വർഗ്ഗത്തിൽനിന്നും വന്നു്, ഈ ഭൂമിയിൽ പ്രഖ്യാപനം ചെയ്തിരിക്കുന്ന മഹാസത്യം ഇതു തന്നെയാകുന്നു. യേശുക്രിസ്തുവിൻെറ സുവിശേഷത്തിൻെറ അന്തസത്തയും ഇതുതന്നെ.

ഒരു മിഷനറി ഒരിക്കൽ സ്ഥലത്തെ നാട്ടുഭാഷാവിദഗ്ധനും നവക്രൈസ്തവനുമായ ഒരു ദ്വിഭാഷിയുടെ സഹായത്തോടെ വിശുദ്ധലിഖിതം—ബൈബിൾ—വിവർത്തനം ചെയ്യുകയായിരുന്നു. അതിൽ ''പിതാവിനു് നമ്മോടുള്ള സ്നേഹം എത്രയധികമെന്നു നോക്കുവിൻ, അവൻ നമ്മെ മക്കളെന്നു് വിളിക്കുകയും, നമ്മെ അങ്ങനെ തന്നെ ആക്കിത്തീർക്കുകയും ചെയ്തല്ലോ?'' (വി.ജോൺ: 3–1) പ്രസ്തുത പരിഭാഷകൻ, വി. ജോണിൻെറ ആ വാക്കുകൾ കണ്ടപ്പോൾ, ''ദൈവത്തിൻെറ തൃച്ചേവടികളിൽ ചുംബനംചെയ്യത്തക്കവിധം അദ്ദേഹത്തിനു്നമ്മോടുള്ള സ്നേഹപ്രകർഷം എത്ര വലുതെന്നു കണ്ടാലും,'' എന്നുഞാൻതർജ്ജമചെയ്തുകൊള്ളട്ടെ, അച്ചാഎന്നുചോദിച്ചു അതേ, സർവ്വവല്ലഭനായ ദൈവം തൻെറ കേവലസൃഷ്ടിക

ളായ നമ്മെ വത്സല മക്കളെ എന്നു വിളിക്കുക! ഈ ആശയം അയാറംക്കു ഒരിക്കലും സ്വീകാര്യമായിരുന്നില്ല.

യേശുനാഥൻ നിരന്തരം പ്രഘോഷിക്കുന്നതു്, ദൈവം നമ്മെ അടിമകളെപ്പോലെ കരുതുന്നവനോ, ലാഭക്കച്ചവടത്തിലേർപ്പെട്ടിരിക്കുന്ന ഒരു പരിസേയ വാണിഗാരനെപ്പോലെയുള്ളവനോ, ഒരു നിഷ്ക്കരുണനായ യജമാനനോ അല്ല. പ്രത്യുത, ധൂർത്തപുത്രൻെറ പ്രത്യാഗമനത്തെ പ്രതീക്ഷിച്ചു കഴിയുന്ന വത്സലതാതനും, കാണാതെപോയ ആടിനെ അന്വേഷിച്ചു്തിരികെ കിട്ടുമ്പോറം സ്വർഗ്ഗീയ ദൂതന്മാരോടുകൂടെ ആനന്ദപ്രകർഷം കൊള്ളുന്ന വിശാലമനസ്കനും ആയ നമ്മുടെ പ്രേഷ്ഠപിതാവാകുന്നുവെന്നാണു്.

ദൈവം പിതാവും, നാം ദൈവത്തിൻെറ പുത്രരുമാകുന്നു എന്ന ഉന്നതപ്രബോധനം, ക്രിസ്തുവിൻെറ കാലത്തെ സമുദായഘടനയിൽ മഹത്തായ മാററം വരുത്തുന്നതിനു് സർവ്വപ്രധാനമായ കാരണമായിരുന്നു, ആ തത്ത്വം അക്ഷരാർത്ഥത്തിൽ ഒരു നവയുഗം ഉദ്ഘാടനം ചെയ്തുമാറു് ഭൂമുഖത്തു് പരിവർത്തനമുളവാക്കി. ഇക്കാരണത്താൽ ആ ഉത്കൃഷ്ടപഠനം വിളംബരം ചെയ്ത ക്രിസ്തുവിൻെറ ജന്മനക്ഷത്രത്തെ നാം കാലപരിഗണനയുടെ ആരംഭമായി സ്വാഗതം ചെയ്തുകൊണ്ടു്, ക്രിസ്തുവർഷം എന്നു് ഉദ്ഘോഷിച്ചുവരുന്നു.

## അന്തരംഗത്തിലൊരു മഹാവിപ്ലവം

ഈശോമിശിഹാ പരാമർശിച്ച പുളിപ്പുപോലെ, ദൈവത്തിൻെറ പിതൃത്വമെന്ന പ്രബോധനം മനുഷ്യവംശത്തിൽ ആകമാനം വ്യാപിച്ചു. ഗാർഹികസംഘത്തിൽ നിന്നു് പ്രചരിതമായി, പരമ്പരാഗതമായി നമ്മിലെത്തുകയും, രക്ഷാകരമായ മാററങ്ങൾ സമുദായത്തിൽ ഉളവാക്കുകയും ചെയ്തിട്ടുണ്ടു്. ഈ മാററം ഉദ്ഭൂതമായതു്, വാളാലോ, ബലപ്രയോഗത്താലോ, അല്ല, ഹൃദയജന്യമായ പ്രതികരണത്താലാണു്.

ദൈവം പിതാവാണെങ്കിൽ മനുഷ്യർ അദ്ദേഹത്തിൻെറ വത്സലമക്കളാണു്. അതുകൊണ്ടു് സമത്വം. സാഹോദര്യം, സ്വാതന്ത്ര്യം ഇവ ദൈവമക്കളുടെ അവകാശമായിരിക്കുന്നു. തന്മൂലം എല്ലാ വ്യക്തികളും—പുരുഷനും, സ്ത്രീയും, യജമാനനും, അടിമയും, കുബേരനും, കുചേലനും, ദൈവദത്തമായ അവകാശങ്ങളാലും, കർത്തവ്യങ്ങളാലും, തുല്യനിലയിൽ പരസ്പരം സഹോദരീസഹോദരന്മാരാണു്. ഈ പുതിയ ആശയം എവിടെയെല്ലാം കേന്ദ്രീകരിക്കുമോ, അവിടെയെല്ലാം അടിമത്തം അപ്രത്യക്ഷമാകണം. സ്ത്രീകളും, കുട്ടികളും നിസ്സഹായരും ബഹുമാനിക്കപ്പെടുകയും, പരിരക്ഷിക്കപ്പെടുകയും വേണം. യാതൊരു മനുഷ്യനും മേലിൽ ബലഹീനൻെറമേൽ ബലംപ്രയോഗിക്കുകയോ ജീവഹാനി വരുത്തുകയോ പാടില്ല. എല്ലാവരുടേയും ജഗത്പിതാവും, ജീവദായകനുമായ ദൈവത്തിനു് മാത്രമുള്ളതാണു്, സ്വസൃഷ്ടികളുടെ ജീവൻെറമേലുള്ള അധികാരം.

ദേവതകളുടെ ബീഭത്സവിഗ്രഹങ്ങൾ പൗരാണികരുടെ നേരേ വികൃതഹാസംചെയ്തു് ഉളവാക്കിയ ഭയം നമുക്കു് മേലിൽ ഒരിക്കലും അനുഭവപ്പെടുകയില്ല. സ്വർഗ്ഗസ്ഥനായ നമ്മുടെ സ്നേഹതാതൻെറ മക്കളാണു് നാം. പിതൃബഹുമാനമുള്ള സന്താനങ്ങൾ എപ്രകാരമോ, അപ്രകാരമായിരിക്കണം, പൈതൃകവാത്സല്യം തുളുമ്പുന്ന ജഗത്പിതാവിൻെറ സമക്ഷം നമ്മുടെ നടപടികൾ. ഈ ആശയം, വി: അഗസ്റ്റിൻ പ്രകാശിപ്പിക്കുന്നതു്: ''നാം ദൈവഭയമുള്ളവരാണു്. എന്നാൽ ദൈവം നമ്മെ ഭയാക്രാന്തരാക്കുന്നില്ല''—ഇങ്ങനെയാണു്.

ഈ പഠനത്തിൻെറ വെളിച്ചത്തിൽ ഒരു യജമാനനു് തൻെറ ദാസനെ നിഹനിക്കുന്നതിനോ, തൻെറ അടിമയോടു് വീട്ടുമൃഗത്തോടെന്നവണ്ണം പെരുമാറുന്നതിനോ അർഹതയില്ല. ഒരു ഭർത്താവിനു് ഭാര്യയുടെ ജീവൻെറ മേൽ അവകാശമില്ല. എല്ലാവരും നമ്മുടെ പൊതുപ്പിതാവിൻെറ സമക്ഷം തുല്യരാണു്, യാതൊരു വ്യക്തിക്കും സ്വന്തജീവൻെറമേൽ അധീശത്വമില്ല. തന്മൂലം മനുഷ്യസ്വാതന്ത്ര്യലംഘകങ്ങളായ, ആത്മഹത്യ, സതി, കൊലപാതകം, അടിമത്വം, ബഹുഭാര്യത്വം മുതലായ ഹീനകൃത്യങ്ങൾ പരിപൂർണ്ണമായും നിഷിദ്ധങ്ങളത്രെ.

യാതൊരു മനുഷ്യനും, ''ഞാൻ എൻെറ സഹോദരൻെറ കാവൽക്കാരനാണോ''എന്നു് (സൃഷ്ടി: 4—9)ഒഴിവുകഴിവു പറയാൻ സാദ്ധ്യമല്ല. എല്ലാവരും പരസ്പരം ഭ്രാതാക്കളും, ഭ്രാതൃകാവൽക്കാരുമാകുന്നു. നല്ല സമര്യാക്കാരനെപ്പോലെ നാമെല്ലാവരും പരസ്പരം സഹായിക്കണം. പൗരാണികക്രൈസ്തവരുടെ മദ്ധ്യേ ജീവിച്ചിരുന്ന അക്രൈസ്തവർ, ക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്ന പരസ്പരസ്നേഹത്താൽ ഹഠാദാകർഷിക്കപ്പെട്ടിരുന്നു. ''ഈ ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നതു് കണ്ടാലും'' എന്നു് അവർ ആശ്ചര്യസ്തബ്ധരായി സംസാരിച്ചിരുന്നു. യുവതികളും, യുവാക്കന്മാരും, ഗുരുജനങ്ങളെയും, പ്രായംചെന്നവരേയും ബഹുമാനിച്ചിരു

ന്നു. അവർ സാധുക്കൾക്കും, ദരിദ്രർക്കും അംഗവൈകല്യമുള്ളവർക്കും, വേദനിക്കുന്ന രോഗാതുരർക്കും അറസ്റ്റുത്തക്ക രോഗവിവശർക്കും, ത്യാഗപൂർവ്വം സേവനമനുഷ്ഠിച്ചിരുന്നു. സമ്പന്നനും ദരിദ്രനും പരസ്പരം സഹായിക്കുന്നതിൽ ഒരുപോലെ ധാർമ്മിക മത്സരത്തിലേർപ്പെട്ടിരുന്നു. അങ്ങനെ അടിമത്തശൃംഖലകൾ തകർന്നു്, അടിമകൾ സ്വതന്ത്രരായി, സ്ത്രീകൾ ബഹുമാനിതരായി, നാളിതുവരെ അറിയപ്പെടാത്ത നിർമ്മല സ്നേഹത്താൽ, ശിശുക്കൾ കണ്ണിലുണ്ണികളുമായി.

## ദൈവവും മനുഷ്യനും

## തമ്മിലുള്ള പാലം

ദൈവവും, മനുഷ്യനും തമ്മിലുള്ള ഭിന്നതയെ തീക്കു ന്ന പാലമാണ് യേശുക്രിസ്തു. ഗുരുവിന്റെ പാദമുദ്ര യെ പിൻചൊല്ലുന്ന ക്രൈസ്തവൻ തന്റെ ജീവിതല ക്ഷ്യം പ്രാപിക്കുന്നു. ക്രിസ്തുവിന്റെ പാത, വൈഷമ്യമുള്ള കുരിശിന്റെ വഴിയാണെങ്കിലും അത് സൗഭാഗ്യത്തിലേ യ്ക്കാണ് നയിക്കുന്നത്. അപരിമിതനും, പരിമിതനും ത മ്മിൽ യോജിപ്പിക്കുന്ന പാലമായ ഈശോയാൽ, മനു ഷ്യൻ ദൈവത്തിന്റെ പക്കലേയ്ക്ക് നേരെ ആനയിക്കപ്പെ ടുന്നു. അവന്റെ പരമവും, ഏകവും, സത്യവുമായ നിത്യ ഭാഗ്യം പ്രാപിക്കുകയും ചെയ്യുന്നു. യേശുവിനെ കണ്ടെ ത്തുന്നവൻ സൗഭാഗ്യത്തിന്റെ ഏററം വലിയ നിക്ഷേപ ത്തെ കണ്ടെത്തുന്നു.

മനുഷ്യാത്മാവിൽ നിരന്തരമായ ഒരസ്വാസ്ഥ്യം സ്ഥിതിചെയ്യുന്നുണ്ട്. തന്മൂലം അവൻ ത്യാഗപൂർവ്വമായ യുദ്ധങ്ങളിലേർപ്പെട്ട് ലോകരാജ്യങ്ങളെ ജയിച്ചടക്കുന്നു. പല പല സംസ്കാരങ്ങളെ പ്രചരിപ്പിക്കുന്നു. ശക്തിയേറി യ യന്ത്രങ്ങൾ നിർമ്മിച്ച്, അഗാധതയുടെ അഗാധതയി ലേയ്ക്കു മുങ്ങിത്താഴുന്നു. ബഹിരാകാശവാഹനങ്ങൾ വഴി ഉന്നതങ്ങളുടെ ഉന്നതങ്ങളിലേയ്ക്ക് പറന്നെത്തുന്നു. വിദ്യുച്ഛ ക്തി, അണുശക്തി, വേദനാനിർമ്മാജ്ജനപദ്ധതികൾ, രോഗനിവാരണമാർഗ്ഗങ്ങൾ. സുഖദായകസിദ്ധികൾ, ജീ വദായക ജീവസംരക്ഷണജീവകങ്ങൾ, എല്ലാമെല്ലാം മ നുഷ്യാത്മാവിൽ, അവിരാമം, അവിശ്രമം, പ്രവർത്തി

ക്കുന്ന ആ ശക്തിവിശേഷത്തിന്റെ അഥവാ അസ്വസ്ഥതയുടെ, ബഹിർസ്ഫുരണം മാത്രമാണിതെല്ലാം. അതെതാങ്ങാനാവാത്ത ഒരുന്മേഷം—അനശ്വരമായ ഒരു ഊർജ്ജസ്വലത— വർദ്ധമാനമായ തോതിൽ, ജീവസന്ധാരണത്തിനുവേണ്ടി മാത്രമല്ലാതെ, വിജയപ്രാപ്തിക്കുവേണ്ടി മാത്രമല്ലാതെ, മനുഷ്യനിൽ കുടികൊള്ളുന്നുണ്ട്.

ആ വ്യഗ്രതയുടെ അല്ലെങ്കിൽ പ്രവണതയുടെ മൂലകാരണം, നമ്മുടെ ആത്മാവിൽ കുടികൊള്ളുന്ന ദൈവദത്തമായ ഒരു ദാനമാണ്, എന്നു കാണാം. അതു് ദൈവത്തിൽ നിന്നു് ഉദ്ഭവിച്ചു്; നാം ദൈവത്തിൽച്ചെന്നു ചേരുന്നതിനുള്ള ശക്തിയേറിയ പ്രേരണയാണ്. വിശുദ്ധ അഗസ്റ്റിൻ, ഈ ആശയം താഴെ രേഖപ്പെടുത്തുന്ന വാക്കുകളിൽ പ്രകാശിപ്പിച്ചിരിക്കുന്നു. ''ദൈവമേ, അങ്ങ് ഞങ്ങളെ അങ്ങേയ്ക്കായി സൃഷ്ടിച്ചിരിക്കുന്നു. ഞങ്ങൾ അങ്ങിൽ വിശ്രമം പ്രാപിക്കുന്നതുവരെ ഞങ്ങളുടെ മനസ്സ് സ്വസ്ഥമായിരിക്കുകയില്ല.'' വിശുദ്ധ പോൾ ആ സംഗതി തന്നെ മറെറാരു വിധത്തിൽ രേഖപ്പെടുത്തുന്നു: ''ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളം കാലം, നമ്മുടെ കർത്താവിൽ നിന്നുമകന്നിരിക്കുന്നു. (2കോ:5–6) സുപ്രസിദ്ധനായ ലീനോവ് ''ദൈവത്തെ ഒഴിച്ചുനിറുത്തുന്ന വഴി ഭയാനകമാകുന്നു'' എന്നു പറഞ്ഞിരിക്കുന്നു. ബാഹ്യശരീരപ്രകൃതിയിൽ മനുഷ്യൻ ഇതര ജീവികളിൽനിന്നും വിഭിന്നനാണ്. അവൻ പ്രകൃത്യാ, സ്വർഗ്ഗോന്മുഖനായി നിലകൊള്ളുന്നു. പക്ഷിക്കൂട്ടിലെ ഏററവും ഉയന്ന കമ്പിയിലിരിക്കുന്ന പക്ഷി, ഏതാണ്ട് നിരന്തരം കമ്പിമേൽ ചിറകടിക്കുന്നതുപോലെ, മനുഷ്യമനസ്സിന്റെ ഈ സ്വർഗ്ഗോന്മുഖമായ പ്രചോദനം നിരന്തരമാണ്. കൂട്ടിലടച്ചിരിക്കുന്ന സിംഹത്തിനു്, എത്ര മെച്ചമായ ഭക്ഷണം കൊടുത്താലും അവൻ വനാന്തരത്തിലെ ഏകാന്തവിശാലതയിൽ സൈ്വരജീവിതത്തിനു് ജന്മമെടുത്തിരിക്കുന്നവനാണ്. അതിൽക്കുറഞ്ഞ യാതൊന്നുകൊണ്ടും അവൻ സംതൃപ്തനല്ല. മനുഷ്യജീവികളായ നാം ഈ ഭൂമിയിൽ,

കപ്പൽനാശത്തിൽപ്പെട്ടു് തിരമാലകളാൽ കടൽക്കരയിൽ അടിഞ്ഞിരിക്കുന്നവരെപ്പോലെ, സുരക്ഷിതരായി മറുകരയിൽച്ചെന്നുചേരുവാൻ നിരന്തരം തത്രപ്പെട്ടുകൊണ്ടിരിക്കുന്നു.

യേശുക്രിസ്തു ഭൂമിയിൽ സമാഗതനായതു്, നിത്യമേച്ചിൽപ്പുറമായ വിശ്രാന്തിയിലേയ്ക്കു് നമ്മെ കൂട്ടിക്കൊണ്ടുപോയി നമ്മുടെ ജീവിതാഭിലാഷത്തെ പൂർത്തിയാക്കുവാനാണു്. ഒരു കാലത്തു് അപഥസഞ്ചാരം ചെയ്തു് ഭീമാബദ്ധത്തിൽ ആണ്ടുകിടന്ന അഗസ്റ്റിൻ സശിരഃകമ്പം സമ്മതിക്കുന്നു, ''ഓ! പ്രാചീനവും എന്നും അപ്രാചീനവുമായ നിത്യസൗന്ദര്യമേ, നിന്നെ സ്നേഹിക്കാൻ ഞാൻ വളരെ വൈകിപ്പോയി'' എന്നു്. ഒരിക്കൽ സോളമൺ ദൈവത്തിൽനിന്നകന്നു്, വിദൂരതയിൽ സൗഭാഗ്യം അന്വേഷിച്ചശേഷം ഇതാ നൈരാശ്യത്തിൽ എല്ലാം വ്യർത്ഥം! വ്യർത്ഥതകളുടെ വ്യർത്ഥം!'' എന്നു വിലപിക്കുന്നു. വീണ്ടും അദ്ദേഹം പശ്ചാത്താപപൂർവ്വം പറയുന്നു, ''സൂര്യനു കീഴുള്ള എല്ലാ വ്യാമോഹങ്ങളിലും ഞാൻ ഇടപഴകിയിട്ടുണ്ടു്; എന്നാൽ, ഹാ! കഷ്ടം! സർവ്വവും ശൂന്യതയും, മനക്ലേശവുമാണു് ഉല്ലാദിപ്പിക്കുന്നതു്'' എന്നു്. (സഭാപ്രസംഗികൻ: 1–1) ആത്മാവിൻെറ ആകർഷണകേന്ദ്രം ദൈവമാകുന്നു. അതിനാൽ ദൈവത്തെ ഒഴിച്ചുനിർത്തിക്കൊണ്ടു് ആത്മാവിൻെറ അനന്തശൂന്യതയെ നിറയ്ക്കാൻ ശ്രമിയ്ക്കുന്നതു് വെറും മൗഢ്യമാകുന്നു.

നമ്മെ ദൈവത്തിങ്കലേയ്ക്കു് നയിക്കുന്ന വഴി ആകർഷകമോ കുസുമാവലിയാൽ അലംകൃതമോ അല്ല; നിമ്നോന്നതവും, പരുഷവുമാണു് എന്നു് യേശു പഠിപ്പിക്കുന്നു. ആ കടുപ്പമേറിയ പാതയിലും ഇടുങ്ങിയ വാതിലിലും കൂടിയാണു് നാം നിത്യകൂടാരങ്ങളിൽ പ്രവേശിക്കുന്നതു്, ക്രിസ്തുനാഥൻ മുമ്പേ നടന്നും, പ്രതിബന്ധങ്ങളെ അഴിച്ചുമാററിയും, മാർഗ്ഗദർശിയായിരുന്നുകൊള്ളാമെന്നു് വാഗ്ദാനംചെയ്തിട്ടുണ്ടു്. ഈശോനാഥനെ അനുകരി

കുന്നതുമൂലം ഊഹാതീതമായ ശക്തിയാണ്‌ നാം ആജ്ജി ക്കുന്നതു്. അതു് അത്യുന്നതമായ ഉയച്ച്യും, ബലിഷ്ഠമായ ധൈര്യവുമാണു് നമുക്കു് പ്രദാനം ചെയ്യുന്നതു്. അദ്ദേഹ ത്തിനു് 'കത്താവേ, കത്താവേ' എന്നു് വിളിക്കുകയും, പ്രസംഗിക്കുകയും ചെയ്യുന്ന ശിഷ്യവൃന്ദം ആവശ്യമില്ല. കുരിശുകളാകുന്ന ഭാരങ്ങരം തോളിൽപ്പേറിക്കൊണ്ടു് അനു ധാവനം ചെയ്യുന്ന അനുയായികളെയാണു് വേണ്ടതു്,

## ഒരു മാർഗ്ഗതടസ്സമോ?

യേശുക്രിസ്തു ദൈവവും നമ്മുടെ ആത്മാവും തമ്മിൽ വേർതിരിക്കുന്ന ഒരു മാൎഗ്ഗതടസ്സമോ പ്രതിരോധനിരയോ അല്ല. ''ഞാനും എന്റെ പിതാവും ഒന്നാകുന്നു.'' (ജോൺ: 10–30) എന്നത്രേ ഈശോമിശിഹാ പ്രസ്താവിക്കുന്നതു്. ഈശ്വരാന്വേഷണത്തിലേപ്പെട്ടു്, ദൈവത്തെ പ്രാപിക്കുവാൻ നാം പരിശ്രമിക്കുമ്പോൾ, അപവാദമെന്യേ നാം യേശുവിനെ അനുഗമിക്കുകയും, അദ്ദേഹത്തിൽ ശരണം പ്രാപിക്കുകയുമാണു് ചെയ്യുന്നതു്. എല്ലാ സംഗതികളിലും ക്രിസ്തു നമ്മുടെ മുന്നോടിയും, എല്ലാപ്രകാരത്തിലും നമ്മുടെ മാൎഗ്ഗദർശിയുമാണു്. ഓരോ അവസരത്തിലും യേശുക്രിസ്തുവായിരുന്നെങ്കിൽ എങ്ങനെ പ്രവൎത്തിക്കുമായിരുന്നുവെന്നു് നാം ആരാഞ്ഞാൽ മാത്രം മതി. ഈ വിഷയത്തിൽ നമുക്കു് വളരെ വിശദമായ ഒരു സമാധാനമാണു് ഗ്രന്ഥകാരനായ ബിഷോപ്പ് റോത്തു് നൽകുന്നതു്:—''അനിഷേധ്യമായി തെളിയിക്കാവുന്ന ഒരു കാലഘട്ടത്തിൽ ഒരു നിശ്ചിതവ്യക്തി അയാളുടെ ഭൗതികജീവിതം മുഴുവനുംതന്നെ, നിരന്തരമായ പ്രാൎത്ഥനയുടേയും, ജഗത്പിതാവിന്റെ ആരാധനീയമായ അഭീഷ്ടനിർവ്വഹണത്തിന്റെയും സമൎപ്പണത്തിൽ നയിച്ചുവന്നു. ദൈവഹിതാനുവൎത്തനത്തിൽനിന്നു് ക്ഷണംപോലും അദ്ദേഹം വ്യതിചലിച്ചില്ല. മാത്രമല്ല, ജീവിതസമാപ്തിയിൽപ്പോലും തനിക്കുവേണ്ടി ചെയ്യാതെ ഇതരന്മാക്കുവേണ്ടി പ്രാൎത്ഥിക്കുകയും, യാചിക്കുകയും ചെയ്തു. അദ്ദേഹം ആജീവനാന്തം ദൈവോന്മുഖനായി പ്രാജ്ജ്വലസ്നേഹത്താൽ പൂർണ്ണനായിരുന്നു. നിർമ്മലപ്രേമവും,

സൗമനസ്യവും, സ്വയംനിയന്ത്രണവും, പ്രതിപക്ഷബഹു മാനവും, സഹാനുഭൂതിയും, വഴിഞ്ഞൊഴുകുന്ന സുന്ദരശീ ലനുമായിരുന്നു. ഈ വിശിഷ്ടവ്യക്തി മനുഷ്യവംശത്തോ ട് പ്രഖ്യാപിക്കുകയുണ്ടായി. ''എന്നെ സമീപിച്ചാലും, ആരെങ്കിലും എന്നെ അനുഗമിക്കുന്നുവെങ്കിൽ, അവൻ സ്വ യംപരിത്യജിച്ച് അവൻെറ ജീവിതഭാരം തോളിൽപ്പേ റികൊണ്ടു് എന്നെ പിന്തുടരട്ടെ!'' (ലൂക്ക് 9–23) യേ ശുവിൻെറ പ്രേഷിതവൃന്ദത്തിനു് എല്ലാം ഉപേക്ഷിക്കേ ണ്ടിയിരുന്നു. അവർക്കു് സ്വന്തമുണ്ടായിരുന്നതു് മത്സ്യബ ന്ധനത്തിനുള്ള ഏതാനും വലകൾ മാത്രമായിരുന്നു. അവ രെപ്പോലെ നാമും എല്ലാമുപേക്ഷിച്ചുകൊണ്ടു്, അതിലു പരി സ്വയം പരിത്യജിച്ചുകൊണ്ടു് അങ്ങനെ അദ്ദേഹ ത്തിൻെറ പാദമുദ്രകളെ അനുഗമിച്ചുകൊണ്ടു് യഥാർത്ഥ ക്രൈസ്തവരാകണം.

'അലക്സാണ്ടർ'എന്ന നാമം ധരിച്ചിരുന്ന ഭീരുവായ ഒരു യോദ്ധാവിനോടു് ''ഒന്നുകിൽ നിൻെറ പേരു മാ റണം; അല്ലെങ്കിൽ നിൻെറ നടപടി മാറണം'' എന്നു് മഹാനായ അലക്സാണ്ടർ പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഇന്നു് തൻെറ നാമധാരികളായ എത്ര ക്രൈസ്തവരോടായിരി ക്കാം യേശുക്രിസ്തുവിനു് അപ്രകാരം ഗുണദോഷിക്കാ നുള്ളതു്?

## കൃതകൃത്യസ്നേഹം

ദൈവം പിതാക്കന്മാരിൽവച്ച് ഏററം ഔദാര്യവാനും, സ്നേഹനിർഭരനുമായ പിതാവാകുന്നുവെന്നാണ് യേശുക്രിസ്തു പഠിപ്പിക്കുന്നത്. ''പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു.'' (ജോൺ:16–27) മക്കളെംക്കുടെത്ത നന്ദിനിറഞ്ഞഹൃദയത്തോടെ ദൈവത്തെ നാം സ്നേഹിക്കണം. സ്വാഭാവികങ്ങളും, സ്വാഭാവതീതങ്ങളുമായ എല്ലാ ദൈവദാനങ്ങരംക്കുമായി നാം കൃതജ്ഞത പ്രകടിപ്പിക്കണം. ''ഏററം ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളും, സ്വർഗ്ഗത്തിൽനിന്നു്, പ്രഭയുടെ പിതാവിൽനിന്നാണ് വരുന്നതു്. (യാക്കോ:1–17) ദൈവത്തിനു് എപ്പോഴും, എല്ലാ സംഗതികളിലും ക്രിസ്തുനാഥന്റെ നാമത്തിൽ നന്ദിപറയണമെന്നു് വിശുദ്ധ പൗലോസ് ഉപദേശിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിനു് എപ്പോഴും നന്ദിപറയുവിൻ. (എഫേസൂ: 5–20) നമ്മുടെ സ്വന്തം പാപമൊഴിച്ച് മററുള്ളവയെല്ലാം ദൈവത്തിൽനിന്നു് നമുക്കു് ലഭിച്ചിരിക്കുന്ന നന്മകളാണ്. ഏതന്മൂലം ദൈവത്തിനു് കാണിക്കേണ്ട കൃതജ്ഞതാപ്രകാശനം ഒഴിവുകഴിവു പറയാനാകാത്ത നമ്മുടെ പരമമായ കർത്തവ്യമാണ്. ''ദൈവത്തിന്റെ അവാച്യമായ അനുഗ്രഹങ്ങരംക്കായി നമുക്കു് പ്രതിനന്ദി പ്രകടിപ്പിക്കാം'' എന്ന ആരാധനക്രമത്തിലെ ഭാഗം നാം സദാ അനുസ്മരിക്കണം.

നമ്മുടെ സ്വർഗ്ഗസ്ഥനായ സ്നേഹതാതൻ അഗ്രാഹ്യമായ നന്മയാലാണ് നമ്മെ സൃഷ്ടിച്ചതു്. നമ്മേയും നമ്മുടെ സൗഭാഗ്യത്തിനുവേണ്ടി സംഖ്യാതീതങ്ങളായ പ

രിസരവസ്തുക്കളേയും നിർമ്മിക്കുന്നതിനു് ദൈവത്തിനു് യാതൊരു ബാദ്ധ്യതയുമില്ല. സ്വർഗ്ഗീയപിതാവു് നമ്മെ അദ്ദേഹത്തിൻെറഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു.

ദൈവം നമ്മുടെ ശരീരത്തെ ഭൂമിയിലെ ചെമ്മണ്ണിൽനിന്നു് ഉരുവാക്കി. നമ്മുടെ ബാഹ്യവും ആഭ്യന്തരവുമായ ഇന്ദ്രിയങ്ങൾ എത്ര അത്ഭുതാവഹങ്ങളാണു്? നമ്മുടെ സ്പർശനം, ദർശനം, ശ്രവണം, ഭാവന മുതലായവ അതിനുപരി ആശ്ചര്യാവഹമല്ലേ? അതിലും അത്ഭുതാവഹമല്ലേ, ബുദ്ധിയോടും, മനസ്സോടുംകൂടി, എല്ലാ ആസൂത്രണങ്ങളുടേയും ശക്തികേന്ദ്രമായ നമ്മുടെ അന്തരാത്മാവു്.

നാം സൃഷ്ടിക്കപ്പെട്ടശേഷം നമ്മുടെ സ്നേഹതാതൻ നിസ്സഹായരായി നമ്മെ പരിത്യജിച്ചിട്ടില്ല. ഒരു ഭവന നിർമ്മാണം ചെയ്ത ശില്പി, അനന്തരം, തൻെറ കരകൗശലസന്താനത്തെപ്പററി ചിന്തയില്ലാത്തവനാകുംപോലെ നമ്മുടെ പ്രേഷ്ഠപിതാവു് നമ്മെ വിസ്മരിക്കുന്നില്ല. അദ്ദേഹത്തിൻെറ പരിപാലനയുടെ കരം നമ്മിൽനിന്നും പിൻവലിക്കുകയാണെങ്കിൽ, നാം തത്ക്ഷണം ശൂന്യമായിത്തീരും. ദൈവം പ്രവാചകൻെറ അധരങ്ങൾ വഴി അരുളിച്ചെയ്യുന്നതു് ശ്രദ്ധിച്ചാലും ''ഞാൻ നിൻെറ പേരു് എൻെറ ഉള്ളംകൈയിൽ എഴുതിവച്ചിരിക്കുന്നു.'' (ഏശ: 49–16) അതേ ദൈവം നമ്മെ സദാ സ്മരിക്കുകയും, നമ്മെപ്പററി ശ്രദ്ധാലുവായിരിക്കുകയും ചെയ്യുന്നുണ്ടു്. നമ്മുടെ ജീവിതത്തിൻെറ ഓരോ മാത്രയിലും ദൈവം നമ്മെ പരിപാലിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നുണ്ടു്. ചെറുപുഷ്പം പ്രഘോഷിക്കുന്നതുപോലെ, ഒരു ഹൃദയാലുവായ പിതാവു് തൻെറ വാത്സല്യഭാജനമായ കുട്ടി, തട്ടിവീഴാതിരിക്കുവാൻ അതിൻെറ വഴിയിൽനിന്നു്, ഉതകല്ലുകളും, പാറക്കഷണങ്ങളും നീക്കം ചെയ്യുന്നതുപോലെ, നമ്മുടെ സ്വർഗ്ഗതാതൻ നമ്മുടെ മാർഗ്ഗമദ്ധ്യേയുള്ള അനേകം അപകടങ്ങളിൽനിന്നും നമ്മെ രക്ഷിക്കുന്നുണ്ടു്. പാപത്തിൽനിന്നും തിന്മയിൽനിന്നും, നമ്മെ രക്ഷിക്കു

ന്നതു്, ദൈവത്തിന്റെ വർദ്ധമാനമായ സ്നേഹത്തിന്റെ അടയാളമാകുന്നു. ഒരപകടത്തിൽ നാം നിപതിച്ചശേഷം, സ്നേഹപൂർവ്വം അതിൽനിന്നു് നമ്മെ താങ്ങിയെഴുന്നേല്പിക്കുന്നതിനെക്കാൾ അധികമായ സ്നേഹം സ്ഥിതിചെയ്യുന്നതു് നാം അപകടത്തിൽ വീഴാതെ സഹായിക്കുന്നതിലല്ലയോ?

അതിനും പുറമേ, നമ്മുടെ താതൻ നമുക്കു് സുഖത്തിനും, ആനന്ദത്തിനും വേണ്ട വക നല്കുന്നുണ്ടു്. നമ്മുടെ പിതാവു് പ്രകൃതിയാകുന്ന സംഭരണശാലയിൽ നമ്മുടെ ക്ഷേമത്തിനു് വേണ്ടവയെല്ലാം ഒരുക്കിവച്ചിട്ടുണ്ടു്. ഈ പലതരം പ്രകൃതിവിഭവങ്ങളെ അദ്ദേഹത്തിന്റെ ഓമനമക്കൾ വേണ്ടവണ്ണം വിനിയോഗിച്ചാൽ മാത്രം മതി.

സ്വർഗ്ഗസ്ഥനായ പിതാവു് നമ്മുടെ മാതാപിതാക്കന്മാരുടെ ഹൃദയത്തിൽതന്റെ പൈതൃകസ്നേഹത്തിന്റെ ഒരു സ്ഫുലിംഗം നിക്ഷേപിച്ചിട്ടുള്ളതുകൊണ്ടാണു അവർ വലിയ വൈഷമ്യങ്ങളെയും, പരാജയങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടു് താല്പര്യപൂർവ്വം നമ്മുടെ എല്ലാ ആവശ്യങ്ങളും സാധിച്ചുതരുന്നതു്. ദൈവം നമ്മെ വിജ്ഞന്മാരാക്കുന്നതിനു് അദ്ധ്യാപകരെയും, നമ്മെ പഠിപ്പിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വൈദികരെയും നിയോഗിച്ചുകൊണ്ടും, മററനേകം രക്ഷണീയമാർഗ്ഗങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ടും പരിപാലിക്കുന്നു.

ദൈവപിതാവു്, സ്വഭാവാതീതക്രമത്തിൽ, ഊഹാതീതമായ ഉച്ചിയിലേയ്ക്കു് നമ്മെ ഉയർത്തിയിരിക്കുന്നു. ആ പരാശക്തിയുടെ ദൈവികസ്വഭാവത്തിൽ വെറും സൃഷ്ടികളായ നമ്മെ അംശഭാക്കുകളാക്കിക്കൊണ്ടു്, മഹത്വപ്പെടുത്തിയിരിക്കുന്നു. സെൻറ് ജോൺ പ്രകീർത്തിക്കുന്നതു ശ്രദ്ധേയമാണു്: ''പിതാവിനു് നമ്മോടുള്ള സ്നേഹം എത്ര അധികമെന്നു നോക്കുവിൻ. അവൻ നമ്മെ മക്കളെന്നു് വിളിക്കുകയും, അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തു

ല്ലോ'', എൻെറ പ്രിയരേ, നാമിപ്പോ൦ ദൈവത്തിൻെറ മക്കളാകുന്നു. നാം എന്തായിത്തീരുമെന്നു് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. അവൻ വെളിപ്പെടുമ്പോ൦, നാം അവൻെറ സാദൃശ്യത്തിലാകുമെന്നും, അവൻ ആയിരിക്കുന്നതുപോലെ അവനെക്കാണുമെന്നും നാമറിയുന്നു. (1. ജോൺ:3–1–2) ഈ മഹിമാതിശയങ്ങളെപ്പററി നാം പര്യാലോചിക്കുമ്പോ൦, വി: പൗലോസിനോടുകൂടി ''ഹാ! ദൈവത്തിൻെറ ബുദ്ധിയുടേയും, സമ്പത്തിൻേറയും ആഴം! എന്തുകൊണ്ടെന്നാൽ അവൻെറ വഴിക൦ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല; അവൻെറ വഴിക൦ പരിശോധിക്കപ്പെടുവാൻ വഹിയാത്തവ'' എന്നു് നാമും അനുസരിച്ചു് പറയുവാൻ നിർബ്ബന്ധിതരാകും. (റോമ്മാ: 11–33)

ഇപ്രകാരം ഔദാര്യനിധിയായ നമ്മുടെ പിതാവിനോടു്, നാം എത്ര ഗാഢമായി കൃതജ്ഞതാനിർഭരമായ സ്നേഹത്താൽ താദാത്മ്യപ്പെടണം? ഒരിക്കൽ കുഷ്ഠരോഗവിമുക്തരാക്കപ്പെട്ട പത്തുപേരിലൊരുവൻമാത്രം പ്രതിനന്ദിപ്രകടനത്തിനായിത്തിരിച്ചു വന്നപ്പോ൦ ''ശുദ്ധീകരിക്കപ്പെട്ടവർ പത്തുപേരായിരുന്നല്ലോ? ഒമ്പതുപേരെവിടെ? വിജാതീയനായ ഇവനല്ലാതെ മററാക്കും വന്നു് ദൈവത്തെ സ്തുതിക്കണമെന്നു തോന്നിയില്ലല്ലോ?'' (ലൂക്കാ. 17–17–18) എന്നു നമ്മുടെ ക്രിസ്തുനാഥൻ തന്നെ ചെയ്ത പ്രസ്താവന എത്ര സ്മരണീയമായിരിക്കുന്നു!

നമ്മുടെ ദൈവം നമ്മോടു് ചെയ്ത ഉപകാരങ്ങ൦ക്കു പകരമായി നാം നമ്മുടെ നാഥനോടു് എന്തു പ്രതിക്രിയയാണു് പ്രകടിപ്പിക്കേണ്ടതു്? നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ അപരിമിതമായ നന്മയെ അനുസ്മരിച്ചുകൊണ്ടും, ആത്മീയവും ശാരീരികവുമായ അനേകം അപകടങ്ങളിൽനിന്നും നമ്മെ രക്ഷിച്ചതിനെപ്പററിയോർത്തുകൊണ്ടും, അവർണ്ണ്യമായ അനുഗ്രഹസമ്പത്തുകളാൽ നമ്മെ ധന്യരാക്കിയ ദൈവത്തിന്നു്, സദാ കൃതജ്ഞതാസ്തോത്ര

ങ്ങാം അർപ്പിക്കേണ്ടതു് നമ്മുടെ അവശ്യകർത്തവ്യമാണു്. പ്രഭാതത്തിൽ നാം നിദ്രവിട്ടുണർന്നാലുടൻ, പ്രഥമതഃ മുട്ടിൽ നിന്നു് കഴിഞ്ഞ രാത്രിയിൽ സകല വിപത്തുകളിലുംനിന്നു നമ്മെ സംരക്ഷിച്ചതിനും നവമായ ഒരു ദിവസം നല്കിയതിനും ഉപകാരസ്മരണ ചെയ്യണം.

## സ്നേഹം പ്രതിസ്നേഹം

ദൈവത്തിൻെറ പിതൃത്വം എന്ന ആശയം നമ്മെ സ്നേഹംകൊണ്ടും, പ്രത്യാശകൊണ്ടും നിറയ്ക്കുന്നു. ദൈവം സർവ്വനന്മസ്വരൂപനാകകൊണ്ടു് അദ്ദേഹത്തെ നാം സ്നേഹിക്കുന്നു. സർവ്വശക്തനായ ദൈവത്തിൽ നാം പ്രത്യാശ മുഴുവൻ നിക്ഷേപിക്കുന്നു, സർവ്വവല്ലഭനും സ്നേഹസ്വരൂപനുമായ നിത്യപിതാവിൽ നിരുപാധികം നാം പ്രത്യാശ സമർപ്പിച്ചേ തീരൂ. കുട്ടിയുടെ ഭാഗത്തെ സംശയാസ്പദമായ മനസ്സു് സ്നേഹത്തിൻെറ അഭാവമായിക്കരുതപ്പെടും. ലിസിയൂവിലെ ചെറുപുഷ്പം പ്രസ്താവിക്കുന്നതുപോലെ ''പ്രത്യാശയും, പ്രത്യാശമാത്രവുമാണു് നമ്മെ സ്നേഹത്തിലേയ്ക്കു് നയിക്കുന്നതു്.'' (ചെറുപുഷ്പ—കർത്തുകരം.) പിതാവു് കുഞ്ഞിനു് ചില തിക്തഗുളികകൾ കൊടുക്കുമ്പോഴും, കുഞ്ഞു് പിതാവിൽ പ്രത്യാശ വെയ്ക്കണം. ''ദൈവത്തെ സ്നേഹിക്കുന്നവർക്കു്, സകല സംഗതികളും ഒരുമിച്ചു് അവരുടെ നന്മയ്ക്കായിപ്പരിണമിക്കുന്നു.'' (റോമ്മ:8—28).

നമ്മുടെ സ്വർഗ്ഗസ്ഥനായ നല്ല പിതാവു്, എന്തിനാണു് സഹനത്തിനു്മനസ്സായതു്, അഥവാ അനുവദിക്കുന്നതു്? ഇതു് ചിലർക്കു മനസ്സിലാക്കാൻ വിഷമമുള്ള ഒരു വിഷമപ്രശ്നമായിത്തീരുന്നു. എല്ലാ മനുഷ്യസഹനത്തിൻേറയും മൂലകാരണം ദൈവത്തിൽനിന്നുള്ള മനുഷ്യൻെറ വിയോഗമാണെന്ന വസ്തുത നാം ഓർക്കണം. കൂട്ടിയിണക്കപ്പെട്ട ഭാഗങ്ങൾ വേർപെടുത്തപ്പെടുമ്പോഴും, അവ വീണ്ടും സംയോജിക്കപ്പെടാതിരിക്കുമ്പോഴുമാണു് സഹനം അനുഭവപ്പെടുന്നതു്. അതിൻെറ പരിണിതഫലം വേദന—സഹനം ആണു്. എല്ലാ വിധത്തിലുമുള്ള സഹന

ങ്ങളും നമ്മുടെ പിതാവു് നമ്മുടെ നന്മക്കായി വിനിയോഗിക്കുന്നുണ്ടു്. ഭൗതികവും നശ്വരവുമായ വസ്തുക്കളിൽ നിന്നും മനുഷ്യഹൃദയത്തെ വിച്ഛേദിക്കുന്നതിനു് സഹനത്തിനു് കഴിവുണ്ടു്. യാതൊരുപദേഷ്ടാവിനും അഭ്യസിപ്പിക്കാൻ കഴിയാത്തവിധം, സഹനത്തിനു അതിന്റേതായ ഗുണപാഠങ്ങൾ പഠിപ്പിക്കുവാൻ കഴിയും. മററു യാതൊരുപാധിയാലും സാധ്യമാകാത്ത ശക്തിയും ധൈര്യവും പ്രദാനംചെയ്യുവാൻ സഹനത്തിനു് സാധിക്കും. വേദനയും സഹനവും പുണ്യയോഗ്യതാസമ്പാദനത്തിനു് നിദാനമാണു്. വിശുദ്ധ പൗലോസു് ഇതുസംബന്ധിച്ചു് ഇങ്ങനെ അഭിപ്രായപ്പെടുന്നു. ''ഈ കാലത്തിന്റെ പീഡകൾ നമ്മിൽ വെളിപ്പെടുത്താനിരിക്കുന്ന മഹത്വത്തിനു് തുല്യമല്ല എന്നു ഞാൻ വിചാരിക്കുന്നു.'' (റോമാ:8–18) ''ഈ സമയത്തെ ഞെരുക്കം വളരെ നിസ്സാരവും, ലഘുവുമെങ്കിലും, അതു് അനന്തമായ മഹാതേജസ്സിനെ എന്നേക്കുമായി നമുക്കു തയ്യാറാക്കുന്നു.'' (11 കോ: 4–17) ഉദാരമതികളായ ആത്മാക്കളുടെ ഉപകാരത്തിനായി യേശുക്രിസ്തുവിനോടുകൂടി സഹിക്കുന്നവർ, അദ്ദേഹത്തിന്റെ പീഡാസഹനത്തിൽ കുറവുള്ളതിനെ പരിഹരിക്കുകയും, ക്രിസ്തുവിനോടുകൂടി തന്റെ മൗതികശരീരത്തിന്റെ ഗുണീകരണത്തിനായി സംഭാവന ചെയ്യുകയും ചെയ്യുന്നു എന്നു് വി. പൗലോസ്സമർത്ഥിക്കുന്നു. ''നിങ്ങളെക്കുറിച്ചുള്ള പീഢകളിൽ ഞാൻ സന്തോഷിക്കുകയും, മ്ശിഹായുടെ ഞെരുക്കളുടെ കുറവിനെ സഭയാകുന്നഅവന്റെ ശരീരത്തെപ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുകയും ചെയ്യുന്നു.'' (കൊലൊ. 1. 24–25).

നമ്മുടെ സ്വർഗ്ഗീയതാതൻ എല്ലാത്തരം രോഗപീഡകളും, ഞെരുക്കങ്ങളും അനുവദിക്കുന്നതെന്തിനാണു്? ഈ ചോദ്യത്തിന്റെ മറുപടി: 'ആ രോഗപീഡകളാലും, ദുഃഖദുരിതങ്ങളാലും, ക്ലേശിക്കുന്ന അനേക പുത്തമക്കളെ തന്റെ പക്കലേയ്ക്കു് വലിക്കുന്നതിനും, ഈ ലോകത്തിൽ ത്തന്നെ അവർക്കു് കൂടുതൽ സൗഭാഗ്യവും, പരലോക

ത്തിൽ അവർക്കു് ഉന്നതമായ മഹത്വവും നല്കുന്നതിനാണു്, എന്നത്രേ. ഏററം വിസ്മയാവഹമായ വസ്തുത, നരകഭയം അവരെ പാപത്തിൽനിന്നും, നിത്യനാശത്തിൽനിന്നും വിമുക്തരാക്കിയെന്നുള്ളതാണു്. അപ്പൻ താന്തോന്നിയുടെനേരെ വടി നീട്ടുന്നതു്, അവനെ തെററിൽനിന്നും പ്രതിനിവർത്തിപ്പിക്കുന്നതിനാണല്ലോ?

മുൻപിൽ, നോക്കാതെ തന്നിഷ്ടമായി ക്ഷൗരക്കത്തിയെടുത്തു് കൈമുറിച്ചശേഷം, എന്തുകൊണ്ടു് ദൈവമിടപ്പെട്ടു മുറിവുതടഞ്ഞില്ല? എന്നു ദൈവത്തിൻെറ നേരേ കോപിക്കുന്നവരെപ്പോലെ, യുദ്ധവും, മരണവും, എന്തുകൊണ്ടു ദൈവം തടയുന്നില്ല? എന്നു ദൈവത്തിൽ പ്രതീക്ഷയും സ്നേഹവുമില്ലാത്തവർ കോപാവിഷ്ടരായി, ചോദ്യം ചെയ്യാറുണ്ടു്. ഹിററ്ലർ അപ്രതിഹതമായ അഹന്തയാൽ യുദ്ധത്തിൽ എടുത്തുചാടിയിട്ടു്, എന്തുകൊണ്ടു ദൈവം ഇടപെട്ടു്അവനെ നശിപ്പിച്ചില്ല? എന്നു കോപപൂർവ്വം പുലമ്പുന്നവരുണ്ടു്. ദൈവം എല്ലാമനുഷ്യർക്കും സ്വാതന്ത്ര്യമനസ്സുകൊടുത്തിട്ടുണ്ടു്, ആ ദൈവദാനത്തെ നശിപ്പിക്കുക ദൈവവിഹിതമല്ലെന്ന കാര്യം അവർ വിസ്മരിക്കുന്നു. നമുക്കു നേരിടുന്ന അനേക ദുരിതങ്ങൾ മനുഷ്യനിർമ്മിതങ്ങളല്ലാതെ ദൈവനിർമ്മിതങ്ങളല്ലെന്നു നാം മനസ്സിലാക്കുന്നില്ല. ആദം മുതൽ ഇന്നുവരെയുള്ള മനുഷ്യദുരിതങ്ങൾ വർദ്ധിപ്പിക്കുന്നതിനു്, മനുഷ്യരാണു് സഹകരിച്ചിട്ടുള്ളതു്. സ്വർഗ്ഗീയതാതൻ നമുക്കു് പ്രദാനം ചെയ്തിട്ടുള്ള പത്തുകല്പനകൾ വ്യക്തിയുടേയും, സമുദായത്തിൻേറയും, ഗുണോത്കർഷത്തിനായിട്ടാണു്. മനുഷ്യർ അവയെ ലംഘിക്കുന്നതുനിമിത്തം അവർക്കും മററുള്ളവർക്കും അവാച്യമായ വിനകൾക്കിടവരുന്നു. ഒരു കൊച്ചുകുട്ടി മൂർച്ചയുള്ള കത്തി കൈയിലെടുത്തു്, സ്വയം മുറിപ്പെടുത്തുന്നതുപോലെതന്നെയാണു്, നമുക്കു് ദുരദൃഷ്ടങ്ങൾ നേരിടുന്നതിനു് ദൈവം അനുവദിക്കുന്നതു്.

എന്നാൽ, മുടിയന്മാരായ മക്കൾക്കാരണം ഇപ്രകാരം ഒരിക്കൽ ആരംഭിക്കുന്ന അത്യാഹിതങ്ങൾ, അവരുടെ

നല്ല പിതാവു് ഇടപെട്ടു് എന്തുകൊണ്ടു് പ്രതിരോധിക്കു ന്നില്ല. നാം തന്നിഷ്ടപ്രകാരം, ദൈവപ്രമാണങ്ങൾ അവ ഗണിച്ചുകൊണ്ടു് മുന്നേറുമ്പോൾ, ആ ദൈവംതന്നെ നമ്മു ടെ മുന്നേററത്തെ തടയണമെന്നു പറയുന്നതിൻെറ അത്ഥ മെന്താണു്? നാം ഇരിക്കുന്ന കൊമ്പു മുറിച്ചിട്ടു്, വൃക്ഷ ശാഖയോടുകൂടി വീഴാതെ ദൈവം നമ്മെത്താങ്ങണമെന്നു് ഒരു വിഡ്ഢിയെപ്പോലെ ശഠിക്കുകയായിരിക്കും നാം ചെ യ്യുന്നതു്. നമുക്കു വിദ്വേഷം വിതയ്ക്കണം; ദൈവം സമാ ധാനം കൊയ്തുതരികയും വേണം! സെനക്കാ ഒരിക്കൽ ലൂച്ചി ലൂസിനോടു് പറയുകയുണ്ടായി—:മനുഷ്യൻ തനിക്കു തന്നെ തിന്മകൾ പാകംചെയ്യുന്നു. അതുകൊണ്ടു് പല വിപത്തുകളുമുണ്ടാകുന്നതിൽ അത്ഭുതപ്പെടേണ്ട. അപ്രകാ രമുള്ള അനേകം പാചകരെക്കണ്ടാലും!' എന്നു്, എന്നാലും ദൈവം ഏററം നല്ലവനും, ശക്തനുമാകകൊണ്ടു്, മനുഷ്യ രാൽപ്പാകപ്പെടുത്തുന്ന തിന്മകൾ, സ്വന്തം വത്സലസന്താ നങ്ങളുടെ ഉപകാരത്തിനായി, നിശ്ചിതസമയത്തു് നന്മ യാക്കിപ്പകത്തും. സ്വാഭാവിക കാരണങ്ങളാലോ, മനു ഷ്യരുടെ കുതന്ത്രങ്ങളാലോ ഉണ്ടാകുന്ന അത്യാഹിതങ്ങൾ, ദൈവത്തിൽ പ്രത്യാശയുള്ള നല്ല മക്കളുടെ ഗുണത്തിനാ യി ദൈവം പ്രയോജകീഭവിപ്പിക്കുന്നുണ്ടു്. സ്വർഗ്ഗസ്ഥ നായ പിതാവിൻെറ അറിവുകൂടാതെ അവരുടെ ഒരിഴ രോമംപോലും പൊഴിയുകയില്ല. നമ്മുടെ സ്വർഗ്ഗസ്ഥനാ യ താതനോടുള്ള സ്നേഹത്തിൻേറയും, ശരണത്തിൻേറയും ഫലമായി അദ്ദേഹത്തിൽ പ്രത്യാശാഭരിതരായി നമുക്കു് അനുഭവപ്പെടുന്ന തിക്താനുഭവങ്ങൾ, പരിണാമമധുരങ്ങ ളായേ കലാശിക്കൂ. ഈശോമിശിഹായാൽ നാം അഭ്യ സിപ്പിക്കപ്പെട്ടിരിക്കുന്ന പാഠനം ഇതാകുന്നു.

# പശ്ചാത്താപഭരിതമായ സ്നേഹം

മേരിമഗ്ദലേനായെപ്പോലെ പശ്ചാത്താപഭരിതമായ ഒരു ഹൃദയത്താലാണ് നാം ദൈവത്തെ സ്നേഹിക്കേണ്ടതു്. നാം നമ്മുടെ കുററങ്ങൾ വിനീതമായി ഏററുപറയേണ്ട ധൂർത്തന്മാരാണ്. നമ്മുടെ അപരാധത്തെ മറയ്ക്കുക—വ്യാഖ്യാനിച്ചു നിസ്സാരമാക്കുക—ഒഴിവുകഴിവിൻെറ ഒരു പുതിയ തത്വശാസ്ത്രം അവതരിപ്പിക്കുക—ഇതെല്ലാം ചെറിയ മുറിവ് വലുതാക്കുന്നതിനു തുല്യമാണ്. വിശുദ്ധലിഖിതം സാക്ഷ്യം നൽകുന്നതുപോലെ "നിൻെറ അപരാധങ്ങൾ നിന്നെപ്പിടികൂടും" നമ്മുടെ അപരാധങ്ങളെ ഏററുപറഞ്ഞുകൊണ്ട് പരിഹാരമാർഗ്ഗങ്ങളെ അവലംബിക്കുന്നതിനു പകരം അവയെ ഗോപനം ചെയ്യുകയാണെങ്കിൽ, ഭയങ്കരമായ ഒരന്തരീക്ഷം, ഭീകരമായ ഒരു മ്ളാനത, ഉള്ളിൽ സൃഷ്ടിക്കുകയായിരിക്കും പരിണതഫലം. അപരാധബോധമില്ലാത്ത കുററനിഷേധം കൊണ്ട് മാനസിക ക്ലാന്തി വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. നാം കുററം ഏററുപറയുന്നതു്, സൂചികൊണ്ടു്, പഴുത്ത പരുവിലെ ചലം കുത്തിക്കളയുന്നതുപോലെ ആശ്വാസകാരണമാണ്. പാപത്തിൻെറ യഥാർത്ഥകാരണം സമ്മതിച്ച് വേണ്ട പരിഹാരം ചെയ്യുമ്പോൾ, മനഃക്ലേശവും, ഭീതിയും, അപ്രത്യക്ഷമാകുന്നു. ദുഷ്ടമനസ്സാക്ഷി എപ്പോഴും ഭയവിഹ്വലമായ മനസ്സാക്ഷിയായിരിക്കും.

പാപനിവേദനം ചെയ്യുന്നവൻ കൗദാശികമായ കൃപാവരം പ്രാപിക്കുന്നതിനുപുറമേ, മനശ്ശാസ്ത്രപരമായ പല മാനസികരോഗങ്ങളെ സുഖപ്പെടുത്തുകയും, സമാധാന

വും, സൗഭാഗ്യവും കൈവരുത്തുകയും ചെയ്യുന്നു. ആദ്യം സ്വയമായിക്കൾ സമ്മതിച്ച്, ദൈവത്തിന്റെയും പുരോഹിതന്റെയും മുമ്പിൽ ഏറ്റുപറഞ്ഞു്, തക്ക പ്രതിക്രിയകളാൽ പരിഹാരം ചെയ്യുമ്പോൾ അപരാധബോധം തിരോഭവിക്കുന്നു. നനാപ്രകാരത്തിൽ നാം ദ്രോഹിച്ച നമ്മുടെ നല്ല പിതാവിനോട്ട്, ഇപ്രകാരം പശ്ചാത്താപഭരിതമായ സ്നേഹമാണ്് നാം പ്രദർശിപ്പിക്കേണ്ടതു്.

## സ്നേഹത്തിനുപകരം സ്നേഹം

ദൈവം സ്നേഹമുള്ള പിതാവാകുന്നുവെന്നു് ദൈവം നമ്മെ പഠിപ്പിക്കുന്നു. സ്നേഹം സ്നേഹത്താൽ മാത്രമേ സമ്മാനിക്കപ്പെടുന്നുള്ള ദൈവം നമ്മോട്ട് നല്ലവനായിരിക്കുകയും, നമ്മെ വളരെ സ്നേഹിക്കുകയും ചെയ്യുന്നതു് ദൈവത്തിൻെറ പ്രകൃതി നിമിത്തമാണു്. കത്തിക്കാളുന്ന അഗ്നികുണ്ഡത്തിൻെറ ചൂടു് നിയന്ത്രിക്കാൻ പാടില്ലാത്തവണ്ണം, ദൈവത്തിൻെറ സദ്ഗുണാതിരേകം എല്ലാഭാഗത്തേക്കും വ്യാപിക്കുന്നതു് നിയന്ത്രിക്കുവാൻ സാധിക്കുകയില്ല.

ദൈവം മനുഷ്യനെ നിസ്സീമമായി സ്നേഹിക്കുകയും നന്മയെ പ്രദർശിപ്പിക്കുകയും ചെയ്യുന്നതു്, സ്വാർത്ഥോദ്ദേശ്യത്താലോ, മനുഷ്യരിലുള്ള ഏതെങ്കിലും സവിശേഷമായ യോഗ്യതകൊണ്ടോ അല്ല. ''നിത്യമായ സ്നേഹത്താൽ നിന്നെ ഞാൻ സ്നേഹിച്ചു.'' എന്നു്, ജറമ്യായും, മനുഷ്യനെപ്പററി അങ്ങു് ശ്രദ്ധാലുവാകുന്നതിനു് അവൻ എന്താണു് എന്നു സങ്കീർത്തകനും പ്രസ്താവിക്കുന്നു.

നമ്മുടെ സ്വർഗ്ഗീയതാതൻ നല്ലവനാകുന്നു. അദ്ദേഹം അപരിമേയമായ നന്മതന്നെയാകുന്നു. 'ദൈവം ഒരുവനല്ലാതെ മററാരും ഗുണവാനില്ല.''(ലൂക്ക്. 18/19.)എന്നു് ക്രിസ്തുനാഥൻ ഒരിക്കൽ അരുളിച്ചെയ്തു, മനുഷ്യരിൽ നന്മയൊട്ടുമില്ലേ? തീർച്ചയായുമുണ്ടു്,എന്നാൽ മാനുഷികനന്മ കലർപ്പുള്ളതാണു്. ആ നന്മയോടു്, തിന്മ അഥവാ ന്യൂനത ചേർന്നിരിപ്പുണ്ടു്. യാതൊരു മനുഷ്യനെ സംബന്ധിച്ച് അവൻ പരിപൂർണ്ണമായി നല്ലവനാണെന്നോ, അല്ലെങ്കിൽ

നന്മതന്നെയാണെന്നോ പറയാൻ പാടില്ല സൂര്യനിൽനിന്നു് മററു ഗ്രഹങ്ങൾ പ്രകാശം സ്വീകരിക്കുന്നതുപോലെ, നന്മയുടെ ഉത്പത്തിയായ ദൈവത്തിൽനിന്നു് അംശമാത്രമായ നന്മ മനുഷ്യൻ സ്വീകരിക്കുന്നുണ്ടു്. മാനുഷികമായ നന്മ മനോഹരമാണെങ്കിൽ, ദൈവികമായ പരിപൂൎണ്ണനന്മ അപരിമേയമാംവിധം മനോഹരവും, പ്രഭാപൂൎണ്ണവുമാണു്. മാനുഷികനന്മ ദൈവനന്മയുടെ വെറും ഒരു മങ്ങിയ പ്രതിഫലനം മാത്രമാണു്. ''ഏററം നല്ലതും പരിപൂൎണ്ണവുമായ ഏതുദാനവും, ഉന്നതങ്ങളിൽനിന്നു്, യാതൊരു മാററവും, മറിവുമില്ലാത്ത പ്രകാശങ്ങളുടെ പിതാവിൽ നിന്നാണു വരുന്നതു്.'' (ജയിംസ് –1/17)

ദൈവത്തെ അദ്ദേഹത്തിൻെറ ഏററം വലിയ ദാനത്തെപ്രതി നാം സ്നേഹിക്കണം. ദൈവം ഏററം പ്രിയപ്പെട്ട സ്വപുത്രനെ നമുക്കു പ്രദാനംചെയ്തു. ''തൻെറ ഏകജാതനെ നല്കത്തക്കവിധം, ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു.'' (വി.ജോ: 3–16) ഈ ചെറിയവാക്യം എത്ര സമൃദ്ധങ്ങളായ രഹസ്യങ്ങളെയാണു് ഉൾക്കൊള്ളുന്നതു്. മനുഷ്യരക്ഷാരഹസ്യ ദൈവശാസ്ത്രം മുഴുവനും അതു് അടക്കിക്കൊള്ളുന്നുണ്ടു്. ക്രിസ്തുമസ്സ് മധ്യരാത്രിയിലും ദുഃഖവെള്ളിയാഴ്ച മധ്യാഹ്നത്തിലും, ദൈവം അദ്ദേഹത്തിൻെറ ഏററം വിലപ്പെട്ട വചനം, മാംസമാകുന്നതിനും ക്രൂശിക്കുന്നതിനുമായി നല്കി–അതിൽക്കൂടി ദൈവത്തിൻെറ അഗ്രാഹ്യമായ നന്മയെ നാം അറിയുന്നു. വി. അഗസ്റ്റിൻ സ്വതസ്സിദ്ധമായ വാചോവിലാസത്തോടെ പ്രഘോഷിക്കുകയാണു്. സ്വദാസനെ രക്ഷിക്കുന്നതിനുവേണ്ടി സ്വപുത്രനെ ദൈവം മരണവിധേയനാക്കി''എന്നു്.

നമ്മുടെ സ്വൎഗ്ഗീയപിതാവിനെ നാം സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ അപ്രകാരം ചെയ്യുവാൻ യേശുനാഥൻ നമ്മോടാജ്ഞാപിക്കുന്നുണ്ടു്. ഏററവും പ്രഥമമായ കല്പന ഏതാകുന്നുവെന്നു് ഒരു നിയമപണ്ഡിതൻ ഈശോനാഥനെ പരീക്ഷിക്കുവാൻ ചോദിച്ചു. അദ്ദേഹം

ഹൃദയത്തിൻെറ പ്രമാണം തന്നെയായിരിക്കുന്ന നിയമത്തിലെ കല്പനയാവത്തിച്ചുകൊണ്ടു്, ''നിൻെറ കത്താവായ ദൈവത്തെ നിൻെറ മുഴുഹൃദയത്തോടുകൂടി നീ സ്നേഹിക്കുക'' എന്നു് അനുസ്മരിപ്പിച്ചു. (മത്തായി 22–37)

## നാം എപ്രകാരം ദൈവത്തെ സ്നേഹിക്കണം

ദൈവത്തെ സ്നേഹിക്കുന്നതിന്, വികാരത്താൽ ഹൃദയമലിയണം; അഥവാ ശക്തിയായ ഹൃദയസ്പന്ദനമോ, ഐന്ദ്രികാനന്ദമോ അനുഭവപ്പെടണം; അല്ലെങ്കിൽ നമ്മുടെ കപോലങ്ങൾ ആനന്ദത്തിമർപ്പാൽ അരുണവർണ്ണമാകണം, അതുമല്ലെങ്കിൽ നമ്മുടെ വികാരാവേശം പ്രാർത്ഥനാവാക്യങ്ങളിൽപ്പൊട്ടി നിരർഗ്ഗളം നിർഗ്ഗളിക്കണം; ഇങ്ങനെ പലരും പലവിധത്തിൽ മനോരാജ്യം കൊള്ളുന്നുണ്ട്! മററുചിലർ ആവലാതിപ്പെടുന്നതു്, ''ഹോ! എനിക്കെന്തുപററിയെന്നറിയാൻപാടില്ല. മുമ്പ് ഞാൻ ധ്യാനിച്ചിരുന്നപ്പോൾ എൻെറ ഹൃദയം എത്ര സ്നേഹതൃഷ്ണയാൽ ആനന്ദാവൃതമായിരുന്നു! ഇപ്പോൾ അപ്രകാരമൊന്നും തന്നെ എനിക്കനുഭവപ്പെടുന്നില്ല. കഷ്ടം! ഇപ്പോൾ ഞാൻ ദൈവത്തെ വേണ്ടപോലെ സ്നേഹിക്കുന്നില്ലായിരിക്കാം.'' എന്നെല്ലാമാണ്. എന്നാൽ ഇതൊന്നുമല്ല യാഥാർത്ഥ്യം, ചൂടേറിയ ഹൃദയാവേശം ദൈവത്തെ സ്നേഹിക്കുന്നുവെന്നതിൻെറ ഖണ്ഡിതമായ അടയാളമല്ല. നാം ദൈവത്തെപ്പററി വാഗ്മിത്വത്തോടുകൂടി സംസാരിക്കുകയും, ശക്തിയേറിയ വികാരാവേശങ്ങൾക്ക് വിധേയരാവുകയും ചെയ്തേക്കാമെങ്കിലും (അവയൊന്നും) ദൈവത്തെ സ്നേഹിക്കുന്നുവെന്നതിൻെറ സാക്ഷ്യമാകുന്നില്ല. ഇപ്രകാരമുള്ള മാനസികാനുഭവങ്ങളില്ലാത്തവരുടേയും ഹൃദയത്തിൽ, ദൈവസ്നേഹാഗ്നി ഉജ്ജ്വലമായി കത്തിക്കാളുന്നുണ്ടെന്നുള്ളതു് ഒരു വസ്തുതയാണ്.

നമുക്കു് നന്ദിനിറഞ്ഞ ശിശുസഹജമായ ഹൃദയമാണു വേണ്ടതു്. ''നിങ്ങൾ മാനസാന്തരപ്പെട്ടു്, ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ''ദൈവസമക്ഷം, ഒരു ശതായുഷ്മാൻ, ശക്തിഹീനനായ ഒരു ശിശുവും, അതേസമയം പ്രബലനായ ഒരു രാജാവും ആയിരിക്കുവാൻ പാടുണ്ടു്. ദൈവത്തിൻെറ നേരെയുള്ള നമ്മുടെ സ്നേഹത്തിൻെറ സ്പഷ്ടമായ അടയാളം, അദ്ദേഹത്തിൻെറ നേക്കുള്ള നമ്മുടെ പ്രതിനന്ദിയുടേയും ഉത്സാഹപൂർവ്വം സഹിക്കുന്ന ത്യാഗസന്നദ്ധതയുടേയും കണക്കനുസരിച്ചായിരിക്കും, സ്നേഹവും ത്യാഗവും, കൈകോർത്തു് ഇണങ്ങിപ്പോകുന്നതു്. അതുകൊണ്ടു് നാം ദൈവത്തെ സ്നേഹിക്കുന്നതു്, കൃതജ്ഞതാനിർഭരമായ ഹൃദയത്തോടും, ആത്മാർപ്പണം ചെയ്യുന്ന സ്നേഹത്തോടും കൂടിയായിരിക്കണം. ഇങ്ങനെയുള്ള ദൈവസ്നേഹത്തിൻെറ മാനദണ്ഡം, എല്ലാ അളവുകളുടേയും അതിർത്തിവരമ്പുകളെ അതിലംഘിക്കുന്ന അളവിലായിരിക്കണം.

നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ, എല്ലാക്കാര്യങ്ങളിലും നാം ദൈവതിരുമനസ്സു നിറവേററണം. സംശയാസ്പദമായ കാര്യങ്ങളിൽ ദൈവാഭീഷ്ടമറിയുവാൻ പരമാവധി പരിശ്രമിക്കണം. ദൈവഹിതം ഇന്നതാണെന്നറിയുമ്പോൾ, ആ കാര്യങ്ങളിൽ തീർത്തും നാം ദൈവഹിതാനുവർത്തികൾ ആകുകയും വേണം.

## സ്നേഹവും ഭയവും
## കൈകോത്ത്ര കളിക്കുമ്പോൾ

ഒരു കണ്ണാടിയുടെ നിശ്ചിതബിന്ദുവിൽ, സൂര്യകിരണങ്ങളുടെ പ്രകാശവും ചൂടും കേന്ദ്രീകരിക്കാൻ കഴിയുന്നതുപോലെ 'പിതാവു്' എന്ന പദത്തിൽ ദൈവജീവന്റെ എല്ലാ ശക്തിവിശേഷങ്ങളും കേന്ദ്രീകരിച്ചിട്ടുണ്ടു്. നമ്മുടെ ആശയപ്രകാശനത്തിനുള്ള ഭാഷയിൽ, നമുക്കു ഭാവനചെയ്യുവാൻ കഴിയുന്ന എല്ലാ സ്നേഹവും ത്യാഗവും, എല്ലാ സഹായങ്ങളും, ശക്തികളും, എല്ലാ ബഹുമാനവും വിധേയത്വവും 'പിതാവു്' എന്ന വാക്കു് ഉൾക്കൊള്ളുന്നുണ്ടു്. എത്ര വികാരതരളിതമായ രാഗങ്ങളാണു് ഈ പദം നമ്മുടെ ആത്മാവിൽ പ്രതിധ്വനിപ്പിക്കുന്നതു്? ആബാ,— (അബ്ബാ—Abba) പിതാവേ! ഇതു് സ്വർഗ്ഗലോകത്തുനിന്നുള്ള സംഗീതംപോലെ മാറ്റൊലിക്കൊള്ളുന്നു. ആകാശവീഥിയിൽനിന്നുമുതിരുന്ന സ്വാഗതഗാനംപോലെ നമുക്കനുഭവപ്പെടുന്നു.

ഈ പ്രേഷ്ഠപിതാവു്, സർവ്വവല്ലഭനായ ദൈവംതന്നെയാണു്. പരസ്പരവിരുദ്ധങ്ങളായ രണ്ടു ധ്രുവങ്ങൾപോലെ തോന്നാവുന്ന ഈ ദൈവമെന്ന ക്രൈസ്തവാശയം പരിപൂർണ്ണമായി പൊരുത്തപ്പെടുന്നുണ്ടു്. കാരണം: ദൈവം നമ്മുടെ പിതാവായിരിക്കുകയാൽ പരസ്പര വിഭിന്നമായിത്തോന്നാവുന്ന ചിന്തകൾ ദൈവമെന്ന നമ്മുടെ ആശയത്തിൽ സുന്ദരമായി ഒത്തിണങ്ങിച്ചേരുന്നു. അതായതു്. ദൈവഭയവും, ദൈവസ്നേഹവും.

ഒരു കൊച്ചുകുട്ടി അവൻെറ പിതാവിനെ ഒരേസമയംതന്നെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നതുപോലെ, ദൈവത്തിൻെറ മക്കൾ, ദൈവത്തെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നുണ്ട്. പൗരാണിക സിദ്ധോത്തംസമായ അന്തോണീസ് ആബ്ബാ, പറയുകയുണ്ടായി ''ഞാൻ ദൈവത്തെ സ്നേഹിക്കുന്നു; എന്നാൽ ദൈവസമക്ഷം ഞാൻ ഭയവിഹ്വലനാകുന്നില്ല'' യെന്ന്. അതേ ദൈവമക്കൾ ദൈവഭയമുള്ളവരാണ്. അവർ ദൈവത്തിൻെറ മുമ്പാകെ ഭയബഹുമാനങ്ങളോടെ വ്യാപരിക്കുന്നു. ആരുടെ മുമ്പിൽ ദൈവദൂതന്മാർ വേപനം കൊള്ളുന്നുവോ, അദ്ദേഹം ആകാശത്തിൻെറയും ഭൂമിയുടേയും പ്രബലനായ ദൈവമാകുന്നു.

നാം നമ്മുടെ പിതാവിനെ ഉപദ്രവിക്കുന്നതിനു ഭയപ്പെടുന്നു. എന്നാൽ നാം അദ്ദേഹത്തെപ്പററി ഒട്ടും ഭീതിയുള്ളവരല്ല. നാം സ്നേഹിക്കുന്ന വസ്തുവിൻെറ നഷ്ടത്തെ—അഥവാ നാം സ്നേഹിക്കുന്ന യാതൊന്നിൻെറ കേടുപാടിനെ—നാം ഭയപ്പെടുന്നതുപോലെ ദൈവത്തെ നാം ഭയപ്പെടുന്നു. നാം ഒരാളെ എത്രയധികം സ്നേഹിക്കുന്നുവോ, അത്രയധികമായിരിക്കും, ആ വ്യക്തിക്ക് സംഭവിക്കാവുന്ന അത്യാഹിതത്തെയോ മരണത്തെയോപററിയുള്ള നമ്മുടെ ചിന്താകുലത, അഥവാ ഭയം. ''ദൈവഭയം ജ്ഞാനത്തിൻെറ പ്രാരംഭമാകുന്നു'' എന്നത്രേ വി: ലിഖിതം പ്രഖ്യാപിക്കുന്നത്.

ദൈവമഹത്വത്തിൻെറ മുമ്പിൽ നാം സപ്രശ്രയം പ്രണമിക്കുമ്പോൾ, ദൈവത്തിൻെറ ഔന്നത്യം നമ്മെ ഉൽകൃഷ്ടരാക്കുന്നതായും, ദൈവപ്രതാപം നമ്മെ അദ്ദേഹത്തിലേയ്ക്കാകർഷിക്കുന്നതായും നാം കരുതും. നമ്മുടെ സ്വർഗ്ഗീയപിതാവ് പരമപ്രതാപവാനാണ്. എന്നാൽ ആ പരമപ്രതാപത്വം നമ്മെ നിർവീര്യരാക്കുന്നില്ല. ദൈവം അപരിമേയനാണ്, അദ്ദേഹം നമ്മുടെ അല്പത്വം ദർശിക്കുകയും, നമ്മുടെ നേരേ അനുകമ്പാകുലനാകുകയുംചെയ്യുന്നു. നമ്മുടെ ദൈവം പരമോത്കൃഷ്ടനാണ്. എന്നാൽ അദ്ദേ

ഹത്തിൽ, നമുക്കു ഭയാനകമായോ ഭീകരമായോ യാതൊന്നുമില്ല. ദൈവം അപരിമിത സ്നേഹമാകുന്നു. ''ദൈവം സ്നേഹമാകുന്നു.''

ഹോ! ഞാൻ ദൈവത്തെ ഭയപ്പെടുന്നുണ്ട്. എന്നാൽ ഞാൻ അതിലുപരിയായി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ട്. വിശുദ്ധ ആഗസ്തീനോസിനോടുകൂടി ഞാൻ ഉദ്ഘോഷിക്കുകയാണ്: ''ഞാൻ ദൈവസമക്ഷം വിറകൊള്ളുന്നു. എന്നാൽ അദ്ദേഹത്തോടുള്ള സ്നേഹത്താൽ എന്റെ അന്തരംഗം കത്തിക്കാളുന്നു.'' (വി. ആഗു: പാപനിവേദനങ്ങൾ 2/8) എന്റെ ദൈവവണക്കവും, ദൈവഭയവും താളമൊത്തിണങ്ങിയ ഒരു മണിവീണയിലെ സംഗീതംപോലെ പൊരുത്തപ്പെടുന്നുണ്ട്.

ഈ ദ്വിവിധഭാവങ്ങളുടെ— ദൈവഭക്തിയുടേയും ദൈവഭയത്തിന്റെയും— ചിന്താഗതി അഥവാ ചൈതന്യം കത്തോലിക്കാ ആരാധനക്രമത്തിൽ വിശേഷിച്ച് വിശുദ്ധ പൂജാർപ്പണത്തിൽ അദ്യാപി പ്രത്യക്ഷമാകുന്നുണ്ട്. വിശുദ്ധ കുർബ്ബാനയിൽ തിരുവോസ്തിയുയർത്തുമ്പോൾ, നമ്മുടെ അല്പത്വത്തെയും, മഹത്വത്തെയും സംബന്ധിച്ച്, നാം ബോധവാന്മാരാകുന്നുണ്ട്. ആകാശത്തിന്റെയും, ഭൂമിയുടേയും മദ്ധ്യേ ഉന്നമിക്കപ്പെടുന്ന തിരുവോസ്തി യേശുക്രിസ്തുവിന്റെ തിരുശരീരമാകുന്നുവെന്നു നാമറിയുന്നുണ്ട്. അപ്പോൾ നാം സ്നേഹത്താലും ഭയത്താലും ആമഗ്നരാകുന്നുണ്ട്. ആ ദൃശ്യത്തിൽ ദൈവസമക്ഷം മനുഷ്യൻ എത്ര നിസ്സാരനാകുന്നു? എന്നാൽ ആ ഭാഗ്യദർശനത്തിനു് അർഹനായ മനുഷ്യൻ എത്ര മഹാത്മാവാണ്? എന്റെ പാപങ്ങൾ നിമിത്തം ഞാൻ ശൂന്യനാണ്; തന്മൂലം ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. എന്നാൽ എന്റെ പാപമോചനത്തിനും, രക്ഷയ്ക്കുംവേണ്ടി, ദൈവം സ്വപുത്രനെ എനിക്കു നല്കി. അതുകൊണ്ട് ഞാൻ ദൈവത്തെ സ്നേഹിക്കുന്നു. ഹോ! എന്റെ രക്ഷയുടെ വിലയായി ദൈവം സ്വസുതനെത്തന്നെ എനിക്കു തന്നതുകൊണ്ട്, ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ എത്ര അ

മൂല്യനാണ്? വിശുദ്ധ കർബ്ബാനയുടെ അവസരത്തിൽ എൻെറ ആത്മാവ് വികാരവിവശമായി വിറകൊള്ളുന്നു. എന്നാൽ ദൈവപുത്രൻെറ ബലി ഞാൻ വഴിയായി ദൈവത്തിനു സമർപ്പിക്കുകയാൽ, എൻെറ ആത്മാവ് സന്തോഷത്താലും, പ്രതീക്ഷയാലും, സ്നേഹത്താലും കരകവിഞ്ഞൊഴുകുന്നു. അങ്ങനെ അവിശ്വസനീയമായതുതന്നെ സംഭവിക്കുന്നു. അതേ ഞാൻ സന്തോഷാശ്രുക്കൾപൊഴിക്കുന്നതോടൊപ്പം സന്താപാശ്രുക്കൾ പ്രവഹിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധ ആഗസ്റ്റീനോസ് നിസർഗ്ഗസിദ്ധമായ ഭാവനാവൈഭവത്തോടേ, '79'–ാം സങ്കീർത്തനം വ്യാഖ്യാനിക്കുകയിൽ, ദൈവസമക്ഷമുള്ള നമ്മുടെ നിലപാടിനെ താഴെക്കാണുംപ്രകാരം വിശദീകരിക്കുന്നു ''നിനക്കു ദൈവത്തെ മറികടന്നു പോകാൻ ഒരിക്കലും കഴിവില്ല. ദൈവത്തിൻെറ കരുണയാലല്ലാതെ, ദൈവകോപത്തിൽ നിന്നും ഓടി രക്ഷപെടുവാനും നിനക്കു നിവൃത്തിയില്ല. നീ ആ പരാശക്തിയിൽനിന്നും വിദൂരതയിലേയ്ക്കു പറന്നകലാൻ പരിശ്രമിക്കുന്നുണ്ടോ? എന്നാൽ നീ ആ തിരുസന്നിധിയിലേയ്ക്കു തന്നെ പറന്നുകൊള്ളൂ, അല്ലാതെ മറെറാരു പോംവഴിയുമില്ല.''

## പരിവർത്തനാത്മകമായ സ്നേഹം

നാം ദൈവത്തെ സ്നേഹിക്കുമ്പോൾ വെറും ശിശുക്കൾ എന്ന നിലയിൽ നിന്നുയരുകയും, ഒരു വിധത്തിൽ ദൈവത്തെപ്പോലെയാകുകയും ചെയ്യുന്നുണ്ട്. സ്നേഹിക്കുന്നവൻ, ഏതാണ്ട് തന്നിൽനിന്നും ബഹിർഗമിച്ച്, സ്നേഹിതനുമായി സംയോജിക്കുകയും, അവനുമായി താദാത്മ്യപ്പെടുകയും ചെയ്യുന്നു. വിശുദ്ധ അഗസ്റ്റിൻ സ്വാഭാവികമായ പ്രസന്നതയാലും പ്രസാദത്താലും പൂരിതനായി, തന്റെ വ്യാഖ്യാനചാതുരിയാൽ മുദ്രിതമായ ഒരു ഖണ്ഡികയിൽ പറയുന്നു, ''നീ സ്വർഗ്ഗത്തെ സ്നേഹിച്ചാൽ സ്വർഗ്ഗീയനാകും; നീ ഭൂമിയെ സ്നേഹിച്ചാൽ ഭൗതികനാകും; നീ ദൈവത്തെ സ്നേഹിച്ചാൽ, ദൈവികൻ അഥവാ ദൈവമായിപ്പരിണമിക്കും'' എന്ന്. ദൈവം അദ്ദേഹത്തിന്റെ കുഞ്ഞിനെ കൃപാവരംകൊണ്ട്, സ്വാഭാവാതീത തലത്തിലേയ്ക്ക് ഉന്നമിപ്പിക്കുകയും, സ്വച്ഛായയെ അവനിൽപ്പതിച്ചുകൊണ്ട് ദൈവതുല്യനാക്കുകയും ചെയ്യുന്നു.

നമ്മുടെ ദൈവസ്നേഹം പ്രേരണാത്മവും, അതേ സമയം കാര്യക്ഷമവുമായിരിക്കണം. ''കർത്താവേ, കർത്താവേ, എന്നു വിളിക്കുന്നവരല്ല, പ്രത്യുത, ദൈവപ്രമാണങ്ങൾ അനുസരിക്കുന്നവരാണ് ദൈവത്തെ സ്നേഹിക്കുന്നവർ.'' ഒരു പിതാവിന്റെ രണ്ടു പുത്രന്മാരെപ്പററി ഈശോ നല്കുന്ന അന്യാപദേശത്തിൽ, ഒരു പുത്രൻ അപ്പന്റെ കല്പന നിർവ്വഹിച്ചുകൊള്ളാമെന്ന് വാക്കാൽ

സമ്മതിച്ചെങ്കിലും അപ്രകാരം ചെയ്തില്ല. അപരൻ ആദ്യം പിതാവിനെ നിരസിക്കുകയും, പിന്നീട് അതു ശിരസാ വഹിക്കുകയും ചെയ്തു. തന്മൂലം രണ്ടാമത്തെ മകനാണ് സാക്ഷാൽ പിതൃസ്നേഹിയെന്നു മിശിഹായുടെ തിരുവായിൽ നിന്നുതന്നെ വിശദമായി. ദൈവഹിതാനുവർത്തികളായി ജീവിച്ചുകൊണ്ടുവേണം നാം ദൈവസ്നേഹം പ്രസ്പഷ്ടമാക്കേണ്ടതു്.

## സ്നേഹം
## പ്രവൃത്തിപഥത്തിൽ

കൈകൾ കൂപ്പിയിരിക്കുമ്പോൾ മാത്രമല്ല നാം പ്രാത്ഥിക്കുന്നതു്. ഉളിയോ, തൊഴിലുപകരണങ്ങളോ, പേനായോ, പുസ്തകമോ, ചൂലോ ബ്രഷോ പിടിച്ചിരിക്കുമ്പോഴും നാം പ്രാത്ഥിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ കത്തവ്യങ്ങൾ ദൈവഹിതാനുസാരം ചെയ്യുമ്പോഴെല്ലാം നാം പ്രാത്ഥിക്കുകയാണു്. അധരങ്ങൾകൊണ്ടും മനസ്സുകൊണ്ടും മാത്രമല്ല നാം ദൈവത്തെ സ്തുതിക്കുന്നതു്. നാം ജോലിചെയ്യുമ്പോഴും ദൈവത്തെ സ്തുതിക്കുന്നുണ്ടു്. തൊഴിലിനെ പലരും വൈഷമ്യമേറിയ ഒരാവശ്യമായി മാത്രമേ കരുതുന്നുള്ളു. കമ്യൂണിസ്റ്റുകാർ തൊഴിലിനെ ദൈവമാക്കിക്കൊണ്ടു്, മനുഷ്യനെ തൊഴിലിൻെറ അടിമയാക്കുന്നു. പ്ലേറേറാ ഒരു സ്വതന്ത്രപൗരനു് അപമാനകരമായി തൊഴിലിനെ നിണ്ണയിച്ചുവെങ്കിൽ യേശുക്രിസ്തു തൊഴിലിനെ പ്രശംസിക്കുകയും, വിശുദ്ധീകരിക്കുകയും, അതിനു് ഏററം സ്വീകാര്യമായ വില കല്പിക്കുകയും ചെയ്തു. മാത്രമല്ല അദ്ദേഹം തൻെറ ഭൗതികജീവിതത്തിൻെറ മുഖ്യപങ്കും, ഒരു തച്ചൻെറ തൊഴിൽശാലയിൽ കൂലിവേല ചെയ്തുകൊണ്ടും, ബാക്കിഭാഗം അതിലും ദുഷ്കരമായ പ്രയത്നത്തിലും അദ്ധ്വാനങ്ങളിലും ചെലവഴിച്ചുകൊണ്ടും, തൊഴിലിനു് കീത്തിമുദ്ര ചാത്തി. നാം കരചരണങ്ങൾകൊണ്ടോ, നാവുകൊണ്ടോ, അല്ലെങ്കിൽ ബുദ്ധികൊണ്ടോ വേലചെയ്യുന്നുവെന്നതല്ല കാര്യമായിക്കരുതേണ്ടതു്. നാം ദൈവഹിതം നിവ്വിക്കുന്നതിനു് ജോലി ചെയ്തേ തീരൂ, എന്നതാണാവശ്യം.

മനുഷ്യപ്രകൃതിയുടെ നിർണ്ണായകനിയമമായിരിക്കുന്ന വേല, മനുഷ്യപ്രകൃതിയെ ഉപരി ശ്രേഷ്ഠമാക്കുന്നു. കാരണം: വിശ്വത്തെ വിലനിർത്തുന്നതിനായി അവിരാമം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉന്നതനായ ദൈവത്തോടും കഷ്ടപ്പെട്ടു വേലചെയ്തിരുന്ന ഗ്ലീലായിലെ മത്സ്യവേധികളോടുംകൂടി വേലയെ സ്നേഹിക്കുകയും, വേല ചെയ്യുകയുംചെയ്തിരുന്ന യേശുവിനോടും, സാധർമ്മ്യം വഹിക്കുന്നു, എന്നതു തന്നെ.

പാപത്തിനു് ശിക്ഷയായി നിർദ്ദേശിക്കുന്നതിനു് മുമ്പുതന്നെ, വേല, പറുദീസായിലെ നിയമമായിരുന്നു. ''ദൈവമായ കർത്താവു് ആദത്തെ കൂട്ടിക്കൊണ്ടുപോയി ആദേനിലെ തോട്ടത്തിൽ വേലചെയ്യുന്നതിനും, അതു് കാക്കുന്നതിനുമായി അവനെ അതിലാക്കി.'' (സൃഷ്ടി: 2–15) ''നിന്റെ മുഖത്തെ വിയർപ്പോടുകൂടി, നീ നിന്റെ അപ്പം ഭക്ഷിക്കണം.'' (സൃഷ്ടി: 3–19 എന്ന ഖണ്ഡിതമായ കല്പനയുണ്ടായപ്പോഴും, വേല ഒരു ശിക്ഷയെന്നതിനേക്കാൾ, പാപത്തിൽ വീഴാതിരിക്കാൻ ഒരു പ്രതിവിധിയും, ഒരു രക്ഷാകവചവുമായി ഭവിച്ചു. പാപമുണ്ടാക്കിയ മുറിവു് സുഖമാക്കുന്നതിനും, മടിയനായ മനുഷ്യന്റെ ആത്മാവിൽ കടന്നാക്രമിക്കുന്ന വിപൽവിപത്തുകളെ തടയുന്നതിനുമായി, വേല പ്രയോജകീഭവിക്കുന്നു. വേലയിൽ ആത്മസംതൃപ്തിയും, സമ്മാനലാഭത്തിൽ ആനന്ദനിർവൃതിയുമുണ്ടാകുന്നു.'' സമൃദ്ധമായ വേല ഐശ്വര്യമുളവാക്കുന്നു. എന്നാൽ അമിതഭാഷണം നിർദ്ധനത്വമുളവാക്കുന്നു. (സുഭാഷിതം: 14–23) എന്നു സുഭാഷിതകാരൻ പ്രഘോഷിക്കുന്നു.

അതുകൊണ്ടാണല്ലോ പ്രേഷിതനായ വി: പൗലോസു് നമ്മെ ഉദ്ബോധിപ്പിക്കുന്നതു്;–''നിങ്ങൾ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ മറെറന്തുതന്നെയോ, ചെയ്താലും, ദൈവസ്തുതിയെ ലാക്കാക്കിച്ചെയ്യുക'' എന്നു്. (1. കോറ: 10–21) ദൈവഹിതാനുവർത്തിയായി ചെയ്യുന്ന വേല പ്രാർത്ഥനയാകുന്നു. വിശേഷിച്ചു്, അതു് ത്യാഗ

ങ്ങളോടുകൂടിയാണ് നിർവ്വഹിക്കപ്പെടുന്നതെങ്കിൽ അത് കൂടുതൽ ഫലപ്രദമായ പ്രാൎത്ഥനയായിത്തീരുന്നു. പ്രാർത്ഥിക്കുകയും, പ്രവൎത്തിക്കുകയും ചെയ്യുന്നതു് നമ്മുടെ സ്വർഗ്ഗീയ പിതാവിനെ നാം സ്നേഹിക്കുന്നതിൻെറ അടയാളമാണ്.

ദൈവസ്നേഹത്തിൽനിന്നും ഉദ്ഭൂതമാകുന്നതാണ് സഹോദരസ്നേഹം. യഥാൎത്ഥമായി നമ്മുടെ പിതാവിനെ നാം സ്നേഹിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിൻെറ മക്കളെ സ്നേഹിക്കാതിരിക്കാൻ വയ്യാ. നമ്മുടെ പിതാവിനെ പ്പററി നമ്മെപ്പഠിപ്പിച്ച ദൈവപുത്രനായ ഈശോമിശിഹാ തന്നെയാണ്, നാം ഏതുവിധം നമ്മുടെ സഹോദരന്മാരായ മററു മനുഷ്യരെയും, സ്നേഹിക്കണമെന്ന് നമ്മെ പഠിപ്പിച്ചതു്. ''നിന്നെപ്പോലെ നിൻെറ അയൽക്കാരനെ നീ സ്നേഹിക്കണം എന്ന പൗരാണിക യഹൂദ നിയമം,''ഞാൻ നിങ്ങളെ എപ്രകാരം സ്നേഹിച്ചുവോ അപ്രകാരം നിൻെറ അയൽക്കാരനെയും നീങ്ങരം സ്നേഹിക്കണം എന്ന് യേശുക്രിസ്തു മേന്മപ്പെടുത്തി.

## ഈശോയുടെ
## പ്രമുഖമായ ജോലി

ഈശോനാഥൻ ഭൂമിയിലാഗതനായതു് നരവംശ ത്തെ പുനരുദ്ധരിക്കുന്നതിനായിരുന്നു. അദ്ദേഹത്തിൻെറ വിയോഗാനന്തരം ആ ജോലി ഭൂമിയിൽത്തുടരുന്നതിനാ യി, അദ്ദേഹത്തിൻെറ ഏററം വലിയ നേട്ടമായ സ്വർഗ്ഗ രാജ്യമാകുന്ന സഭയെ—തിരുസ്സഭയെ—ഈ ഭൂമിയിൽ അദ്ദേഹം തന്നെ സ്ഥാപിച്ചു. അപ്രകാരം, സജീവനായ മ്ശിഹാ, വി: മത്തായിയുടെ സുവിശേഷം ഇരുപത്തി യെട്ടാമദ്ധ്യായത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ ലോകാവസാനംവരെയും, നമ്മോടുകൂടി ജീവിക്കുന്നു. അ തിലുപരിയായ സുസ്പഷ്ടതയോടെ, തൻെറ പരസ്യപ്ര ബോധനത്തിൻെറ പ്രാരംഭംമുതൽ സമയസീമകാംവരെ സ്വകീയമായ രക്ഷണീയജോലി തുടന്നുകൊണ്ടിരിക്കുമെ ന്നു്, പല പ്രാവശ്യം പരാമർശിച്ചിട്ടുണ്ടു്.

തന്മൂലം അനേക നൂററാണ്ടുകൾക്കു ശേഷവും, യേശു ക്രിസ്തു മനുഷ്യരുടെ ചിന്തയുടേയും, നടപടികളുടേയും മേൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതിൽ ആ ശ്ചര്യത്തിനു് അവകാശമില്ല. ഇരുപതു നൂററാണ്ടുകളെ അതിക്രമിക്കുന്ന വെറും ഒരു ചരിത്രപുരുഷൻെറ സാന്മാർ ഗ്ഗിക സാന്നിദ്ധ്യം മൂലമുള്ള സ്വാധീനശക്തിയെ അതിലം ഘിക്കുന്ന സ്വാധീനമാണു്, ഈശോനാഥൻ കൈയടക്കി യിരിക്കുന്നതു്. ദൈവജീവനിലുള്ള മനുഷ്യരുടെ ഭാഗഭാ ഗിത്വം ഈശോമിശിഹാ ആവശ്യാനുസരണം പ്രദാനം ചെയ്യുകയും, പുനരുദ്ധരിക്കുകയും, വർദ്ധമാനമാക്കുകയും

ചെയ്യുന്നു. ഈ പ്രക്രിയ പ്രധാനമായി നിർവ്വഹിക്കപ്പെടുന്നതു് അദ്ദേഹത്തിൻെറ സഭ വഴിയായിട്ടാണു്.

ദൈവസേവനത്തിനു് സർവ്വാത്മനാ ഒരുക്കമുള്ളവരായി, ക്രിസ്തുവിനാൽ പഠിപ്പിക്കപ്പെടുന്നതിനു് സസന്തോഷം സന്നദ്ധരായി, തൻെറ ചുററും കൂടിയ ഒരു സംഘത്തെ ശിഷ്യപ്പെടുത്തിക്കൊണ്ടു്, തിരുസഭാസ്ഥാപനത്തിനു് ക്രിസ്തുനാഥൻ ബീജാവാപം ചെയ്തു. ലോകൈകഗുരുവിൻെറ ക്ഷണം "അദ്ധ്വാനിക്കുകയും, ഭാരം വഹിക്കുകയും ചെയ്യുന്നവരെല്ലാം എൻെറ പക്കൽ വരട്ടെ! ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." (മത്തായി: 11–18) എന്നായിരുന്നു അദ്ദേഹത്തിൻെറ ബന്ധനം മധുരതരവും, അദ്ദേഹത്തിൻെറ ഭാരം ലഘുതരവുമാണു്. അതിൽക്കവിഞ്ഞ ചുമതലകൾ അദ്ദേഹത്തിൻെറ രാജ്യത്തിലെ പ്രജകൾക്കു് വഹിക്കേണ്ടതായിട്ടില്ല. (....11–30)

ആദ്യശിഷ്യന്മാരിൽനിന്നും ഈശോ, ഒരു രാത്രിയിലെ സുദീർഘമായ പ്രാർത്ഥനയ്ക്കുശേഷം, പന്ത്രണ്ടുപേരെ ആലോചനാപൂർവ്വം വിശേഷവിധിയായി തെരഞ്ഞെടുത്തു. "നിങ്ങളെ ഞാൻ തെരഞ്ഞെടുത്തു: നിങ്ങളല്ല, എന്നെ തിരഞ്ഞെടുത്തതു്." എന്നു് അദ്ദേഹം അവരെ അനുസ്മരിപ്പിച്ചു. "നിങ്ങൾ പോയി ഫലമുളവാക്കണം. നിങ്ങളുടെ ഫലങ്ങൾ നിലനില്പുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു." (ജോൺ: 15–16) ഈ തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടുപേർ ശ്ലീഹന്മാർ (പ്രേഷിതർ) എന്നു വിളിക്കപ്പെട്ടു. അവരുടെ പൊതുവിളിയുടെ ബന്ധനത്താലും, ശിരസാ വഹിക്കേണ്ട കർത്തവ്യത്താലും, അവർ ബോധവാന്മാരായി പരസ്പരം സംഘടിച്ചു്, ഒരു 'സംഘടന' ഒരു 'കോളേജ്' അവർ രൂപവൽക്കരിച്ചു.

ഈ ശിഷ്യന്മാർ ഗുരുവിനോടു് ഗാഢബന്ധം പുലർത്തുകയും, അദ്ദേഹത്താൽ പ്രത്യേകവിധം പരിശീലിപ്പിക്കപ്പെടുകയും ചെയ്തു. അവർ അദ്ദേഹത്തിൻെറ പ്രഭാഷ

ണങ്ങരം ശ്രവിച്ചു; ഉപദേശങ്ങരം സ്വീകരിച്ചു; അത്ഭുത പ്രവൃത്തികരംക്കു് ദൃക്സാക്ഷികളായി. ഒററവാക്കിൽ, അവർ ദൈവരാജ്യത്തിൻെറ രഹസ്യങ്ങളുടെ സ്ഥാപിത താത്പ്പര്യക്കാരായി. ''ദൈവരാജ്യത്തിൻെറ രഹസ്യങ്ങളറിയുവാൻ നിങ്ങരംക്കു് വരം നല്കപ്പെട്ടിരിക്കുന്നു.'' (മാക്കു്: 4–11)

ആധുനിക സന്യാസോചിതമായ ഭാഷയിൽപ്പറയുകയാണെങ്കിൽ, പ്രേഷിതവൃന്ദത്തിനു് നല്കിയ മൂന്നുകൊല്ലത്തെ കടപ്പമേറിയ നവസന്യാസപരിശീലനകാലത്തു്, അഥവാ നൊവിഷ്യററുകാലത്തു്, ഈശോമിശിഹാ ദൈവത്തിൻെറ ദാസനായിട്ടല്ല, ദൈവസുതനായി ദൈവത്തെ പ്രതിനിധീകരിച്ചിരുന്നു. അതുപോലെതന്നെ ശിഷ്യന്മാർ യേശുക്രിസ്തുവിൻെറ പ്രതിപുരുഷന്മാരാകാനുള്ള പരിശീലനം സമ്പാദിക്കുകയും ചെയ്തിരുന്നു.

പ്രതിപുരുഷൻെറ ചുമതലകളെല്ലാം ഈശോമിശിഹാ വിശദമായി അവരെപ്പഠിപ്പിച്ചു. ക്രിസ്തുനാഥൻ സ്വപിതാവിൽനിന്നും എപ്രകാരം ദൗത്യം സ്വീകരിച്ചുവോ, അപ്രകാരം ആ ദൗത്യം സ്വശിഷ്യന്മാക്കു് അദ്ദേഹം ഭരമേല്പിച്ചുകൊടുത്തു. ഈശോമിശിഹായുടെ ജീവിതകാലത്തു്, ഈ പ്രതിനിധികളായ ശിഷ്യന്മാർ, അജപാലന്മാരും, കത്താവിൻെറ മുന്തിരിത്തോട്ടത്തിലെ വേലക്കാരും, എന്ന നിലയിൽ സ്വഗുരുനാഥൻെറ അധികാരം പരിമിതികളോടുകൂടി മാത്രമേ സ്വീകരിച്ചിരുന്നുള്ളു. (മാക്കു്; 6–7) ഗുരുവിൻെറ മരണശേഷം അവർ സകല യോഗ്യതകളും, അവകാശങ്ങളും സമാജ്ജിച്ചു്, യേശുക്രിസ്തുവിൻെറ ഔദ്യോഗികപ്രതിനിധികളുടെ കത്തവ്യങ്ങരം നിവ്വഹിച്ചു. ''നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ, എന്നെ അയച്ചവനെ സ്വീകരിക്കുന്നു,'' (മത്തായി:10–40)

പ്രേഷിതന്മാർ മനുഷ്യരാശിയെ മുഴവൻ, ക്രിസ്തുവിൻെറ സാമ്രാജ്യസീമയിൽ കൂട്ടിച്ചേക്കുവാൻ ആജ്ഞാ

പിക്കപ്പെട്ടിരുന്നു. ''ആകയാൽ നിങ്ങറം പോയി സകലജാതികളെയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവക്കു മാമ്മോദീസാ നല്ലുക.'' (മത്തായി: 28–19) ''എൻെറ പിതാവിൽനിന്നും, ഏതു മഹാകാര്യത്തിനു വേണ്ടി ഞാൻ വന്നിരിക്കുന്നുവോ. ആ മഹാകാര്യത്തിനായിത്തന്നെ ഞാൻ നിങ്ങളെച്ചുമതലപ്പെടുത്തി ലോകത്തിലേയ്ക്കയയ്ക്കുന്നു.'' ഉത്ഥാനത്തിനുശേഷം യേശു സ്വശിഷ്യന്മാരോട് അധികാരപൂവ്വം അരുളിച്ചെയ്തു.

## ക്രിസ്തുസാമ്രാജ്യത്തിൻെറ
## ആടാത്ത അടിത്തറ

യേശുക്രിസ്തു തെരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽനിന്നു് യോനായുടെ പുത്രനായ സൈമനെ തൻെറ ദൈവിക കോളേജിൻെറ പ്രിൻസിപ്പാളായി–മുഖ്യനായി നിശ്ചയിച്ചു. ഒരു സുപ്രാധാനവേളയിൽ 'കേസരിയാ ഫിലിപ്പി'യിൽവച്ചു് പ്രേഷിതസംഘത്തിൻെറ അദ്ധ്യക്ഷൻ എന്ന നിലയിൽ സൈമൺ പീററർ, യേശുക്രിസ്തുവിൻെറ ദൈവത്വത്തെ പരസ്യമായി പ്രഖ്യാപനം ചെയ്തു. തദവസരത്തിൽ ക്രിസ്തുനാഥൻ, സാഘോഷം പ്രതിവചിച്ചു, ''യോനായുടെ പുത്രനായ ശമ്ഓനേ, നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലുള്ള എൻെറ പിതാവല്ലാതെ, ജഡവും രക്തവുമല്ല, ഇതു് നിനക്കു വെളിപ്പെടുത്തിയതു് അതുകൊണ്ടു്, ഞാനും നിന്നോടു പറയുന്നു. ഈ കേപ്പായിന്മേൽ (ഈ പാറമേൽ) എൻെറ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ ബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും. (മത്തായി 16 / 17–19)

ഈശോമിശിഹാ പ്രസ്തുത പ്രസ്താവനയിൽ, പരസ്പര പൂരകങ്ങളായ മൂന്നു സുപരിചിത രൂപകങ്ങളിൽക്കൂടി അദ്ദേഹത്തിൻെറ അഭീഷ്ടം പ്രസ്പഷ്ടമാക്കുന്നുണ്ടു്.

ഒന്നാമതായി തൻെറ സഭയെ പത്രോസാകുന്ന ഉറച്ച പാറമേൽ സംസ്ഥാപിതമായിരിക്കുന്ന ഒരു സൗധത്തോടു സാധർമ്മ്യപ്പെടുത്തുന്നു. രണ്ടാമതായി, ക്രിസ്തുവിൻെറ സഭാഭവനത്തിന്മേലുള്ള ഭരണാധികാരം പത്രോസിനു ഏല്പിക്കുന്നതിനെ സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകളുടെ രൂപകത്താൽ പ്രകാശിപ്പിക്കുന്നു. മൂന്നാമതായി ബന്ധനമോചനങ്ങളെ ദൈവികാംഗീകാരത്താൽ ഉറപ്പിക്കപ്പെടുന്നു. ഔദ്യോഗിക അംഗീകാരത്തിൻെറ പ്രതീകമാക്കിയിരിക്കുന്നു ഇവയെല്ലാം സൈമൻപീററിന്, സഭയിലുള്ള കത്തവ്യങ്ങളെ പ്രകടമാക്കുകയാണ്. അങ്ങനെ സൈമൻ എന്ന വ്യക്തിയെ ഈശോമിശിഹാ സ്ഥാപിച്ച സഭാസൗധത്തിൻെറ ഉറപ്പേറിയ അടിസ്ഥാനമാക്കിയിരിക്കുന്നു. പത്രോസിനാൽ ഏകീകരിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്ത പുതിയ ഇസ്രായേൽ ഭവനം, മിശിഹായുടെ സാമ്രാജ്യശക്തിക്കെതിരായുള്ള യാതൊരു പ്രതിരോധശത്രുവിനാലും—മരണത്തിൻെറയും വിനാശത്തിൻെറയും പ്രതിരോധശത്രുവിനാലും—മരണത്തിൻെറയും വിനാശത്തിൻെറയും പ്രതിരൂപമായ നരകവാതിലുകളാൽപ്പോലും—പരാജയപ്പെടുന്നില്ല. കാരണം: ക്രിസ്തുനാഥനാൽ സംസ്ഥാപിതമായ തിരുസ്സഭ ലോകാവസാനംവരെ നിലനില്ക്കേണ്ടിയിരിക്കുന്നു. (മത്തായി 16: 18–19)

പുതിയ ഉടമ്പടിയിൽ യേശുക്രിസ്തുവിനും, പത്രോസിനും മാത്രം നിർദ്ദേശിക്കപ്പെടുന്ന 'താക്കോൽ' പരമാധികാരത്തിൻെറ അടയാളമാകുന്നു. അപ്രകാരം ഏശയാ പ്രവാചകൻ ''ദാവീദിൻെറ ഗോത്രത്തിൻെറ താക്കോൽ അവൻെറ തോളിൽ ഞാൻ വയ്ക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല. അവനടച്ചാൽ ആരും തുറക്കുകയില്ല, എന്നു പരാമർശിക്കുന്നുണ്ട്. (ഏശയാ–22/22) തന്നിമിത്തം പത്രോസിൻെറ പരമാധികാരം വെറും ബഹുമാനദ്യോതകമല്ല, അതു,പ്രായോഗികമായ നിയന്ത്രണാധികാരമാണ്. അദ്ദേഹത്തിൻെറ മേധാവിത്വം ചോ

ദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത പരിപൂർണ്ണ ഭരണാധികാരമാണ്. ''നീ ഭൂമിയിൽ എന്തുതന്നെ ബന്ധിച്ചാലും അതു സ്വർഗ്ഗത്തിൽ ബന്ധിച്ചിരിക്കും; 'നീ ഭൂമിയിൽ എന്തുതന്നെ മോചിച്ചാലും, അതു സ്വർഗ്ഗത്തിൽ മോചിതമായിരിക്കും.'' എന്ന വാക്കുകളാൽ യേശുക്രിസ്തു പത്രോസിനു കൊടുത്ത അധികാരം ചോദ്യംചെയ്യപ്പെടാൻ പാടില്ലാത്ത പരമാധികാരമാണ്. ആ അധികാരത്തിൻെറ സ്വഭാവവും അടയാളവും, 'കെട്ടുക' 'അഴിക്കുക' എന്ന വാക്കുകളിൽ വിശദമായിരിക്കുന്നുണ്ട്. യഹൂദ റബ്ബികളുടെയിടയിൽ നിലനിന്ന ഭാഷാപ്രയോഗത്തിൽ, നിരോധിക്കപ്പെട്ടവയ്ക്കു 'കെട്ടുക' എന്നും, അനുവദിക്കപ്പെട്ടവയ്ക്കു 'അഴിക്കുക' എന്നും, പറഞ്ഞിരുന്നു. രണ്ടു സംഗതികളിലും മനസ്സാക്ഷിയെ ബന്ധിക്കുന്ന കടമ വഹിക്കേണ്ടിയിരുന്നു. അപ്രകാരം സഭയിലെ എല്ലാ അംഗങ്ങളുടെമേലും ദൈവസമക്ഷം പത്രോസ് അധികാരാധിപത്യം പ്രാപിച്ചിരുന്നു.

പത്രോസിനു വാഗ്ദാനം ചെയ്തിരുന്ന പരമാധികാരം, തൻെറ മഹത്വമേറിയ ഉത്ഥാനത്തിനു ശേഷമാണ് ക്രിസ്തുനാഥൻ ഔദ്യോഗികമായി പ്രദാനംചെയ്തതു്. അങ്ങനെ എന്നന്നേയ്ക്കുമായി അദ്ദേഹം തൻെറ ദൈവികാധികാരം സംസ്ഥാപിച്ചു. പത്രോസിൻെറ മൂന്നുപ്രാവശ്യത്തെ ക്രിസ്തുനിഷേധത്തിനു പരിഹാരമായി, മൂന്നുപ്രാവശ്യത്തെ പരസ്യസമ്മതത്തിനുശേഷം, ഭരണചുമതലയാണ് പത്രോസിനു നല്കിയതു്. ''നീ എൻെറ കുഞ്ഞാടുകളെ മേയിക്കുക; എൻെറ ആടുകളെ മേയിക്കുക; എൻെറ പെണ്ണാടുകളെ മേയ്ക്കുക'' (ജോൺ 21. 15–17) സ്വപിതാവിൻെറ സന്നിധിയിലേയ്ക്കു് ആരോഹണം ചെയ്യേണ്ടിയിരുന്ന നല്ലയിടയനായ ക്രിസ്തു, സ്വന്തം അജഗണത്തെ പത്രോസിൻെറ പരിപാലനത്തിനു ഭരമേല്പിച്ചു. പത്രോസ് അതിനോടെ ഈശോയുടെ പ്രതിപുരുഷനും, ക്രിസ്തുനാഥൻ ഭൂമിയിൽ സ്ഥാപിച്ച ദൈവരാജ്യത്തിൻെറ ദൃശ്യ ഭരണാധിപനുമായി.

ഈ ദൈവസാമ്രാജ്യം കാലസീമകളുടെ അവസാനം വരെ നിലനില്ക്കേണ്ടതാകയാൽ, പത്രോസിനെ ഭരമേല്പിച്ച അജപാലകവൃത്തി, അദ്ദേഹത്തിന്റെ മരണത്തോടുകൂടി അവസാനിക്കുന്നില്ല. ക്രിസ്തുവിന്റെ അജഗണം അജപാലകരഹിതമായോ, അദ്ദേഹത്തിന്റെ തിരുസ്സഭാസൗധം ഉറച്ച അസ്തിവാരമില്ലാത്തതായോ ഇരിക്കുന്ന ഒരു കാലഘട്ടം മനുഷ്യദൃഷ്ടിക്കു വിഷയമാകയില്ലതന്നെ.

പത്രോസ് ഒന്നാമത്തെ പ്രധാനാചാര്യനാണ്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ, മററു ശ്ലീഹന്മാരോടുകൂടി അദ്ദേഹം ആളുകളെ നയിക്കും. (മത്തായി—18/18.) പത്രോസിനോട്കൂടിയുള്ള പ്രേഷിതന്മാർ, പത്രോസുതന്നെ പരമാധികാരിയായിരുന്ന പവിത്രാധിപത്യഭരണകൂടം ശ്ലൈഹികസ്ഥാനികളായ അജപാലകന്മാരോടുചേന്നു വിശ്വാസ ഐക്യത്തിൽ ഭരിച്ചു നടത്തണം.

# ക്രിസ്തുവിൻെറ സഭാഗാത്രം

യേശുക്രിസ്തുവിൻെറ അഭിമതം കീഴ്ഘടകങ്ങളോടു കൂടിയ ഒരു പവിത്രാധികാര മതഘടന, അഥവാ സമുദായം കെട്ടിപ്പടുക്കുകയല്ലായിരുന്നു. അതായതു്, ദൈവികമായ ക്രമീകരണത്തിനു പരിശുദ്ധമായ കീഴ്ഘടകങ്ങളോടുകൂടിയ ഒരു പരിപൂർണ്ണപദ്ധതിയല്ലെന്നർത്ഥം. പ്രത്യുത, ഒരു സമഗ്രമായ ജീവോല്പന്ന മതസംഘടനയായിരുന്നു. ആ മതസമുദായം സജീവമായിരിക്കണമെന്നു, അതിലെ ഓരോ വ്യക്തിയും തനിച്ചും, ഏകോപിച്ചും സജീവമായിരിക്കണമെന്നും, യേശുക്രിസ്തു ഖണ്ഡിതമായി നിശ്ചയിച്ചു്, പ്ലാൻചെയ്തു. ഇതു സാധിക്കണമെങ്കിൽ ഒരു പുതിയ ജീവോല്പാദനശക്തി, അഥവാ, തത്ത്വം—ഒരു പുതിയ ആത്മാവുവേണം. ഈ നൂതനമായ ആത്മാവിനെ സംബന്ധിച്ചാണു്, യേശുക്രിസ്തു മരണത്തിൻെറ തലേരാത്രിയിൽ സ്വശിഷ്യന്മാരോടു പ്രഖ്യാപിച്ചതു്, ''ഞാൻ പോകുന്നതു് നിങ്ങൾക്കു നല്ലതാണു്. ഞാൻ പോകുന്നില്ലെങ്കിൽ പരിശുദ്ധാത്മാവു, (പാറക്ലേത്ത) നിങ്ങളുടെ അടുക്കലേയ്ക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേയ്ക്കു അയയ്ക്കും, അവൻ വന്നുകഴിയുമ്പോൾ, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെക്കുററപ്പെടുത്തും. എനിക്കു്, ഇനിയും നിങ്ങളോടു വളരെപ്പറയാനുണ്ടു്. എന്നാൽ അവ ഗ്രഹിക്കുവാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വന്നു കഴിയുമ്പോൾ അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും........അവൻ സ്വയം പറയു

കയില്ല. എന്നാൽ, അവൻ കേൾക്കുന്നതെല്ലാം പറയുകയും, വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കുകയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നു് എടുത്തു് നിങ്ങൾക്കു കാണിച്ചുതരുന്നതുകൊണ്ടു് എന്നെയും മഹത്വപ്പെടുത്തും.'' (ജോൺ–16/7–14)

ഈ വാഗ്ദാനം ഒന്നാമത്തേ ക്രൈസ്തവപന്തക്കുസ്താനാളിൽ ആശ്ചര്യാവഹമായി പൂർത്തിയാക്കപ്പെട്ടു. ചരിത്രപ്രാധാന്യമുള്ള ആ സുദിനത്തിൽ, എത്ര നിസ്തുലപരിവർത്തനമാണു് ശ്ലീഹന്മാരിലാവിർഭവിച്ചതു്? അടച്ചുപൂട്ടപ്പെട്ട മുറിയിൽ ഒളിച്ചിരുന്ന ഭീരുക്കളായ ഒരു സമൂഹം ശിഷ്യന്മാർ, ഇതാ പൊടുന്നനേ അജയ്യധീരന്മാരായ ക്രിസ്തുമതപ്രബോധകന്മാരായി, അതുല്യപ്രഭാഷകരായി, പ്രത്യക്ഷപ്പെടുന്നു. അന്നുമുതൽ അവർ സ്വജീവരക്തം ചിന്തി, ക്രൈസ്തവവിശ്വാസത്തിനു സത്യസാക്ഷ്യം വഹിക്കുന്നതുവരെ സ്ഥിരചിത്തന്മാരായി നിലകൊണ്ടു. പന്തക്കുസ്താദിനത്തിൽ ദൈവതേജസ്സ്—ദൈവവാണി—ആ നിരക്ഷരകുക്ഷികളായ മത്സ്യവേധികളിൽ ആവസിച്ചപ്പോൾ മുതൽ, എത്ര അത്ഭുതാവഹമായ തത്വജ്ഞാനമാണു് അവരുടെ തുലികത്തുമ്പുകളിൽനിന്നും പുറപ്പെട്ടതു്? ആശ്ചര്യകരവും, ദൈവീകവുമായ രക്ഷാരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന എത്ര വിജ്ഞാനസമ്പത്താണു്, വി: പത്രോസിൻെറയും, വി: യോഹന്നാൻെറയും, സുവിശേഷമായി വി. പൗലോസിൻെറയും, ലേഖനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതു്? മനുഷ്യപാണ്ഡിത്യത്തെ തുലോം അതിശയിക്കുന്ന സ്വർഗ്ഗീയജ്ഞാനമാണു്, ശ്ലീഹന്മാരുടെ പ്രസംഗപരമ്പരകളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്.

അംഗങ്ങളുടെ ഏകോപിച്ചുള്ള ജീവത്സംഘടനയെ അതിലംഘിച്ചു്, തന്നിൽത്തന്നെ അതിൻേറതായ ജീവനുൾക്കൊള്ളുന്ന ഒരു സജീവസമുദായം, അഥവാ, സംഘടന സ്ഥാപിക്കണമെന്നുള്ള ഈശോമിശിഹായുടെ ആശയം വി: യോഹന്നാൻെറ സുവിശേഷം പതിനഞ്ചാമദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മുന്തിരിയും അ

തിൻെറ ശാഖകളുമെന്ന ഉപമാനത്തിൽനിന്നും, സ്ഫടികസ്ഫുടമായും, അവഗാഢമായും, അത്യാകർഷകമായും മനസ്സിലാക്കാം. ''ഞാൻ മുന്തിരിവള്ളിയും, നിങ്ങരം ശാഖകളുമാകുന്നു, നിങ്ങരം എന്നിൽ വസിക്കുവിൻ; ഞാനും നിങ്ങളിൽ വസിക്കും. ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ, ഫലങ്ങരം തരുവാൻ അതിനു തനിയേ കഴിയാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങരംക്കും കഴിയുകയില്ല. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ വളരെ ഫലങ്ങരം പുറപ്പെടുവിക്കും. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങരംക്കു് ഒന്നും ചെയ്യാൻ കഴിയുകയില്ല. (യോഹന്നാൻ–15—4–6) ഈ ഉദ്ധരണി ശ്രദ്ധേയമാണു്. ഈ ഉപമാനം ശരിക്കു മനസ്സിലാക്കുന്നതിനു്, പഴുത്തു പാകംവന്ന മുന്തിരിക്കുലകളാൽ നിബിഡമായ ഒരു മുന്തിരിച്ചെടിയെ നാം വിഭാവനം ചെയ്യണം. ശാഖോപശാഖാഞ്ചിതമായ മുന്തിരിയുടെ തായ്ത്തണ്ടു് നാം കാണുന്നുണ്ടു്. എന്നാൽ, അതിനു ജീവൻ നല്കുന്ന വേരു് അദൃശ്യമായി മണ്ണിൽ മറഞ്ഞിരുപ്പുണ്ടെന്ന വസ്തുത നാം അറിയണം. ഒരു കൊച്ചുകുട്ടിക്കുപോലുമറിയാം വേരിനോടു ചേർന്നിരിക്കുന്ന മുന്തിരിയുടെ ശാഖകരംക്കു മാത്രമേ ഫലം പുറപ്പെടുവിക്കാൻ കഴിയൂ എന്നു്. വിച്ഛേദിക്കപ്പെടുന്ന ശിഖരം കുറേ നാളത്തേയ്ക്കു പച്ച കെടാതിരുന്നാലും, ഉണങ്ങിപ്പോകുമെന്നതു തീർച്ചയാണു്. അപ്പോഴതു്, തീയ്ക്കു് ഭക്ഷണമാകുന്നു. തായ്ത്തണ്ടിനോടു് സജീവമായി ചേർന്നുനില്ക്കുന്ന ശാഖകരംക്കു് വേരും വള്ളിയും വിസ്മയാവഹമായി നല്കുന്ന പോഷകാംശത്തെ പൂർണ്ണമായി ആശ്രയിച്ചിരിക്കുന്ന ശാഖകളിൽ സ്ഥിതിചെയ്യുന്ന അത്ഭുതാവഹമായ വസ്തുവാണു് ജീവൻ. അങ്ങനെ മുന്തിരിയുടെ തായ്ത്തണ്ടിലും, അതിൻെറ ചെറു തണ്ടുകളിലും സ്ഥിതിചെയ്യുന്ന ജീവൻ ഒന്നു തന്നെയാണു്. ദൈവവും മനുഷ്യനുമായ ഈശോമിശിഹായുടെ മനുഷ്യസ്വഭാവംവഴി, അദ്ദേഹത്തിൻെറ

ദൈവജീവനിൽ നാം പങ്കുചേരുന്നതിനുള്ള ദൈവത്തിൻെറ പ്ലാനും, അതു പ്രായോഗികമാക്കുന്നതിനു് ക്രിസ്തുനാഥൻ, അദ്ദേഹത്തിൻെറ തിരുസ്സഭയിൽ ചെയ്തിരിക്കുന്ന സമർത്ഥമായ സംവിധാനവും, ഈ ഉപമാനത്തിൽ, ഒരു ചിത്രത്തിലെന്നവണ്ണം മിഴിവേററു നില്ക്കുന്നു.

ഈ ആശയം വിശദമാക്കുവാൻ വിശുദ്ധ പൗലോസ് മറെറാരു സുന്ദരോപമനമാണു സ്വീകരിക്കുന്നതു്, മനുഷ്യശരീരവും, അതിൻെറ സജീവാവയവങ്ങളും തമ്മിലുള്ള ബന്ധം. ക്രിസ്തുനാഥനെ സഭാഗാത്രത്തിൻെറ ശിരസ്സായും, സജീവവിശ്വാസികളെ അതിൻെറ ചേതനാത്മകങ്ങളായ അംഗങ്ങളായും അദ്ദേഹം താരതമ്യപ്പെടുത്തുന്നുണ്ടു്.

ജീവൻെറ ഉത്ഭവവും, പ്രവത്തനവും നിലനിൽപും, ശിരസ്സിനോടു് അവയവങ്ങൾ ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടോ, തായ്ത്തണ്ടിനോടു് ശിഖരങ്ങൾ ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടോ അല്ല. ജീവോല്പാദനത്തിൻെറ കേന്ദ്രവും, മൂലതത്വവുമായിരിക്കുന്ന ആത്മാവുമായുള്ള അവയവങ്ങളുടെ സജീവ സംയോജ്യതമൂലമാകുന്നുവെന്നതു സുവിദിതമാണു്. യേശുക്രിസ്തു സഭയ്ക്കു നൽകിയ ആത്മാവും, അതുവഴി സഭയുടെ സജീവാംഗങ്ങൾക്കെല്ലാം നൽകിയ ആത്മാവും, പന്തക്കുസ്താ ദിവസം ദൃശ്യരൂപത്തിലയച്ച പരിശുദ്ധാത്മാവാകുന്നു. അത്രയും പരസ്യമായിട്ടില്ലെങ്കിലും, എല്ലാ ജ്ഞാനസ്നാനവേളയിലും, ആ പരിശുദ്ധാത്മാവുതന്നെ നൽകപ്പെടുന്നുണ്ടു്. ഈ പരിശുദ്ധാരൂപിവഴിയാണു്, ക്രിസ്തു പഠിപ്പിക്കുകയും, രോഗം സുഖപ്പെടുത്തുകയും, പാപമോചനം നൽകുകയും, വിശുദ്ധീകരിക്കുകയും, ചെയ്യുക എന്ന അവിടത്തെ അനുഗ്രഹം തുടൻകൊണ്ടിരിക്കുന്നതു്.

ക്രിസ്തു സഭയ്ക്കു നൽകിയിരിക്കുന്ന വലിയ ഉദ്യോഗം ''എല്ലാ ജാതികളെയും പഠിപ്പിക്കുക'' എന്നതാണു്.

''സ്വർഗ്ഗത്തിലും, ഭൂമിയിലും സകല അധികാരവും എനിക്കു് നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ, അവർക്കു് മാമോദീസാ നൽകി, ഞാൻ നിങ്ങളോടു് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെപ്പഠിപ്പിക്കുവിൻ. ഞാനോ, ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ടു്.'' (മത്തായി 28.18–20) ''വിശ്വസിക്കുകയും, മാമ്മോദീസാ സ്വീകരിക്കയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും.'' (മാർക്കോസ് 16–16) അതായതു്, സഭയുടെ അംഗം രക്ഷപ്രാപിക്കും. സഭയുടെ അംഗത്വമില്ലാതെ നിത്യരക്ഷ സ്വന്തമാക്കുക ശക്യമല്ല.

സംസാരസാഗരത്തിലെ വിവിധ സംരംഭങ്ങളിലേപ്പെട്ടിരിക്കുന്ന നരവംശത്തെ നിത്യസ്വർഗ്ഗാനുഭൂതിയിലേക്കും, അനശ്വരവിജയത്തിലേക്കും, കൂട്ടിക്കൊണ്ടുപോകുന്നതായി, ഈശോമിശിഹായെന്ന മഹത്വമേറിയ ദൈവനേതാവിനാൽ നിർമ്മിതവും, പ്രശസ്തിയേറിയതുമായ പ്രസ്ഥാനമാണു് ഈ തിരുസ്സഭ.

# ഭ്രാതൃസ്നേഹത്തിൻെറ നവീന നേതാവ്

നല്ല സമ്രായാക്കാരൻെറ അന്യാപദേശത്തിൽക്കൂടി, യേശുമ്ശിഹാ സഹോദരസ്നേഹത്തിൻെറ ഉറപ്പേറിയ തീട്ടൂരം ഹൃദയസ്പൃശ്കമായ രീതിയിൽ വിളംബരം ചെയ്തു. ഇന്ന് കമ്യൂണിസത്തിൻെറ വളർച്ചയിൽ, കമ്യൂണിസ്റ്റു വിരുദ്ധവലയം സൃഷ്ടിച്ചുകൊണ്ട്, മനുഷ്യൻ മനുഷ്യനെതിരായും, ജാതി ജാതിക്കെതിരായും വിദ്വേഷത്തിൻെറ സമരകാഹളം മുഴക്കുന്നു. കമ്യൂണിസ്റ്റുകാർ ഒരു സമത്വസുന്ദരസ്വർഗ്ഗം ഭൂമിയിൽ സൃഷ്ടിക്കാമെന്നു വീരവാദം ചെയ്യുന്നു. എന്നാൽ ഇന്നു വ്യക്തികളും, ജനതതികളും പരസ്പരം ഭിന്നിച്ച് വർഗ്ഗസമരം നടത്തുന്ന ഒരസമത്വനരകം ഈ ഭൂമിയിൽ സൃഷ്ടിച്ചുകഴിഞ്ഞു. ജനവ്യൂഹങ്ങളും, രാജ്യങ്ങളും, അവരുടെ വംശവിച്ഛേദം വരുത്തുന്ന വിനാശകരങ്ങളായ മാരകായുധങ്ങൾ കണ്ടുഭയന്നു വിറകൊള്ളുന്നു.

ഇന്നത്തെ ഈ തിന്മകൾക്കുള്ള, സർവ്വവിനാശ സംഹാരിയായ പ്രതിവിധിയെന്താണ്? അതു, നല്ല സമ്രയാക്കാരൻെറ അന്യാപദേശത്തിൽ അന്തർലീനമായിരിക്കുന്ന യേശുക്രിസ്തുവിൻെറ സഹോദരസ്നേഹനിയമത്തിൻെറ സൗഹാർദ്ദപൂർവമായ സ്വീകരണവും, സമഗ്രമായ പരിശീലനവും, മാത്രമാണ്.

## ക്രിസ്തുവിനു
## മുമ്പുണ്ടായിരുന്ന സ്നേഹം

ക്രിസ്തുനാഥൻെറ കാലത്തിനുമുമ്പുള്ള മനുഷ്യപരമ്പരയിൽ, സഹോദരസ്നേഹനിഷേധകമായ ആശയമായിരുന്നു നിലനിന്നിരുന്നതു്. തന്നെപ്പോലെ തൻെറ അയൽക്കാരനെ സ്നേഹിക്കണമെന്ന യഹൂദനിയമത്തിൻെറ അനുശാസനം, സ്വന്ത വംശജരെ മാത്രമേ ബാധിക്കയുള്ളു എന്നു് വെറും സങ്കുചിതാത്ഥത്തിൽ അവർ മനസ്സിലാക്കിയിരുന്നു. വിശുദ്ധ പൗലോസ് ഇങ്ങനെ പ്രസ്താവിക്കുന്നു. ''മുമ്പു നാം വിചാരശൂന്യരും, അനുസരണമില്ലാത്തവരുമായിരുന്നു, വഴിതെററിയായിരുന്നു നാം നടന്നിരുന്നതു്. പല ദുരാശകൾക്ക കീഴ്പ്പെട്ടവരും, ദുഷ്ടതയിലും, അസൂയയിലും, വ്യാപൃതരുമായിരുന്നു. നാം പരസ്പരദ്വേഷികളായിരുന്നു. എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിൻെറ കാരുണ്യം വെളിപ്പെടുത്തപ്പെട്ടപ്പോൾ, നാം ചെയ്ത നീതിയുടെ പ്രവൃത്തികൾകൊണ്ടല്ല, ദൈവത്തിൻെറ കരുണ നിമിത്തമുള്ള പുനജ്ജന്മത്തിൻെറ സ്നേഹത്താലും, നമ്മുടെ രക്ഷകനായ ഈശോമ്ശിഹാമൂലം നമ്മുടെ മേൽ സമൃദ്ധമായി ചൊരിഞ്ഞ പരിശുദ്ധാത്മാവിൻെറ നവീകരണത്താലും, ആണ് അവൻ നമ്മെ രക്ഷിച്ചതു്.'' (തെത്തോസ് 3–3–6) 'തലിയോൻെറ' നിയമാവലിയനുസരിച്ചു്, കണ്ണിനുപകരം കണ്ണു്, പല്ലിനുപകരം പല്ലു്, എന്ന യഹൂദസദാചാരമുറ, ഒരു പക്ഷേ അവർക്കു്, ഹമ്മൂറബ്ബിയുടെ ധമ്മ ശാസ്ത്രത്തിൽനിന്നു ലഭിച്ചിട്ടുള്ളതായിരിക്കണം.

പൗരാണിക റോമ്മാക്കാരുടേയും, ഗ്രീക്കുകാരുടേയും ഇടയിൽ സ്നേഹത്തിൻെറ നിയമത്തിനു പകരം ശക്തിയുടെ നിയമം നിലവിലിരുന്നിരുന്നു. ഓരോ വ്യക്തിക്കും ഇഷ്ടംപോലെ ആറോ, ആയിരമോ, മനുഷ്യജീവികളെ അടിമകളാക്കി, മൃഗങ്ങളെക്കാൾ കഷ്ടതരമായി അവരോടു വർത്തിക്കാമായിരുന്നു. നിർഭാഗ്യവതികളായ അനേകം സ്ത്രീജനങ്ങളെ ഭോഗേച്ഛുക്കളായ യജമാനന്മാർ സുഖഭോഗ ജീവിതത്തിനുള്ള കരുക്കളായിരുന്നു. ഭാര്യാപുത്രാദികളുടെ ജീവൻെറയും, മരണത്തിൻെറയും മേൽ അവർക്കു പരമാധികാരമുണ്ടായിരുന്നു.

ദൈവത്തിൻെറ പിതൃത്വവും, മനുഷ്യരുടെ ഭ്രാതൃത്വവുമെന്ന ഈശോമിശിഹായുടെ സ്നേഹോദാര പ്രബോധനം, അദ്ദേഹത്തിൻെറ കാലത്തു് നിലവിലിരുന്ന മാനുഷികമായ അസമത്വങ്ങൾ മുഴുവനും വിപ്ലവാത്മകമായി മാററിക്കൊണ്ടു്, സമുദായത്തിൻെറ ഘടനയിൽ വലിയ വ്യതിയാനം വരുത്തി.

## കിരാതത്വത്തിലേയ്ക്കു മടങ്ങുന്നു?

ഇന്നത്തെ മനുഷ്യകുലം ക്രിസ്തുവിൻെറ പിടിയിൽ നിന്നു തെന്നിമാറി, കമ്യൂണിസ്റ്റ് സഖിത്വത്തിലേയ്ക്കു മുന്നേറുമ്പോാം. ക്രിസ്തുവിനു മുമ്പുള്ള അന്ധകാരമയമായ കടാത്തത്തിലേയ്ക്കു്, മടങ്ങുകയാണു് അഥവാ വഴുതിവീഴുകയാണു് എന്നു സന്ന്യായം പറയേണ്ടിയിരിക്കുന്നു. നാസ്തികരായ കമ്യൂണിസ്റ്റ് സഖാക്കരം, സാധുക്കളെ സഹായിക്കുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും പ്രസംഗങ്ങരം മുഴക്കുന്നുണ്ടു്. അതു് സാധുക്കളുടേയും, തൊഴിലാളികളുടേയും തോളിൽക്കേറിപ്പററി, സ്വേച്ഛരാപ്രഭുക്കളായി സ്വയംഅധികാരത്തിൽ പ്രതിഷ്ഠിക്കുന്നതിനുള്ള കുറുക്കുവിദ്യ മാത്രമാണു്. കമ്യൂണിസ്റ്റ് സഖാക്കരം പരസ്നേഹപ്രേരണയാലെന്ന ഭാവത്തിൽ അദ്ധ്വാനിക്കുന്ന ദരിദ്രരെയും, മർദ്ദിതരെയും, സംഘടിപ്പിക്കാൻ രാപകൽ കിണഞ്ഞു പരിശ്രമിക്കുകയാണു്; എങ്ങനെയും അധികാരത്തിൽക്കേറിപ്പററാനുള്ള വഴിയൊരുക്കൽ! സ്വാർത്ഥതയും സ്ഥാപിത താത്പര്യവും അവരുടെ അന്തരംഗത്തിൽനിന്നും തെകട്ടിത്തെകട്ടിവന്നു്, അധികാരദുർമ്മോഹത്തിനു പ്രേരണ നൽകിക്കൊണ്ടിരിക്കുന്നു. ഓരോ കമ്യൂണിസ്റ്റുകാരനും ഒരു 'സ്റ്റാലിനെ'—ഒരു പരമാധികാരിയെ-ആണു് ഉന്നംവച്ചു പ്രവർത്തിക്കുന്നതു്. നിങ്ങരാക്കു് വിദ്വേഷം വിതച്ചിട്ടു് പരസ്നേഹം കൊയ്യുവാൻ കഴിയുമോ? കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം, വിദ്വേഷിക്കുകയെന്നതു സ്നേഹിക്കുകയെന്നും, സ്നേഹിക്കുകയെന്നതു വിദ്വേഷിക്കുകയെന്നുമാണു പഠിപ്പിക്കുന്നതു്. അവരുടെ

അഭിപ്രായങ്ങളെ എതിക്കുന്നവരെ വെറുക്കുകയും, ഏതു മാഗ്ഗമവലംബിച്ചും അടിച്ചു തകക്കുകയും ചെയ്യണം. ഇത്തരത്തിലാണു കമ്യൂണിസ്റ്റ് സദാചാരമുറകളുടേയും, ധാമ്മികശാസ്ത്രത്തിന്റെയും പോക്ക്. മാറാരോഗികളെ വേദനാരഹിതമായിക്കൊന്നുകളയുന്നതു്, അവക്ക് പരോപകാരപ്രദമായ പുണ്യകമ്മമാണു്, രോഗി യാതനാവിമുക്തനാകുവാൻ ഈ ഘോരകൃത്യം സഹായിക്കുന്നുവെന്നാണു ന്യായം. അപ്രകാരം നിഷ്പ്രയോജനവ്യക്തികളെ തീററിപ്പോററുന്നതിൽനിന്നും രാഷ്ട്രം തീത്തും കത്തവ്യ വിമുക്തവും ആകുന്നു. ഇത്തരം വധമുറകളെ എതിക്കുന്ന എല്ലാ പൗരന്മാരെയും കൊല്ലാം. കമ്യൂണിസ്റ്റല്ലാത്തവരെല്ലാം ഉപദ്രവകാരികളും, തന്മൂലം വധാർഹരുമാകുന്നു എന്ന നിഗമനത്തിൽ എത്തിയിരിക്കുകയാണവർ.

യേശുക്രിസ്തുവിന്റെ ഉപവി–പരസ്നേഹം–ആരെയും ഒഴിവിക്കാതെ എല്ലാവരെയും സമാശ്ലേഷിക്കുന്നു. സമ്പന്നൻ സ്വഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്, ഒട്ടകം സൂചിക്കുഴയിൽക്കൂടികടക്കുന്നതിനെക്കാൾ വൈഷമ്യമുള്ളതാണെന്നു പ്രഘോഷിച്ച ലോകൈകഗുരു, ധനവാന്മാരെ വിദ്വേഷിക്കുവാൻ സമ്മതിക്കുന്നില്ല. മേലിൽ നീ വിധിക്കപ്പെടാതിരിക്കേണ്ടതിനു് നിന്റെ സഹോദരനായ ആരെയും, ധനവാനെയും ദരിദ്രനെയും വിധിക്കരുതു് (മത്തായി 7/1) നമ്മുടെ പ്രാർത്ഥന ''ഞങ്ങളോടു തെററു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കുക'' എന്നല്ലേ? (മത്തായി 6/12).

## നല്ല മനുഷ്യൻ

നല്ല സമ്രായക്കാരൻെറ അന്യാപദേശം ആ കാല ഘട്ടത്തിൽ നിലവിലിരുന്ന നടപടിയെ പാടേ പ്രതി ഷേധിക്കുന്നതിനായിരുന്നു, യേശു നൽകിയതു്. യഹൂദ ന്മാർ അധഃകൃതരായി വെറുത്തിരുന്ന സമ്രായക്കാരിൽ ഒരുവൻ, സ്വജനങ്ങളാലും, ബന്ധുക്കളാലും പരിത്യക്ത നായി മരണവക്ത്രത്തിൽപ്പെട്ടു മുറിവേററു വേദനിക്കു ന്ന ഒരു യഹൂദനെക്കാണുന്നു. തത്ക്ഷണംതന്നെ ആ അധഃകൃതൻ ആപത്തിലകപ്പെട്ട ആ അഭിജാതനു് പ്രഥമ ശുശ്രൂഷ നല്കുന്നു. പിന്നീടു് കഴിവതും വേഗത്തിൽ സമീപസ്ഥമായ ഒരു സത്രത്തിൽ അവനെക്കൊണ്ടുചെ ന്നാക്കുന്നു. ആ വ്രണിതനെ സശ്രദ്ധം പരിചരിക്കുന്ന തിനും പരിപാലിക്കുന്നതിനുമായി സത്രപാലകൻെറ പ ക്കൽ പണമേല്പിക്കുന്നു. കൂടുതൽ എന്തെങ്കിലും ചെലവു വേണ്ടിവരുന്നപക്ഷം മടക്കയാത്രയിൽത്തന്നുകൊള്ളാമെ ന്നു വാഗ്ദാനവും ചെയ്യുന്നു. ഈ അന്യാപദേശത്തിലൂ ടെ ഈശോ പ്രബോധിപ്പിക്കുന്നു. ''നിങ്ങളും അപ്രകാ രം ചെയ്യുവിൻ'' എന്നു്. (ലൂക്കാ. 10–37) ഇതാണു് മാതൃകാപരമായി അനുഷ്ഠിക്കേണ്ട സഹോദരസ്നേഹത്തി ൻെറ തീർപ്പുപട്ടയം.

യേശുക്രിസ്തു''സ്റ്റോയിക്കു''കളുടെ പ്രബുദ്ധവും, ആത്മ സംയമനോന്മുഖവുമായ സ്നേഹംകൊണ്ടോ, ബുദ്ധഭിക്ഷു ക്കളുടെ നിർവ്വാണോന്മുഖമായ ആർദ്രതകൊണ്ടോ സംതൃപ്ത നാകുന്നില്ല. നിർദ്ധനരായ പന്ത്രണ്ടു് മത്സ്യോപജീവിക ളുടെ പാദങ്ങരം കഴുകുന്ന നരദൈവമായ ക്രിസ്തുനാഥൻെറ മാതൃകയാണു് നാം അനുകരിക്കേണ്ടതു്. ''നിങ്ങളെപ്പോ

ലെ നിങ്ങളുടെ അയൽക്കാരെ സ്നേഹിക്കുക" എന്ന പൗരാണികനിയമത്തെ യേശുക്രിസ്തു വ്യത്യാസപ്പെടുത്തിക്കൊണ്ടു്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളുടെ അയല്ക്കാരെ സ്നേഹിക്കുക" എന്ന പുതിയ കല്പന കൊടുത്തു. "സ്നേഹിതനുവേണ്ടി സ്വജീവിതം ബലിയർപ്പിക്കുന്നതിൽക്കവിഞ്ഞ സ്നേഹമില്ല" എന്നു പ്രസ്താവിച്ച യേശു, നരവംശത്തിനുവേണ്ടി യഥാർത്ഥത്തിൽ സ്വജീവനെ ഹോമിച്ചു. അപ്പോൾ, ക്രൈസ്തവസഹോദരസ്നേഹത്തിനു് അതിരുവയ്ക്കുവാൻ പാടില്ല എന്നു സ്പഷ്ടമാകുന്നു. "ഒരു മൈൽ ദൂരം ചെല്ലുവാൻ നിന്നെ നിർബ്ബന്ധിക്കുന്നവനോടുകൂടി. രണ്ടു മൈൽ പോവുക; നിന്നോടു് വായ്പ വാങ്ങാനിച്ഛിക്കുന്നവനെ തിരസ്കരിക്കരുതു്; 'നിന്റെ അയൽക്കാരനെ സ്നേഹിക്കുക, നിന്റെ ശത്രുവിനെ ദ്വേഷിക്കുക' എന്നു പറയപ്പെട്ടിരിക്കുന്നതു്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു് പ്രതിഫലമാണുള്ളതു്." (മത്തായി.5.41-46)

## സ്നേഹത്തിൻെറ മതം

യേശുക്രിസ്തുവിൻെറ മതം—ക്രൈസ്തവമതം— സ്നേഹത്തിൻെറ മതമാകുന്നു. ''നിങ്ങൾക്ക് പരസ്പരസ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എൻെറ ശിഷ്യരാണെന്നു് എല്ലാവരുമറിയും'' (യോഹ: 13–35) ക്രൈസ്തവമതമാകുന്ന മഹാ സൗധം, ദൈവസ്നേഹവും പരസ്നേഹവുമാകുന്ന രണ്ടു് ബലിഷ്ഠമായ തൂണുകളിന്മേൽ നിലയുറപ്പിച്ചിരിക്കുന്നു. ഏററവും വലിയ കല്പന ഏതാകുന്നുവെന്ന ചോദ്യത്തിനു്, ക്രിസ്തു, രണ്ടാമത്തെ പ്രമാണമായ പരസ്നേഹം, ഒന്നാമത്തെ പ്രമാണത്തിനു് തുല്യമാണെന്നുദ്ബോധിപ്പിച്ചു. ''നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണഹൃദയത്തോടുകൂടിയും, നിൻെറ പൂർണ്ണാത്മാവോടുകൂടിയും, നിൻെറ സർവ്വശക്തിയോടുകൂടിയും, നിൻെറ പൂർണ്ണമനസ്സോടുകൂടിയും നീ സ്നേഹിക്കണം. (മത്തായി; 22;37–39) ഇതാണു് ക്രൈസ്തവമതത്തിലെ രണ്ടു് മൗലികമായ പ്രബോധനങ്ങൾ. ഈ രണ്ടു മൗലികമായ പ്രബോധനങ്ങൾ, ഈ രണ്ടുതരം സ്നേഹവും—ദൈവസ്നേഹവും, സഹോദരസ്നേഹവും, ഇല്ലാത്ത ഒരു ക്രൈസ്തവൻ ക്രിസ്തുവിൻെറ അനുയായിയെന്നു വിളിക്കപ്പെടുവാൻ അയോഗ്യനാണു്.

ഈശോനാഥൻെറ ഉപദേശമനുസരിച്ചു, മനുഷ്യരോടുള്ള സ്നേഹം, ദൈവസ്നേഹത്തിൻെറ പ്രായോഗികവശമാണു്. അതു് ദൈവസ്നേഹമെന്ന ഉറവിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന അരുവിയാണു്. ഭ്രാതൃസ്നേഹം, എന്ന പദം അർഹിക്കുന്ന വിധം അന്വർത്ഥമാകണമെങ്കിൽ അതു ദൈവസ്നേഹമെന്ന പരിശുദ്ധമായ ഉല്പത്തിയിൽ

നിന്നും പുറപ്പെടണം. സ്ഫടികസങ്കാശയമായ ഭ്രാതൃസ്നേഹം, സ്വാത്ഥതാല്പര്യമാകുന്ന ചെളിവെള്ളവുമായി കൂടിക്കലരാതിരിക്കാൻ നാം ശ്രദ്ധാലുക്കളായിരിക്കണം.

അയൽക്കാരൻ ക്രൈസ്തവനാകട്ടെ, അല്ലാത്തവനാകട്ടെ, അവൻ ദൈവത്തിൻെറ ഛായയിലും, സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. എല്ലാവരുടേയും, ആരംഭവും, അവസാനവും,ഒന്നത്രേ. എല്ലാവരെയും നാം ദൈവത്തെപ്രതി സ്നേഹിക്കണം. ദൈവത്തോട് ഏററം ബന്ധപ്പെട്ടവരെയും, തന്നെത്തന്നെയും, കൂടുതൽ സ്നേഹിക്കണം. അങ്ങനെ മാതാപിതാക്കളെയും, ബന്ധുജനങ്ങളെയും മററുള്ളവരെക്കാരം അധികമായി സ്നേഹിക്കണം. ഇങ്ങനെ ഒരു ക്രൈസ്തവൻ, മാമ്മോദീസാമൂലം ദൈവത്തിൻെറ ദത്തുപുത്രനും, ഈശോമിശിഹായുടെ സഹോദരനും, പ്രസാദവരം മൂലം സ്വാഭാവാതീതജീവനാലും കൂദാശകളാലും, പരിപോഷിതനും, ഒരേ സ്വഭാവാതീതമഹത്ത്വത്തിനായി നിർദ്ദിഷ്ടനുമായിരിക്കുകയാൽ മററുള്ളരേക്കാരം കൂടുതൽ സ്നേഹിക്കപ്പെടണം.

തൻെറ അയൽക്കാരനെ ഉപദ്രവിക്കുന്നവൻ ദൈവത്തെ സ്നേഹിക്കുന്നില്ല. ബലി സമർപ്പിക്കുന്നവൻ തൻെറ അയൽക്കാരനുമായി അപ്രീതിയിൽ വത്തിക്കുന്നുവെങ്കിൽ അവൻെറ പൂജോപഹാരം സ്വർഗ്ഗസ്ഥനായ പിതാവ് സ്വീകരിക്കുകയില്ല. ''നീ ബലിപീഠത്തിങ്കൽ നിൻെറ വഴിപാട് കൊണ്ടുവരികയും, നിൻെറ സഹോദരൻ നിന്നോട് എന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിക്കുന്നുവെന്നു് അവിടെവച്ച് നീ ഓർക്കുകയും ചെയ്താൽ നിൻെറ വഴിപാട് ആ പീഠത്തിൽ വച്ചശേഷം, നീ ചെന്നു് ഒന്നാമതായി സഹോദരനോട് സമാധാനപ്പെടുക.'' (മത്തായി: 5–23–24) വീണ്ടും, ''ചെറിയവരായ എൻെറ ഈ സഹോദരന്മാരിൽ ഒരുത്തനു് നിങ്ങരം ചെയ്തപ്പോരം,എനിക്കു തന്നെയാകുന്നു ചെയ്തതു്.'' (മത്തായി 25–40)

## സ്നേഹവും സ്വസ്നേഹവും

ക്രൈസ്തവസ്നേഹമെന്നാൽ എന്താണ്? അത് അത്ഥമാക്കുന്നത്, ദാനധമ്മം ചെയ്കയെന്നു മാത്രമാണോ? നിനക്കുള്ളതെല്ലാം വിററ് ദരിദ്രക്കു ദാനം ചെയ്യുക! ബിഷപ്പ് ഫുറാംട്ടൻഷീൻ പറയുന്നു, ദാനധമ്മം ചെയ്കയെന്നതു് സ്നേഹത്തിൻെറ ഒരംശമാകുന്നു. എന്നാൽ സ്നേഹം അതിലുപരിയായ ഒരു വസ്തുതയാണ്. ബിഷപ്പ്ഷീൻ തുടരുന്നു, സ്വസ്നേഹത്തിൻെറ പൂണ്ണമായ നിമ്മാജ്ജനത്തിലും, അന്യരെ അപഹരിക്കുകയും ഞെരുക്കുകയും ചെയ്ക എന്ന കിരാതപ്രവണതയെ നിയന്ത്രണാധീനമാക്കുന്നതിലുമാകുന്നു സ്നേഹത്തിൻെറ അന്തസ്സത്ത സ്ഥിതിചെയ്യുന്നതു്. നമ്മിൽ ഏററവും പ്രേരണ ചെലുത്തുന്നതും, പ്രഥമവുമായ ഒരു വാസനയാണ് സാർത്ഥത. ആ സ്വാർത്ഥതയെ അടിച്ചമത്തുന്നതിലത്രെ സ്നേഹം കുടികൊള്ളുന്നുന്നതു്. കണ്ണിൽക്കാണുന്ന സകല വസ്തുക്കളിലും കടന്നുപിടിക്കുന്നതിൽ ഒരു കൊച്ചുകുട്ടിയുടെ (സ്വാത്ഥം)സ്നേഹം മുഴച്ചുനില്ക്കുന്നതായി നമുക്കു് കാണാം. അവനു് ഒരു ചിന്തയേയുള്ളു, എല്ലാവരും അവൻെറ കാര്യത്തിൽ ശ്രദ്ധാലുക്കളായിക്കൊള്ളണമെന്നു്. അതാണു് നൈസർഗ്ഗികമായ സ്വാർത്ഥത അഥവാ അഹംഭാവം, ഈ അഹംബുദ്ധിയെ—ഞാൻ, ഞാൻ, എന്ന സ്വാത്ഥചിന്തയാകുന്ന സങ്കുചിതബുദ്ധിയെ— ബഹിഷ്കരിച്ചുകൊണ്ടു്, മററുള്ളവരുടെ ആവശ്യങ്ങളും, താല്പര്യങ്ങളും സാധിച്ചുകൊടുക്കുന്നതിനു്, നമ്മെ പ്രേരിപ്പിക്കുന്ന ശക്തിവിശേഷമാണു് സ്നേഹം.

സ്നേഹിക്കുക എന്നു പറയുന്നതു്, മററുള്ളവരോടു് കരുണാപൂർവ്വം വർത്തിക്കുകയും, അവരുടെ അവശതകളെയും കുറവുകളേയും സഹിക്കുകയുമാകുന്നു. ഭൂതദയാലു, നിസ്സാര കാര്യങ്ങളെ പർവ്വതീകരിക്കയില്ല; അപവാദവ്യവസായ ത്തിലേർപ്പെടുകയില്ല. വലിയ ഒരു പരിധിവരെ, നാം ആക്കിത്തീർക്കുന്നതാകുന്നു ലോകം. നാം കൊടുക്കുന്നതു് അതേ നാണയത്തിൽ നമുക്കു് തിരിച്ചുകിട്ടാതിരിക്ക യില്ല. ബിഷപ്പു്ഷീൻ പ്രസ്താവിക്കുന്നതുപോലെ, 'അ ധികമാളുകളും വഞ്ചകന്മാരാണെന്നാണു്, നമ്മുടെ വിശ്വാ സമെങ്കിൽ, എന്തിനത്ഭുതപ്പെടുന്നു, നാം അത്രമാത്രം വ ഞ്ചകരെ കണ്ടുമുട്ടുന്നതിൽ.' എന്നാൽ അധികമാളുകളും ന ല്ലവരെന്ന ധാരണയോടുകൂടി, ലോകത്തിൽ നാം സഞ്ച രിക്കുകയാണെങ്കിൽ, നാം നിരന്തരം നല്ലവരുമായിട്ടായി രിക്കും സമ്പർക്കം പുലർത്തുന്നതു്. മററുള്ളവർ കണ്ണാടി പോലെയാണു്. ആ കണ്ണാടിയിൽ നാം നമ്മുടെ ഛായ തന്നെ പ്രതിഫലിച്ചുകാണുന്നു. ക്രൈസ്തവസ്നേഹം അ വകാശപ്പെടുന്നതു്, നമ്മുടെ അന്തരംഗത്തിൽ പ്രവഹിക്കു ന്ന നാശകരമായ സ്വാർത്ഥതയുടെ ചാൽ പ്രതിരോധിക്കു കയും, ഏതാണ്ടു് അജയ്യമായി നമ്മിൽ പ്രവർത്തിക്കുന്ന വികാരാവേശങ്ങളെ കടിഞ്ഞാണിട്ടു് മാനവരാശിയുടെ ഉപകാരത്തിനായി ഫലപ്രദമാക്കുകയും, ചെയ്യണമെന്നാ ണു് വീണ്ടും, സ്നേഹത്തിൻെറ വിവക്ഷ. നമ്മുടെ സ്വസ് നേഹമാകുന്ന ഉറുംക്കോട്ടയിൽനിന്നും, വിശാലവും, പ്ര ശോഭിതവുമായ ദൈവസ്നേഹത്തിൻെറ ലോകത്തിലേ യ്ക്കു് ബഹിർഗമിക്കുകയെന്നതാണു്.

## ആനന്ദവും ആഹ്ളാദവും

യേശുക്രിസ്തുവിൻെറ സുവിശേഷചൈതന്യം, ആഹ്ളാദവും ആനന്ദവും വിപാടനം ചെയ്യുകയോ, ഉത്സാഹവും ഉന്മേഷവും നശിപ്പിക്കുകയോ അല്ല ചെയ്യുന്നതു്. സുവിശേഷാസൂത്രണത്തിൽ എല്ലാത്തിനും അതതിൻെറ സ്ഥാനമുണ്ടു്. ദൈവരാജ്യം തങ്ങളിലും, മററുള്ളവരിലും വ്യാപിപ്പിക്കുന്നതിനു വേണ്ട എല്ലാ സംവിധാനങ്ങളുടേയും സുന്ദരമായ കേദാരമാണതു്. ഉന്മേഷരഹിതവും, നിർജ്ജീവവുമായ 'പ്യൂരിട്ടൻ' വീക്ഷണം, തിരുസ്സഭാസമക്ഷം ശാപയോഗ്യമാണു്. സന്തോഷവും, ആനന്ദവും, വേലയും, വേദനയുമെല്ലാം നിറഞ്ഞു ഐഹികജീവിതം വേറൊരു പരമോത്കൃഷ്ടജീവിതത്തിനുള്ള മാഗ്ഗമായി ഉപയോഗപ്പെടുത്തണം. ഓരോ വ്യക്തിക്കും അവനവൻെറ വേലകളോടുള്ള താത്പര്യവും, ന്യായയുക്തമായ ഐശ്വര്യകാംക്ഷയും, മററുള്ളവക്കു് ഉപദ്രവകരമാകാതെ വികസിപ്പിക്കുവാൻ അവകാശമുണ്ടു്. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിക്കുകയെന്നതു് സ്നേഹിക്കുകയാകുന്നു.

ഏററം ഉത്കൃഷ്ടമായ വേല, ദൈവരാജ്യ വിസ്തൃതിക്കുവേണ്ടിയുള്ള വേല അഥവാ സ്നേഹപൂർണ്ണമായ സേവനമത്രേ. അമത്ത്യമായ വ്യക്തിത്വത്തിൻെറ വികസനം, സനാതന സത്യങ്ങളെപ്പററിയുള്ള ജ്ഞാനസമ്പാദനം ആത്മാവിലുള്ള ദൈവച്ഛായയുടെ രൂപവത്കരണം, എന്നിവയെക്കാരം അതിശ്രേഷ്ഠമായ വസ്തുതകരം അ

ചിന്ത്യമാണു്. സൃഷ്ടികത്താവായ ജഗത്പിതാവിനെ അറിയുകയും സ്നേഹിക്കുകയും, ചെയ്യുന്നതിനു് മററുള്ളവരെ സഹായിക്കുകയെന്നതു്, സഹോദരസ്നേഹത്തിൻെറ പാരമ്യമാകുന്നു. സ്വസഹോദരനെ നിത്യഭാഗ്യം പ്രാപിക്കാൻ സഹായിക്കുന്നതു്, തന്നെത്തന്നെ സഹായിക്കുകയാകുന്നു. ഒരാത്മാവിനെ രക്ഷിക്കുന്നതു്, തൻെറ ആത്മാവിനെ രക്ഷിക്കുക തന്നെയത്രെ.

ഇന്നു് ഭൗതികസംസ്കാരങ്ങളും, ആധുനികസുഖസൗകര്യങ്ങളും, ഊഹാതീതമായി വദ്ധിച്ചിട്ടുണ്ടു്. എന്നിട്ടും അവയ്ക്കു് ഇന്നത്തെ ലോകത്തെ സൗഭാഗ്യപൂണ്ണമാക്കാൻ സാധിച്ചിട്ടില്ല. ക്രിസ്തീയമായ ഉപവിയും, നന്മയും, അതേ, സ്നേഹവും ധാമ്മികത്വവും കുറവായിരുന്നു. ബിഷപ്പ് ഷീൻ പറയുകയാണു്, ഒരു മാന്യൻ പല ഷോപ്പുകളിലും അനഘമായ ഒരു മയക്കുമരുന്നന്വേഷിച്ചു നടന്നു. അതായതു്, ഒരു കനകഹൃദയമായിരുന്നു അയാളുടെ ആവശ്യം. വല്ല പുരാതന കടകളിലുമന്വേഷിക്കുവാൻ മററുള്ളവർ അയാളെ ഉപദേശിച്ചു. ഇതിനെപ്പററി പണ്ഡിതവരേണ്യനായ ബിഷപ്പ് വ്യാഖ്യാനിച്ചു പറയുകയാണു്, ''ഒരു സ്വണ്ണഹൃദയം, ദീനദയാലുത്വവും, സ്നേഹവും നിറഞ്ഞ ഹൃദയം ഇക്കാലത്തു് വളരെ വിരളമാണു്. ഇന്നു് അതു് വിസ്മൃതമായ പൗരാണിക വസ്തുക്കളുടെ കൂട്ടത്തിൽ കരുതപ്പെടുന്നു. ഇന്നു് നമുക്കു് സ്വണ്ണം ലോകത്തിൽ വളരെയധികമുണ്ടു്: ഈ ലോകത്തിലുള്ള സ്വണ്ണം, അമ്പതുമൈൽ നീളത്തിലും, ഇരുപതടി വീതിയിലും, ഒരിഞ്ചു കനത്തിലും ഒരു റോഡുമുഴുവൻ സ്വണ്ണനിബിഡമാക്കാനും മാത്രമുണ്ടെന്നു കണക്കാക്കിയിട്ടുണ്ടു്. ഇത്രയധികം സ്വണ്ണം ലോകത്തിലുണ്ടെങ്കിലും നരവംശത്തിനു് സൗഭാഗ്യം കൈവന്നിട്ടില്ല. ഇനിയും സ്വണ്ണം ഇപ്പോഴുള്ളതിൻെറ ഇരട്ടിയാക്കിയാലും, ഒരുപക്ഷേ, നൂറുമടങ്ങു വദ്ധിച്ചാലും, അതിൻെറ പേരിൽ ലോകം സൗ

ഭാഗ്യമനുഭവിക്കുകയില്ല. എന്നാൽ മനുഷ്യർക്കു കനകതുല്യമായ ഹൃദയങ്ങളുണ്ടായിരിക്കുകയും, പരസ്പരസ്നേഹം വർദ്ധമാനമാകയും ചെയ്താൽ, മനുഷ്യരാശി കൂടുതൽ സൗഭാഗ്യവും, സമാധാനവും അനുഭവിക്കുകയും, അവരുടെ ആത്മാവു് പ്രശാന്തതയിൽ നിറയുകയും ചെയ്യും.

# വിശാലമായ സ്നേഹം

ആധുനിക യാന്ത്രികജീവിതം കൂടുതൽ മാനുഷികം അല്ലെങ്കിൽ കരുണാർദ്രം, ആകണമെങ്കിൽ നാം നല്ല സമ്പ്രദായത്തിന്റെ സൗമനസ്യതൈലം ധാരാളമായി പ്രവഹിപ്പിക്കണം. അങ്ങനെ ചെയ്യുന്നതു്, നമുക്കു കാപ്പി കൊണ്ടു വന്നുതരുന്ന ഭൃത്യനോടു നന്ദി കാണിക്കുമ്പോഴും, അവന്റെ പാചകവൃത്തിയെപ്പററി അവനെ പുകഴ്ത്തുമ്പോഴും, ഭാരം വഹിക്കുന്നവനെ സഹായിക്കുമ്പോഴും, വീട്ടുജോലിയിൽ നാം അവശരാകുമ്പോഴും നമ്മുടെ കൂലിവേലക്കാർക്കും, ആശ്രിതർക്കും, കാലവിളംബം വരുത്താതെ സസന്തോഷം നാം കൂലി കൊടുക്കുമ്പോഴും, ദുഃഖാർത്തരെ നാം സഹതാപപൂർവ്വം സമാശ്വസിപ്പിക്കുമ്പോഴും, നമ്മോടു തന്നെ കശ്ശനമായും, മററുള്ളവരോടു ദയാപൂർവ്വമായ വിട്ടുവീഴ്ചയോടുകൂടിയും പെരുമാറുമ്പോഴും, ഒററ വാക്കിൽപ്പറഞ്ഞാൽ, യേശുക്രിസ്തുവിൽനിന്നും നാം പഠിച്ചിട്ടുള്ള ദീനദയാലുത്വവും, നന്മയും, മുൻനിറുത്തി പ്രവർത്തിക്കുമ്പോഴുമാണു്.

സ്വയംപരിത്യാഗം അർത്ഥമാകുന്ന ഔദാര്യവും, സന്മനസ്സും കൂടാതെ മനുഷ്യജീവിതത്തെപ്പററി ചിന്തിക്കുവാൻ പോലും സാധിക്കുകയില്ല. ത്യാഗവും സ്നേഹവും കൂടാതെ സാക്ഷാത്തായ സംസ്കാരം സംപ്രാപ്തമാകുകയില്ല. ''ആത്മാവിന്റെ സംസ്കാരം, സംസ്കാരത്തിന്റെ ആത്മാവാകുന്നു.'' മനുഷ്യരെല്ലാവരും അഹംഭാവികളായിട്ടാണു് ജാതരാകുന്നതു്. എന്നാൽ സന്മനസ്സും, സ്നേഹവും, ഹൃദയങ്ങളെ ആനന്ദിപ്പിക്കുകയും, ഭാരങ്ങളെ ലഘൂകരിക്കുകയും ചെയ്യും. 'സാം' എന്നു പേരുള്ള ഒരമേരിക്കൻ

ഡ്രൈവർ, വിനയാന്വിതനും ദീനദയാലുവുമായിരുന്നതുകൊണ്ട്, അയാളുടെ വണ്ടിയിൽക്കയറുന്ന ഏതു മ്ലാനചിത്തനെയും, ഭിന്നമാനസനെയും ആഹ്ലാദചിത്തനും, ആനന്ദചിത്തനുമാക്കുമായിരുന്നതുകൊണ്ട് 'സാം' ഓടിക്കുന്ന വണ്ടിയും പ്രതീക്ഷിച്ച് യാത്രക്കാർ കാത്തുനില്ക്കുക പതിവായിരുന്നു.

## ഉപവി സാംക്രമികമാകുന്നു

സ്നേഹം പിന്നോട്ടു കുതിക്കുക, മാത്രമല്ല, മുന്നോട്ടു ഗമിക്കുക അഥവാ സംക്രമിക്കുകകൂടി ചെയ്യുന്നു. ഒരമേരിക്കൻ നഗരാധിപൻ ഒരു ഗ്രാമത്തിൽക്കൂടി സഞ്ചരിക്കുകയായിരുന്നു. തകർന്ന ജനലുകളും, ആടിനില്ക്കുന്ന മേൽക്കൂരയുമായി നിലകൊള്ളുന്ന ഒരു പഴഞ്ചൻ ചെററക്കുടിൽ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു. വീട്ടിൽ വേഗമെത്തേണ്ട അത്യാവശ്യമുണ്ടായിരുന്നതിനാൽ അദ്ദേഹം ദ്രുതഗതിയിൽ വണ്ടിയോടിച്ചുകൊണ്ടുപോയി. എന്നാൽ ആ ചെറിയ കുടിലിൻെറ കാഴ്ച അദ്ദേഹത്തിൻെറ മനസ്സാക്ഷിയെ മർദ്ദിച്ചിരുന്നു. അടുത്തദിവസം പ്രഭാതത്തിൽ അയാൾ ആ സ്ഥാനത്തു മടങ്ങിച്ചെന്നപ്പോൾ, രണ്ടു കുട്ടികളോടുകൂടിയ ഒരു വിധവയെ വളരെ ദയനീയ നിലയിൽക്കണ്ടു. ശീതകാലവും സമീപിച്ചിരുന്നതിനാൽ അയാൾക്കു് അവരെ സഹായിക്കണമെന്നു് നിർബ്ബന്ധമായി. അടുത്തുണ്ടായിരുന്ന ഒരാശാരിയുടെ പക്കൽച്ചെന്നു് കുറേപ്പലകകളും, ആണികളും ആവശ്യപ്പെട്ടു. അവർ രണ്ടുപേരും ഒരുമിച്ചുവന്നു് ജനലുകൾ നന്നാക്കി. എന്നാൽ മേൽക്കൂട്ടും മേച്ചിലും ഉലഞ്ഞിളകിയിരുന്നു. ഇതു കണ്ടുകൊണ്ടുനിന്ന അയൽവാസികൾ സത്വരം സഹായത്തിനെത്തി. താമസംവിനാ ഗ്രാമവാസികളൊന്നടങ്കം സഹായഹസ്തം നീട്ടി. തദ്ദേശവാസികളായ ഭവന നിർമ്മാണ കമ്പനിക്കാർ സന്നദ്ധസേവനം നൽകി. ഇതാ ഉപവി സാംക്രമികമാകുന്നു. ഒരാഴ്ചയ്ക്കുള്ളിൽ ഏതാണ്ടു് ഇരുനൂറോളം പേർ ആ നിർദ്ധനകുടുംബത്തിനുവേണ്ടി സൗജന്യ സേവനമർപ്പിച്ചു. സമീപത്തുള്ള ഒരു ഹോട്ടലുടമ വേലക്കാർക്കു ഭക്ഷണം വ്യഥാ

നൽകി. മൂന്നാഴ്ചകൊണ്ടു്, ആടിയുലഞ്ഞുനിന്ന ആ ചെ റെറക്കുടിലിൻെറ സ്ഥാനത്തു്, രണ്ടായിരം ഡോളർ വി ലവരുന്ന നല്ലയൊരു ചെറുഭവനം നിലകൊണ്ടു. ആ വീ ടിനു ചുററുമുണ്ടായിരുന്ന പുൽത്തകിടികഠം നിരത്തപ്പെ ട്ടു. സസ്യങ്ങളാലും പുഷ്പലതാദികളാലും ആകർഷക മായ ഒരാരാമം ആ ഗൃഹത്തിൻെറ മനോഹാരിതയ്ക്കു മാററു കൂട്ടി. ആ സംരംഭത്തിൽ പങ്കുകൊണ്ട എല്ലാവരേയുമുദ്ദേ ശിച്ചു്, അവസാന ഞായറാഴ്ച ഉല്ലാസഭരിതമായ ഒരുത്സ വം കൊണ്ടാടി, എല്ലാവരും കൃതകൃത്യരാവുകയും ചെയ്തു. തങ്ങഠം ചെയ്ത ത്യാഗത്തെപ്പററി ആരും ചിന്തിച്ചതേയി ല്ല. ആ വിധവയും അവളുടെ രണ്ടു പിഞ്ചോമന മക്കളും, നല്ല സമ്രായക്കാരായ മിത്രങ്ങളാൽ സമ്മാനിക്കപ്പെട്ട പുതുവസ്ത്രങ്ങളും ധരിച്ചു് ആഹ്ലാദപൂർവ്വം അവരുടെ ആ അ ഭിനവ ഭവനത്തെപ്പററി ശ്രദ്ധാലുക്കളായപ്പോഠം എല്ലാവ രും ആനന്ദാശ്രുക്കഠം പൊഴിച്ചു.

# ഉപസംഹാരം

യേശുക്രിസ്തു ചരിത്രത്തിൽ അനുപമേയനായ അദ്വിതീയ നേതാവാകുന്നു. നിഷ്ക്കളങ്കരും, ആവേശഭരിതരുമായ ഇത്രയധികം അനുയായികളാൽ നിരന്തരം അനുഗമിക്കപ്പെട്ടു്, മനുഷ്യ വ്യവഹാരങ്ങളിലിടപെട്ടു്, ഇത്ര രക്ഷാകരമായ വ്യതിയാനങ്ങൾ സൃഷ്ടിച്ച മറെറാരു നേതാവുമില്ല. യേശുക്രിസ്തു അനശ്വരനായ സാർവത്രിക നേതാവാകുന്നു. അദ്ദേഹം മനുഷ്യരാശിയെ ദൈവത്തിങ്കലേയ്ക്കു നയിക്കാനായി മനുഷ്യനായവതരിച്ച ദൈവമാകുന്നു. അദ്ദേഹം നമുക്കു ദൈവത്തോടും, നമുക്കു് പരസ്പരവുമുള്ള സത്യമായ ബന്ധം എന്തെന്നു് പഠിപ്പിച്ച ജഗദ്ഗുരുവാകുന്നു. ഭൂസ്വർഗ്ഗങ്ങളുടെ സൃഷ്ടാവായ ദൈവം നമ്മുടെ പിതാവാകുന്നു. എല്ലാ മനുഷ്യരും തുല്യനിലയിൽ അദ്ദേഹത്തിൻെറ മക്കളാണു്. നമ്മുടെ ഈ സ്വർഗ്ഗീയ പിതാവിനെ നാമെല്ലാവരും ശിശുതുല്യമായ നിഷ്ക്കളങ്കതയോടെ സ്നേഹിക്കുകയും, അനുസരിക്കുകയും, യേശുവിനെപ്പോലെ ആ പരാശക്തിയിൽ നമ്മുടെ പ്രത്യാശ മുഴുവനും നിക്ഷേപിക്കയും വേണം. നല്ല സമ്രായക്കാരനായ ഈശോ എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി സ്വജീവനെ ബലി സമർപ്പിച്ചതുപോലെ എല്ലാ മനുഷ്യരും ദൈവത്തിൻെറ മക്കളായിരിക്കുകയാൽ എല്ലാവരേയും ത്യാഗപൂർവ്വം സ്നേഹിക്കേണ്ടവരാണു്. ഇപ്രകാരം മനുഷ്യരാശി ദൈവസ്നേഹം, മനുഷ്യസ്നേഹം എന്നീ ഇരുവിധത്തിലുള്ള ഉപവി അഭ്യസിച്ചിരുന്നുവെങ്കിൽ നമുക്കു് ഇന്നത്തേക്കാൾ തുലോം മെച്ചപ്പെട്ട ഒരു ലോകമുണ്ടാകുമായിരുന്നു.

16153

# നേതാക്കന്മാരുടെ നേതാവ്

ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കമിതാണ്.

ക്രിസ്തുനാഥൻെറ ദിവ്യോപദേശങ്ങളെപ്പററിയുള്ള സമഗ്രമായ ഒരു പഠനം. ക്രിസ്തുവിനെ നേതാക്കന്മാരുടെ നേതാവായി അദ്വിതീയ നേതാവായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ ജീവിതവും, പ്രബോധനങ്ങളും, ലളിതമായും, ആകർഷകമായും ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. സുവിശേഷ ഗ്രന്ഥങ്ങൾ പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു പ്രവേശികയും, പഠനം തുടരുന്നവർക്ക് ഒരു പഠന സഹായിയുമാണീ ഗ്രന്ഥം.

ഇതിനൊക്കെ ഉപരി ധാർമ്മീക മൂല്യങ്ങളിലും, ആദ്ധ്യാത്മീകോല്ക്കർഷത്തിലും, അഭിനിവേശവും, ആഭിമുഖ്യവുമുള്ള ആർക്കും വിലപ്പെട്ട ഒരു നിധിയുമാണീ ഗ്രന്ഥം.

വില: രൂ. 5—00

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്,
കോട്ടയം — 686001.

# നേതാക്കന്മാരുടെ നേതാവ്

ഫാ. സർഗീസ്സ്. സി.എം.ഐ



/232
8AR

Indic Digital Archive Foundation
gpura.org